
ലക്കം 11-12 പുസ്തകം 15
2020 സെപ്റ്റംബർ - ഒക്ടോബർ
അക്ഷരകൈരളി
ഗാന്ധിജിയും കേരളവും
കോവിഡ് കാലത്തെ സാക്ഷരതാദിന ചിന്തകൾ
സെപ്റ്റംബർ 8 ലോകസാക്ഷരതാദിനം

ലക്കം 11-12 പുസ്തകം 15
സെപ്റ്റംബർ - ഒക്ടോബർ 2020

# അക്ഷരകൈരളി

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
അക്ഷരം, പേട്ട ബോയ്സ് സ്കൂളിനുസമീപം, പേട്ട. പി.ഒ, തിരുവനന്തപുരം-24
Phone – 0471-2472253, 2472254 Fax – 0471-2462252
E-mail –aksharakairali2017@gmail.com,
stateliteracymission@gmail.com
website: www.literacymissionkerala.org




**ലേഖനം**
ദേശീയ വിദ്യാഭ്യാസനയം
വിമർശനാത്മക വിലയിരുത്തൽ
**ഡോ.ടി.ഗീനാകുമാരി** .......................... 24

സ്വദേശാഭിമാനി കെ.രാമകൃഷ്ണപിള്ള
**മുതുകുളം മോഹൻദാസ്** ................... 46

06 ഗാന്ധിജിയും കേരളവും
**ടി.കെ.നാരായണദാസ്**

കോവിഡ് കാലത്തെ
സാക്ഷരതാദിന ചിന്തകൾ
**ഡോ.കാവുമ്പായി ബാലകൃഷ്ണൻ** 12







**ഫീച്ചർ**
പ്രായത്തെ പിന്നിലാക്കി
അക്ഷരങ്ങളെ ചേർത്തുപിടിച്ച്
**കെ.വി.രതീഷ്, സി.കെ.പ്രദീപ് കുമാർ** 31

**പുസ്തകപരിചയം**
പെയ്തൊഴിഞ്ഞ കണ്ണീർമഴ
**മോഹൻ തോമസ്** ...............40

18
**സംഭാഷണം**
പ്രബുദ്ധകേരളത്തെ
രൂപപ്പെടുത്തിയത്
അനൗപചാരിക
വിദ്യാഭ്യാസം
**പ്രൊഫ.എം.കെ.സാനു/**
**ഡോ.സുമി ജോയി**





**കഥ**
കുഞ്ഞന്നാമ്മയുടെ വിരുന്നുകൾ
**സനിത അനൂപ്** ..................................................... 50

**കവിത**
ഉച്ച ഒഴിവ്
**ഡോ.അശ്വതി എ.വി** ............................................ 38

അക്ഷരകൈരളി
**എൻ.എസ്.സുമേഷ്കൃഷ്ണൻ** ............................. 54

**സിനിമ**
സീ യു സൂൺ
അടച്ചിട്ട കാലത്തെ സിനിമാ മാതൃക
**എൻ.പി.മുരളീകൃഷ്ണൻ** ....................................... 28


എഡിറ്റർ **ഡോ.പി.എസ്.ശ്രീകല**
പ്രിന്റിങ് & അഡ്മിനിസ്ട്രേഷൻ **ഡോ.ജെ.വിജയമ്മ**
കോ-ഓർഡിനേറ്റർ **ഇ.വി.അനിൽ**
അസിസ്റ്റന്റ് എഡിറ്റർ **ഷൈമി.ഇ.പി**
ഡിടിപി & ലേഔട്ട് **കളർ ട്രാക്ക്**
വര **കബിത മുഖോപാധ്യായ**

പത്രാധിപസമിതി
**ഡോ.കാവുമ്പായി ബാലകൃഷ്ണൻ**
**ടി.കെ.നാരായണദാസ്**
**ഡോ.കെ.വി.കുഞ്ഞികൃഷ്ണൻ**
**വി.മാധവൻപിള്ള**
**ഡോ.എം.എ.അസ്കർ**

*അക്ഷരകൈരളിയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെ ആശയങ്ങളും അഭിപ്രായങ്ങളും ലേഖകരുടേതുമാത്രമാണ്.*

# പ്രതികരണങ്ങൾ




## 'ഞാനുമൊരു വർണപട്ടമായിരുന്നു...'

കോവിഡ് കാലത്ത് അടച്ചിട്ട വീടുകളിലിരുന്ന് ടിവിക്കുമുമ്പിൽ ചടഞ്ഞുകൂടിയ മലയാളികളധികവും മൂളിനടന്ന ഒരു പരസ്യജിംഗിളാണ് 'ഞാനുമൊരു വർണ പട്ടമായിരുന്നു...' എന്നത്. സ്ക്രീനിൽ ഉത്സാഹത്തോടെ പട്ടം പറത്തുന്ന ആ മുത്തശ്ശി 'സുഡാനി ഫ്രം നൈജീരിയ' എന്ന സിനിമയിലൂടെ മലയാള സിനിമാ പ്രേക്ഷകർക്ക് പ്രിയങ്കരിയായ സാവിത്രി ശ്രീധരനാണ്. അമ്പതുവർഷത്തിലധികമായി മലയാള നാടകവേദിയിലെ നിറസാന്നിധ്യമായിരുന്ന സാവിത്രിക്ക് കിട്ടാതിരുന്ന അഭിനന്ദനപ്രവാഹവും അംഗീകാരവും കിട്ടാൻ ഒരു സിനിമ വേണ്ടിവന്നു. സാവിത്രിയുടെ ഭാഷയിൽ പറഞ്ഞാൽ 'ലോകം കീഴ്മേൽ മറിഞ്ഞതുപോലെ'.

അരങ്ങിൽ മികവുറ്റ അഭിനയ മുഹൂർത്തങ്ങളിലൂടെ കാണികളെ അതിശയിപ്പിക്കുന്ന അഭിനേത്രികൾ നാടകവേദിക്കു പുറത്ത് തീവ്രമായ ജീവിത യാഥാർഥ്യങ്ങളുടെ ആഴക്കടലിലേക്കാണ് എടുത്തെറിയപ്പെടുന്നതെന്ന് ആരുമറിയുന്നില്ല. പലരും അരങ്ങുപകർന്നുനൽകുന്ന ഊർജത്തിൽ ജീവിതവും നാടകവും തിരിച്ചറിയാനാവാതെ ഒഴുകിക്കൊണ്ടിരിക്കുന്നു.

സാവിത്രി ശ്രീധരന്റെ ജീവിതാനുഭവങ്ങൾ പകർത്തിയ 'അരങ്ങു നൽകിയ അനുഭവതീക്ഷ്ണത' മികച്ച വായനാനുഭവമായിരുന്നു. എത്രയധികം പ്രതിസന്ധികളെ മറികടന്നാണ് 'നാടകനടികൾ' ജീവിതനാടകത്തിൽ അഭിനയിച്ചു മുന്നേറുന്നതെന്ന് സാവിത്രി ശ്രീധരന്റെ ജീവിതകഥ നമ്മോടു പറയുന്നു.

സിനിമയിൽ പുതിയ അവസരങ്ങൾ വന്നുകൊണ്ടിരിക്കുമ്പോഴും സാവിത്രിയുടെ മനസിൽ ആർത്തിരമ്പുന്നത് അരങ്ങാണ്. എല്ലാ വിഷമങ്ങളെയും മാറ്റിനിർത്തി അരങ്ങിലേക്ക് ഓടിയെത്തിയ നാളുകളാണ് തനിക്ക് കരുത്തേകുന്നതെന്ന് സാവിത്രി പറയുമ്പോൾ അവർ പറയാതെ പറയുന്നുണ്ട് 'എല്ലാം നാടകമാണെന്ന് ഞങ്ങൾക്ക് തിരിച്ചറിയാനാവുന്നുണ്ടെ'ന്ന്. അഭിനയവേദിയിൽ അത്ഭുതങ്ങൾ സൃഷ്ടിച്ച് ഇനിയും മുന്നേറാനാവട്ടെ എന്നാശംസിക്കുന്നു.

**മണികണ്ഠൻ.ടി**
കാഞ്ഞിരപ്പള്ളി

## രേഖയും ബെന്യാമിനും

മലയാള എഴുത്തുകാരിൽ ഒഴിവാക്കാനാവാത്ത രണ്ടു പേരുകളാണ് കെ.രേഖയുടെയും ബെന്യാമിന്റെയും. ചെറുപ്പം മുതലേ എഴുത്തിനെ തപസ്യയായി കൂടെ കൊണ്ടുനടക്കുന്ന എഴുത്തുകാരിയാണ് രേഖ. ലോക്ക്ഡൗൺ കാലത്ത് എഴുതിയ അങ്കമാലിയിലെ മാങ്ങാക്കറിയും നിന്റെ അപ്പവും വീഞ്ഞും എന്ന കഥ അവതരണം കൊണ്ടും പ്രമേയം കൊണ്ടും ശ്രദ്ധേയമായിരുന്നു. യാദൃശ്ചികമായി എഴുത്തുകാരനായ ബെന്യാമിന്റെ 'ആടുജീവിതം' ഉൾപ്പെടെയുള്ള കൃതികൾ വായനക്കാരെ ഒറ്റയിരുപ്പിൽ വായിച്ചുതീർക്കാൻ പ്രേരിപ്പിക്കുന്നവയാണ്. ഈ രണ്ട് എഴുത്തുകാരെയും അടുത്തറിയാൻ സഹായിച്ച അക്ഷരകൈരളിക്ക് അഭിനന്ദനങ്ങൾ.

**അനിത**
വെഞ്ഞാറമൂട്

എഡിറ്റോറിയൽ

# ലോകസാക്ഷരതാദിനവും ഗാന്ധിജയന്തിയും

ഇക്കൊല്ലത്തെ ഗാന്ധിജയന്തി ഇന്ത്യക്കുപൊതുവിലും കേരളത്തിന് സവിശേഷമായും കൂടുതൽ പ്രസക്തമാണ്.

മതനിരപേക്ഷതയ്ക്കുവേണ്ടി നിലകൊണ്ടതിനാൽ കൊല്ലപ്പെട്ട മഹാത്മാവിന്റെ ആശയങ്ങൾ രാജ്യത്ത് പിന്നെയും പിന്നെയും കൊലചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഇന്ത്യയുടെ സവിശേഷതയായ ബഹുസ്വരത വെല്ലുവിളി നേരിടുന്നു. ഹിന്ദുത്വതീവ്രവാദത്തിന്റെ ഈറ്റില്ലമായി ഇന്ത്യയെ വ്യാഖ്യാനിക്കാൻ ചരിത്രത്തെ ഉൾപ്പെടെ ദുരുപയോഗിക്കുന്നു. ഇത്തരം പ്രവണതകളുടെ പാരമ്യത്തിലാണ് ഇത്തവണ ഗാന്ധിജിയുടെ ജന്മദിനം.

മതതീവ്രവാദത്തിൽ നിന്ന് മതനിരപേക്ഷരാഷ്ട്രത്തെ സംരക്ഷിക്കുക എന്ന വലിയ ഉത്തരവാദിത്തം ഈ ഗാന്ധിജയന്തി ഓർമിപ്പിക്കുന്നു.

ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികത്തിലാണ് കേരളത്തിന് ഇത്തവണ ഗാന്ധിജയന്തി. ജനങ്ങളുടെ ആവശ്യങ്ങളും പ്രാദേശികവികസനസമീപനവും എല്ലായിടത്തും ഒരുപോലെയല്ല എന്ന് തിരിച്ചറിഞ്ഞുകൊണ്ടാണ് ഗാന്ധി 'ഗ്രാമസ്വരാജ്' മുന്നോട്ടുവച്ചത്. അതിന്റെ വികസിത രൂപമായിരുന്നു ജനകീയാസൂത്രണം.

ജനാധിപത്യത്തിൽ ജനങ്ങൾ നിശബ്ദരല്ല എന്ന് തെളിയിക്കുന്നതായിരുന്നു 1996 ൽ ഇ കെ നായനാർ മുഖ്യമന്ത്രിയായിരിക്കവെ നടപ്പിലാക്കിയ ജനകീയാസൂത്രണം. ജനകീയാസൂത്രണത്തിലൂടെ കേരളം വികസന രംഗത്ത് പുതിയ അനുഭവമാണ് നൽകിയത്.

ഇന്ന്, മുഖ്യമന്ത്രി ശ്രീ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ സ്വതന്ത്രമാക്കുകയും ശക്തമാക്കുകയും ചെയ്യുന്നു. സജീവമാകുന്ന വാർഡ് സഭകളും പ്രാദേശിക വികസന പദ്ധതികളും അതിനുതെളിവാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാക്ഷരതാതുടർവിദ്യാഭ്യാസത്തിന് എല്ലാവിധ പിന്തുണയും നൽകിയ കാലയളവാണ് 2016–2020. സാക്ഷരതാമിഷന് സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ അത് ഉറപ്പിച്ചുപറയാൻ കഴിയും.

ലോകസാക്ഷരതാദിനത്തോടനുബന്ധിച്ച് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ കേരളത്തിന്റെ സാക്ഷരതാനിരക്ക് 96.2 ശതമാനമായി ഉയർന്നതിന്റെ കാരണവും മറ്റൊന്നല്ല.


**ഡോ.പി.എസ്.ശ്രീകല**
എഡിറ്റർ & ഡയറക്ടർ

ലേഖനം

**ടി.കെ.നാരായണദാസ്**

# ഗാന്ധിജിയും കേരളവും

ഗാന്ധിജി രക്തസാക്ഷിയായതിനുശേഷം 72 വർഷങ്ങൾ പിന്നിട്ടു. പരസ്പരസ്നേഹവും കാരുണ്യവും നിറഞ്ഞ ഒരു ഇന്ത്യയെയാണ് ഗാന്ധിജി സ്വപ്നം കണ്ടത്. സ്വതന്ത്ര ഇന്ത്യയുടെ ഏറ്റവും പ്രാഥമികമായ ചുമതല എന്താണ് എന്ന പത്രപ്രതിനിധിയുടെ ചോദ്യത്തിന് ഉത്തരം പറയാൻ ഗാന്ധിജിക്ക് രണ്ടാമതൊന്നാലോചിക്കേണ്ടി വന്നില്ല. “ഇന്ത്യയിലെ ദരിദ്രരായ ജനകോടികളുടെ കണ്ണീരൊപ്പൽ”. വ്യത്യസ്ത മതങ്ങളും മറ്റനേകം വൈവിധ്യങ്ങളും നിറഞ്ഞ നാടെങ്കിലും ഇന്ത്യക്കാർക്കിടയിൽ സ്നേഹവും സാഹോദര്യവും നിലനിൽക്കണമെന്ന് ഗാന്ധിജി ആഗ്രഹിച്ചു. ഏഴുപതിറ്റാണ്ടിനുശേഷം മഹാത്മജിയുടെ സ്വപ്നങ്ങൾക്കെന്തു സംഭവിച്ചു.





### വിദ്യാഭ്യാസം

നിരക്ഷരരുള്ള കാലത്തോളം നമ്മുടെ സ്വാതന്ത്ര്യം നിരർഥകമാണെന്ന് മനസ്സിലാക്കിയ ഗാന്ധിജി വിദ്യാഭ്യാസത്തെക്കുറിച്ച് ഏറെ ചിന്തിച്ച രാഷ്ട്രീയ നേതാവായിരുന്നു. മെക്കാളേയുടെ വിദ്യാഭ്യാസ രീതിക്കുബദലായി ഗാന്ധിജി നിർദേശിച്ചത് അടിസ്ഥാന വിദ്യാഭ്യാസമാണ്.

സ്വാതന്ത്ര്യത്തിന്റെ ഏഴുപതിറ്റാണ്ടിനുശേഷവും നിരക്ഷരത നിർമാർജനം ചെയ്യാൻ നമുക്കായിട്ടില്ല. 20–25 ശതമാനത്തോളം നിരക്ഷരത നിലനിൽക്കുകയാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ നിരക്ഷരരുള്ള രാജ്യം ഇന്ത്യയാണ് (2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ ശരാശരി സാക്ഷരത 77.7 %). സ്കൂളിലെത്താത്ത ഒരു കോടിയിലധികം കുട്ടികൾ ഇന്ത്യയിലുണ്ട്. എത്തിയവരിൽത്തന്നെ വലിയൊരു ശതമാനം പ്രൈമറി വിദ്യാഭ്യാസം പോലും പൂർത്തിയാക്കുന്നില്ല. 57% പെൺകുട്ടികൾ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കാത്തവരാണ്.

ജി ഡി പിയുടെ ആറ് ശതമാനമെങ്കിലും വിദ്യാഭ്യാസത്തിനായി നീക്കിവയ്ക്കണമെന്ന് UNESCO നിർദേശിച്ചുണ്ടെങ്കിലും രണ്ട് ശതമാനം വരുന്ന വിഹിതം മാത്രമാണ് ഇന്നും നീക്കിവയ്ക്കുന്നത്. ഇപ്പോൾ പ്രഖ്യാപിച്ച പുത്തൻ വിദ്യാഭ്യാസനയ (NEP) ത്തിലും ജി ഡി പിയുടെ ആറ് ശതമാനം ആവർത്തിക്കുന്നുണ്ടെങ്കിലും എങ്ങനെയാണ് ഈ 6% എന്നതിന് മാർഗനിർദേശങ്ങളില്ല.

ഇക്കാര്യത്തിൽ മഹാത്മജിയുടെ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെട്ട ഏകസംസ്ഥാനം കേരളമാണ്. 96 ശതമാനമാണ് കേരളത്തിന്റെ സാക്ഷരതാനിരക്ക്. അഞ്ച് വയസ്സുകഴിഞ്ഞ മുഴുവൻ കുട്ടികളും വിദ്യാലയത്തിലെത്തുന്നു. സ്കൂളിൽ ചേർന്ന കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തീരെ കുറവാണ്. പന്ത്രണ്ടാംക്ലാസ് വരെ സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസം നടപ്പിലാക്കപ്പെട്ട സംസ്ഥാനമാണ് കേരളം. ഡിജിറ്റൽ പാരിറ്റി കുട്ടികളുടെ അവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന യുനെസ്കോ നിർദേശം വരുന്നതിനുമുമ്പുതന്നെ വിവരസാങ്കേതിക വിദ്യയുടെ ലഭ്യത എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്താനും കേരളത്തിനു കഴിഞ്ഞു. കോവിഡ് മഹാമാരിയുടെ കാലത്ത് വിദ്യാലയങ്ങൾ അടച്ചിട്ടാലും പഠനം മുടങ്ങാതെ കൊണ്ടുപോകാൻ നമുക്കു കഴിയുന്നത് അതിന്റെ



നേട്ടമാണ്. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലുണ്ടായ നവീകരണം നമ്മുടെ വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിച്ചിരിക്കുകയാണ്.

## വികസനവും ഗാന്ധിജിയും

സ്വതന്ത്ര ഇന്ത്യയുടെ മുഖ്യ ഉടമയെക്കുറിച്ചു പറഞ്ഞപോലെ തന്നെ ഗാന്ധിജിയുടെ വികസന കാഴ്ചപ്പാടും ദരിദ്രപക്ഷത്ത് ഉറച്ചുനിൽക്കുന്നതായിരുന്നു. ഏതുപദ്ധതിയെക്കുറിച്ചാലോചിക്കുമ്പോഴും ഇന്ത്യയിലെ ദരിദ്രനായ മനുഷ്യന് എന്തുഗുണം ചെയ്യും എന്നു പരിശോധിച്ച് നടപ്പിലാക്കാനാണ് ഗാന്ധിജി ഉപദേശിച്ചത്. ഏഴ് പതിറ്റാണ്ടുകൾ പിന്നിട്ട നമ്മുടെ വികസനത്തിന് ദരിദ്രന്റെ കണ്ണീരൊപ്പാൻ കഴിഞ്ഞുവോ?

> ഗാന്ധിജിയുടെ വികസന കാഴ്ചപ്പാട് ദരിദ്രപക്ഷത്ത് ഉറച്ചുനിൽക്കുന്നതായിരുന്നു. ഏതുപദ്ധതിയെക്കുറിച്ചാലോചിക്കുമ്പോഴും ഇന്ത്യയിലെ ദരിദ്രനായ മനുഷ്യന് എന്തുഗുണം ചെയ്യും എന്നു പരിശോധിച്ച് നടപ്പിലാക്കാനാണ് ഗാന്ധിജി ഉപദേശിച്ചത്. ദരിദ്രന്റെ പക്ഷം പിടിച്ചുള്ള വികസനമെന്ന ഗാന്ധിയൻ കാഴ്ചപ്പാട് വലിയൊരളവോളം നടന്ന സംസ്ഥാനമാണ് കേരളം.

ഓരോ ദിവസവും അഞ്ച് വയസ്സിൽ താഴെ വരുന്ന അയ്യായിരം കുട്ടികൾ വേണ്ടത്ര ഭക്ഷണമില്ലാത്തതുകൊണ്ടും പ്രതിരോധവും ചികിത്സയുമുള്ള രോഗങ്ങൾ പിടിപെട്ടും മരിച്ചുവീഴുന്ന നാടാണ് ഇന്ത്യ. പകുതിയോളം കുട്ടികൾ പോഷകാഹാരക്കുറവുമൂലം ഭാരക്കുറവ് അനുഭവപ്പെടുന്നവരാണ്. വിദ്യാഭ്യാസത്തിന്റെ കാര്യം നേരത്തെ സൂചിപ്പിച്ചല്ലോ. കുട്ടികളുടെ ദയനീയമായ ഈ അവസ്ഥ മാത്രം മതി നാടിന്റെ ദാരിദ്ര്യം എത്ര രൂക്ഷമാണെന്നറിയാൻ.

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ തെരുവിലേക്കിറക്കപ്പെട്ട കുടിയേറ്റത്തൊഴിലാളികളുടെ എണ്ണം പോലും സർക്കാരിനറിയാത്ത സ്ഥിതിയാണുണ്ടായത്. ഒമ്പത് കോടിയെന്നും 11 കോടിയെന്നും പലകണക്കുകളാണ് പുറത്തുവരുന്നത്. അവർ ഒരു കണക്കിലും പെടുന്നില്ല. സർക്കാർ രേഖകളിൽ ഇടം കിട്ടാത്തവർ, റേഷൻകാർഡുകൾ ഇല്ലാത്തവർ, മനുഷ്യരായിപ്പോലും ഗണിക്കപ്പെടാത്തവർ... "ഇതെന്റെ നാടെന്നഭിമാനമായി ചൊല്ലുവാൻ ഒരു തുണ്ടുഭൂമിയും സ്വന്തമായില്ലാത്തവർ" 40 ശതമാനമാണ്.

കാർഷികമേഖലയുടെ തകർച്ച വർധിച്ചുവരുന്ന കർഷക ആത്മഹത്യകളിൽ പ്രതിഫലിക്കുന്നു. കോവിഡിനുമുമ്പുതന്നെ വളർച്ച മുരടിച്ച സമ്പദ്ഘടനയിൽ 24 ശതമാനത്തിന്റെ ഇടിവാണ് ഇപ്പോഴുണ്ടായിരിക്കുന്നതെന്ന് കണക്കാക്കപ്പെടുന്നു. മുൻ റിസർവ് ബാങ്ക് ഗവർണർ രഘുറാം രാജ് ഭയാനകമായ ദാരിദ്ര്യത്തിന്റെ ചിത്രമാണ് വരച്ചുവെച്ചത്. മനുഷ്യർ ആഹാരം കഴിക്കാതാവും. കുട്ടികൾ ബാലവേലയ്ക്കു നിർബന്ധിക്കപ്പെടും. കുട്ടികളെ രക്ഷിതാക്കൾ തന്നെ ഭിക്ഷാടനത്തിനിറക്കിവിടും..." മഹാമാരിക്കു മുമ്പുതന്നെ 30 ശതമാനത്തിലധികം വരുന്ന ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ജനകോടികൾ വിവരണാതീതമായ നര

കതുല്യമായ ജീവിതമാണ് നയിച്ചുകൊണ്ടിരുന്നത്. ഈ ദൈന്യത കണക്കിലെടുത്ത് അടിയന്തിരനടപടികൾ കൈക്കൊള്ളാൻ സർക്കാർ ശ്രമിക്കുന്നില്ല എന്ന വിമർശനവും ഉയരുന്നുണ്ട്.

ഇവിടെയും കേരളം വേറിട്ടു നിൽക്കുന്നു. ശിശുമരണനിരക്ക് ലോകശരാശരിയേക്കാൾ താഴെയാണ്, ആയിരത്തിന് ഏഴ്. മിക്കവർക്കും സ്വന്തമായി വീടുണ്ട്. മൂന്നരക്കോടി ജനസംഖ്യയിൽ അഞ്ച് ലക്ഷം പേർക്കാണ് വീടില്ലെന്ന് കണക്കാക്കപ്പെട്ടത്. രണ്ടരലക്ഷം വീടുകൾ ഇന്നത്തെ സർക്കാർ നിർമിച്ചു നൽകിക്കഴിഞ്ഞു. സാക്ഷരതയുടെയും വിദ്യാഭ്യാസത്തിന്റെയും കാര്യം നേരത്തെ സൂചിപ്പിച്ചല്ലോ. ഏറ്റവും കൂടുതൽ പെൺകുട്ടികൾ യൂണിവേഴ്സിറ്റി വിദ്യാഭ്യാസരംഗത്തെത്തുന്ന പ്രദേശങ്ങളിൽ ഒന്നാണ് കേരളം. ആരോഗ്യ സുരക്ഷയുടെ കാര്യത്തിലും കേരളം മുൻപന്തിയിലാണ്. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ടുനടന്ന സുസ്ഥിര വികസനപട്ടികയിൽ കേരളം പതിമൂന്നാം റാങ്ക് നേടുകയുണ്ടായി. ഇന്ത്യ മൊത്തമെടുത്താൽ 65–ാം സ്ഥാനത്താണ് നാം. മാനവ വികസന സൂചികയുടെ ഏതു മാനദണ്ഡമെടുത്താലും ഇന്ത്യയിലെ 'നമ്പർ വൺ' ആണ് കേരളം.

നവോത്ഥാന മുന്നേറ്റം മുതൽ സംഘടിതരും സമരസജ്ജരുമായ ഒരു ജനതയാണ് കേരളത്തിന്റെ നേട്ടങ്ങളുടെ അടിസ്ഥാനം. "Proverty and People's action " (ദാരിദ്ര്യവും ജനകീയ ഇടപെടലും) എന്ന പ്രസിദ്ധമായ പഠനത്തിൽ നോബൽ സമ്മാന ജേതാവായ ഡോ.അമർത്യാസെൻ കേരളത്തിലെ ജനങ്ങളുടെ സംഘടിത ഇടപെടലാണ് ഈ മുന്നേറ്റങ്ങൾക്കു കാരണമെന്ന് സ്ഥാപിക്കുന്നുണ്ട്. ഇന്ത്യയിലെ ഇതരപ്രദേശങ്ങളിൽ നിന്ന് ഭിന്നമായ ഒരു വികസന പാതയിലൂടെയാണ് 1957 മുതൽ കേരളം മുന്നേറുന്നത്. ജനങ്ങളുടെ ജീവിത ഗുണതയാണ് വികസനത്തിന്റെ ലക്ഷ്യം എന്ന കാഴ്ചപ്പാടാണ് കേരളവികസനത്തിന്റെ നേട്ടം. ഇന്ന് 58 ലക്ഷം വരുന്ന വയോധികർ മാസത്തിൽ 1400 രൂപ പെൻഷൻ ലഭിക്കുന്നവരാണ്. അസംഘടിത തൊഴിലാളികളുൾപ്പെടെ ക്ഷേമനിധിയിൽ അംഗങ്ങളാണ്. എല്ലാ കേരളീയർക്കും റേഷൻ കാർഡുണ്ട്. മഹാമാരിയുടെ കാലത്ത് ഒരു മലയാളിയും പട്ടിണി കിടക്കില്ല എന്നു തീരുമാനിക്കാൻ നമുക്കു കഴിഞ്ഞത് ഈ മഹത്തായ നേട്ടങ്ങളുടെ അടിസ്ഥാനത്തിലാണ്. ദരിദ്രന്റെ പക്ഷം പിടിച്ചുള്ള വികസനമെന്ന ഗാന്ധിയൻ കാഴ്ചപ്പാട് വലിയൊരളവോളം നടന്ന സംസ്ഥാനമാണ് കേരളം.

### ഗ്രാമസ്വരാജ്

ഗാന്ധിജി സ്വപ്നം കണ്ടത് സ്വാശ്രയ ഗ്രാമങ്ങളെയാണ്. ഇന്ത്യയിലെ ലക്ഷക്കണക്കായ ഗ്രാമങ്ങൾ ഇന്നും ദാരിദ്ര്യത്തിന്റെ പടുകുഴിയിലാണ്. ഭൂഉടമകളുടെ ആധിപത്യവും ചൂഷണവും ഗ്രാമീണ ജനതയ്ക്ക് സ്വാതന്ത്ര്യം അപ്രാപ്യമാക്കുന്നു. ജാതീയതയും മറ്റനേകം സാമൂഹ്യനീതികളും അവരുടെ ജീവിതം ദുസ്സഹമാക്കുകയാണ്. അധികാരവികേന്ദ്രീകരണം പ്രാവർത്തികമാക്കാൻ കഴിയാത്ത സാമൂഹ്യഘടനയാണ് ഇന്ത്യൻ ഗ്രാമങ്ങളുടേത്. താഴേക്കിറങ്ങി വരുന്ന അധികാരം ഗ്രാമീണ സമ്പന്നരുടെയും സവർണരുടെയും കുലാക്കുകളുടെയും കൈകളിലെത്തപ്പെടുകയും അത് ദരിദ്രജനകോടി



കൾക്കു നേരെയുള്ള ചൂഷണത്തിന്റെയും അതിക്രമങ്ങളുടെയും ആക്കം വർധിപ്പിക്കുകയും ചെയ്യും. കാരണം ഭൂഉടമാവ്യവസ്ഥയിൽ മാറ്റമുണ്ടാക്കാൻ കഴിഞ്ഞ ഏഴുപതിറ്റാണ്ടുകൊണ്ട് കഴിഞ്ഞിട്ടില്ലാത്തതിനാൽ 73,74 ഭരണഘടനാഭേദഗതിപ്രകാരം നടപ്പിലാവേണ്ട അധികാരവികേന്ദ്രീകരണം കാര്യമായ മാറ്റങ്ങളൊന്നും അധികാര ഘടനയിൽ വരുത്തിയിട്ടില്ല. ഗാന്ധിജിയുടെ ഗ്രാമസ്വരാജ് സ്വപ്നമായി അവശേഷിക്കുന്നു.

എന്നാൽ കേരളത്തിൽ 1957 ൽ തന്നെ ഭൂഉടമാവ്യവസ്ഥക്ക് കനത്ത പ്രഹരമേൽപ്പിക്കാൻ കഴിഞ്ഞു. ഇടർച്ചകളും ദൗർബല്യങ്ങളുമുണ്ടെങ്കിലും ജന്മിത്തത്തിന്റെ അടിവേരറുക്കാൻ ഭൂപരിഷ്ക്കരണത്തിനുകഴിഞ്ഞു. മഹാഭൂരിഭാഗത്തെയും ഒരു തുണ്ടുഭൂമിയുടെയെങ്കിലും ഉടമസ്ഥരാക്കാനും കഴിഞ്ഞു. ജാതിവ്യവസ്ഥയുടെ അടിത്തറയായ ജന്മിത്തം തകർന്നതിനാൽ നവോത്ഥാന മുന്നേറ്റത്തിന്റെ മുദ്രാവാക്യങ്ങൾ ഒരു പരിധിവരെയെങ്കിലും പ്രായോഗികമാക്കപ്പെട്ടു. ജാതിരഹിത സമൂഹത്തിലേക്ക് നിർണായകമുന്നേറ്റമാണ് കേരളീയ സമൂഹം നടത്തിയത്. 1959 ലെ വിമോചന സമരമെന്ന പേരിൽ നടന്ന അട്ടിമറി സമരം ജാതികൾക്കും സാമുദായികതയ്ക്കും രാഷ്ട്രീയത്തിൽ സ്വാധീനം ചെലുത്താൻ അവസരം നൽകിയത് ഈ മുന്നേറ്റത്തെ ദുർബലപ്പെടുത്തിയിട്ടുണ്ടെങ്കിലും.

ഈ പശ്ചാത്തലത്തിലാണ് അധികാരവികേന്ദ്രീകരണം കേരളത്തിൽ നടപ്പിലാക്കിയത്. അതിന്റെ പ്രായോഗിക രൂപമായിരുന്നു, ജനകീയാസൂത്രണം. ആസൂത്രണത്തിന്റെ ദിശയിൽ നിർണായകമായ മാറ്റമുണ്ടാക്കാൻ ഈ പ്രസ്ഥാനത്തിനു കഴിഞ്ഞു. ജനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും പദ്ധതികളായി, പ്രോജക്ടുകളായി രൂപം പ്രാപിക്കുന്ന ആസൂത്രണ പ്രക്രിയ കാൽനൂറ്റാണ്ടു പിന്നിടുകയാണ്. തുടക്കത്തിലുണ്ടായിരുന്ന ജനപങ്കാളിത്തം ഗ്രാമസഭകളിൽ കാണാനില്ലെങ്കിലും എല്ലാ മേഖലകളിലും വിജയകരമായ മുന്നേറ്റമുണ്ടായി എന്നു പറയാനാകില്ലെങ്കിലും ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾക്ക് വികസനപ്രക്രിയയിൽ നിർണായക പങ്ക് ലഭ്യമായി. അധികാരത്തോടൊപ്പം സമ്പത്തും താഴേക്ക് പങ്കുവയ്ക്കുന്ന ഫലപ്രദമായ ഏർപ്പാടായിരുന്നു ജനകീയാസൂത്രണം. കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾ കൂടി പരിഗണിച്ചാൽ 20,000 കോടി രൂപയാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി ചെലവഴിക്കപ്പെടുന്നത്.

കാൽനൂറ്റാണ്ടിനിടയിൽ എല്ലാ പഞ്ചായത്തുകളും ഒരുപോലെ മുന്നേറിയിട്ടില്ല. കാർഷിക വ്യവസായ ഉൽപ്പാദനമേഖലയിൽ വ്യാപകമായി നേട്ടമുണ്ടാക്കാനായി എന്നുപറയാനാവില്ല. അഴിമതി പൂർണമായി നിർമാർജനം ചെയ്തു എന്നും അവകാശപ്പെടാൻ കഴിയില്ല. നീർത്തട വികസനപദ്ധതി കൃത്യമായി മനസിലാക്കപ്പെടുകയോ പ്രായോഗികമാക്കുകയോ ചെയ്തിട്ടില്ല. ഇങ്ങനെ ഒട്ടേറെ ദൗർബല്യങ്ങൾ ചൂണ്ടിക്കാട്ടാനാകുമെങ്കിലും അധികാരം ജനങ്ങളുടെ അറിവിലേക്ക് എത്തിയിട്ടുണ്ട്. ജനങ്ങളുടെ പങ്കാളിത്തം വികസന പദ്ധതി ആവിഷ്ക്കരിക്കുന്നതിൽ വർധിച്ചിട്ടുണ്ട്. ജനാധിപത്യത്തിന്റെ വേരിറക്കം എന്നു വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല.

ശാക്തീകരിക്കപ്പെട്ട ഈ പ്രാദേശിക ഭരണസംവിധാനങ്ങൾ പ്രതിസന്ധികളെ തരണം ചെയ്യുന്നതിൽ കേരളീയ സമൂഹത്തിന് കരുത്തുപകരുന്നു. മഹാപ്രളയങ്ങളെ മറികടക്കുന്നതിനും കോവിഡ് പ്രതിരോധത്തിനും ജനങ്ങളെ അണിനിരത്താൻ കെൽപ്പുറ്റ നേതൃത്വമായി പ്രാദേശിക സർക്കാരുകൾ വളർന്നുകഴിഞ്ഞു എന്നും നിസ്സംശയം പറയാം.

ഗ്രാമസ്വരാജ് ഗാന്ധിജിയുടെ സ്വപ്നമായിരുന്നു എങ്കിൽ അതിനെ പ്രായോഗികമായി ആവിഷ്കരിക്കാനാണ് ഇ എം എസ് നേതൃത്വം നൽകിയത്. സൂക്ഷ്മതലത്തിൽ ഭിന്നതകളുണ്ടെങ്കിലും അധികാരം ജനങ്ങൾക്ക് എത്തി



ക്കാനാണ് രണ്ടുകൂട്ടരും ലക്ഷ്യം വെച്ചത്. ആ അർഥത്തിൽ ഗാന്ധിജിയുടെ സ്വപ്നം ഒരു പരിധിവരെയെങ്കിലും മുന്നേറിയത് കേരളത്തിൽ മാത്രമാണ്. അധികാരവികേന്ദ്രീകരണത്തിൽ കേന്ദ്രമാനദണ്ഡങ്ങൾ പ്രകാരം എന്നും കേരളം "നമ്പർ വൺ" ആയി തുടരുകയാണ്.

### മതനിരപേക്ഷ ഇന്ത്യ

ഗാന്ധിജിയുടെ ആദർശങ്ങളിൽ ഏറ്റവും പ്രധാനമായിരുന്നു മതനിരപേക്ഷത. ഗാന്ധിജി മതവിശ്വാസിയായിരുന്നു. എന്നാൽ അതൊരിക്കലും അന്യമതവിരോധമായിരുന്നില്ല. എല്ലാ മതങ്ങളുടേയും സാരമൊന്നാണെന്നും ഗാന്ധിജി വിശ്വസിച്ചു. അതുകൊണ്ടാണ് "ഈശ്വർ അള്ളാ തേരേ നാം" എന്നത് ഗാന്ധിജിയുടെ ഇഷ്ടപ്രാർഥനാഗാനമായത്. "ഞാൻ ഒരു മാതൃകാ ഹിന്ദുവാകാൻ ആഗ്രഹിക്കുന്നു. അതിനെനിക്കു കഴിഞ്ഞാൽ ഞാനൊരു മാതൃകാ മുസൽമാനും, ക്രൈസ്തവനുമാകും" - അതായിരുന്നു ഗാന്ധിജിയുടെ മതവിശ്വാസം. അത്രമേൽ മതനിരപേക്ഷമായ ആത്മീയതയാണ് ഗാന്ധിജിയുടെ ദർശനം.

അനേകം മതങ്ങളും ഭാഷകളും സാംസ്കാ

രിക വൈവിധ്യങ്ങളുമുള്ള ഇന്ത്യയുടെ കരുത്ത് ഈ 'പലമകളുടെ ഒരുമ' (നാനാത്വത്തിൽ ഏകത്വം) യാണ് എന്ന് ഗാന്ധിജി വിശ്വസിച്ചു. പാകിസ്താൻ ഇസ്ലാമിക രാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടപ്പോഴും ഇന്ത്യ മതനിരപേക്ഷമായി തുടരണമെന്ന് ഗാന്ധിജി ശഠിച്ചതും അതുകൊണ്ടായിരുന്നു. മതത്തിന് ഭരണകൂടത്തിലും രാഷ്ട്രീയത്തിലും ഒരു സ്ഥാനവുമുണ്ടാകരുത് എന്ന് ഗാന്ധിജി ആഗ്രഹിച്ചു. അങ്ങനെ മാത്രമേ, വൈവിധ്യങ്ങളുടെ നാടായ ഇന്ത്യക്ക് നിലനിൽക്കാൻ കഴിയൂ എന്ന യാഥാർഥ്യബോധമാണ് ഗാന്ധിജിയെ നയിച്ചത്. മതരാഷ്ട്രമായ പാകിസ്താൻ മൂന്നുപതിറ്റാണ്ടുപോലും ഒരു രാഷ്ട്രമായി നിലനിന്നില്ല എന്നതും നാം ഓർക്കണം.

എന്നാൽ ഗന്ധിജിയുടെ ആ മഹത്തായ ആദർശവും ഇന്നു വെല്ലുവിളിക്കപ്പെടുകയാണ്. ഹിന്ദുരാഷ്ട്ര രൂപീകരണത്തിന് ഏറ്റവും വലിയ തടസം ഗാന്ധിജിയാണ് എന്നു മനസ്സിലാക്കിയാണ് ഹിന്ദുരാഷ്ട്രവാദികൾ അദ്ദേഹത്തെ വധിച്ചത്. എങ്കിലും ജവഹർലാൽ നെഹ്റുവിനെപോലുള്ള ശക്തനായ മതേതരവാദിയുടെ നേതൃത്വവും സ്വാതന്ത്ര്യസമരം ഉയർത്തിക്കൊണ്ടുവന്ന മതനിരപേക്ഷ മൂല്യങ്ങളും ഇന്ത്യയെ മതനിരപേക്ഷ രാഷ്ട്രമായിത്തന്നെ നിലനിർത്തി. ഹിന്ദുരാഷ്ട്രവാദികൾ തക്കംപാർത്തിരിക്കുകയായിരുന്നു. ക്രമാനുഗതമായ പ്രചരണങ്ങളിലൂടെയും അതിനിഗൂഢനീക്കങ്ങളിലൂടെയും ഹിന്ദുരാഷ്ട്രനിർമാണമെന്ന ശാഠ്യം പിന്തുടരുകയായിരുന്നു, അവർ. ബാബ്റി മസ്ജിദ് തല്ലിത്തകർത്തത് ആ ശ്രമത്തിന്റെ വിജയത്തിലേക്കുള്ള കുതിപ്പായിരുന്നു. മസ്ജിദ് നിന്നിരുന്ന സ്ഥലത്ത് ക്ഷേത്രം പണിയാൻ സുപ്രീംകോടതി വിധിച്ചത് ഒരു ട്രസ്റ്റാണ് ക്ഷേത്രം പണിയേണ്ടത് എന്നാണ്. എന്നാൽ യു പി സർക്കാരിന്റെ നേതൃത്വത്തിൽ നടന്ന മതപരമായ ചടങ്ങിൽ പ്രധാനമന്ത്രി നേരിട്ടുതന്നെ പങ്കെടുത്ത അനുഭവമുണ്ടായി. മതവും ഭരണകൂടവും തമ്മിലുണ്ടാകേണ്ട അകലം പാലിച്ചില്ലെന്ന വിമർശനം ഉയർന്നത് സ്വാഭാവികം.

മാത്രമല്ല പൗരത്വനിർണയത്തിൽ മതപരിഗണന കടന്നുവരുന്ന പൗരത്വഭേദഗതി നിയമവും നടപ്പിലാക്കാൻ തുനിയുകയാണ്. ഇന്ത്യൻ ഭരണഘടനയുടെ മതനിരപേക്ഷ മൂല്യം ചോർത്തിക്കളയുന്ന ഒട്ടേറെ നടപടികൾ ഉണ്ടായിരിക്കുന്നു.

ഇക്കാര്യത്തിലും കേരളം അതിന്റെ ഉജ്വല മാതൃക ഉയർത്തിപ്പിടിക്കുന്നു. മതകലാപങ്ങളില്ലാത്ത മണ്ണായി കേരളം തലയുയർത്തി നിൽക്കുന്നു. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന ഗുരുവചനം കേരളത്തിന്റെ ജീവിത ദർശനമായി തുടരുകയാണ്. വ്യത്യസ്ത മതവിഭാഗങ്ങളെ തമ്മിലടിപ്പിക്കാനുള്ള ശ്രമം ഗൂഢശക്തികൾ ഇരുപുറത്തുനിന്നും നടത്തുന്നുണ്ടെങ്കിലും മതനിരപേക്ഷ കേരളം അതിനു വഴങ്ങുന്നില്ല.

കഴിഞ്ഞ പ്രളയകാലത്ത് ദുരിതാശ്വാസ ക്യാമ്പുകളിൽ കണ്ടദൃശ്യം ഇന്ത്യയിൽ മറ്റൊരിടത്തും കാണാൻ കഴിയില്ല. ഒരേ അടുക്കളയിൽ ഭക്ഷണം പാകംചെയ്ത് ഒരുമിച്ച് വിളമ്പിക്കഴിച്ച് ഭക്ഷണശേഷം നടന്ന കലാപരിപാടികളിൽ പങ്കെടുത്തത് വ്യത്യസ്ത മതങ്ങളിലും ജാതികളിലും പെട്ട മനുഷ്യരായിരുന്നു. ഇന്ത്യയിൽ മറ്റെവിടെയാണ് മതം, ജാതി പരിഗണനകളില്ലാത്ത ദുരിതാശ്വാസ ക്യാമ്പുകൾ നടക്കുക?

മതത്തിനും ജാതിക്കുമപ്പുറം മനുഷ്യനെ കാണാനും സാഹോദര്യം ഊട്ടിവളർത്താനും ഗാന്ധിജി ആഗ്രഹിച്ചത് ഒരു പരിധിവരെയെങ്കിലും നടപ്പിലായ പ്രദേശവും കേരളമാണ്.



ലേഖനം

ഡോ. കാവുമ്പായി ബാലകൃഷ്ണൻ

# കോവിഡ് കാലത്തെ സാക്ഷരതാദിന ചിന്തകൾ



കോവിഡ് 19 എന്ന മഹാമാരിയുടെ തീവ്രവ്യാപനത്തിനു മുന്നിൽ ലോകമൊന്നടങ്കം പകച്ചുനിൽക്കുമ്പോഴാണ് ഈ വർഷത്തെ സാക്ഷരതാദിനം കടന്നുപോയത്. സാധാരണമട്ടിലുള്ള സാമൂഹികവ്യവഹാരങ്ങളൊന്നും സാധ്യമല്ലാത്ത സാഹചര്യത്തിൽ, സാക്ഷരതാദിനപരിപാടികളും മുൻവർഷങ്ങളിലേതുപോലെ ജനകീയവും വിപുലവുമായില്ല. എങ്കിലും കോവിഡിന്റെ പശ്ചാത്തലത്തിൽ ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസപ്രക്രിയ നേരിടുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും പല നാടുകളിലും ചർച്ചചെയ്യപ്പെടുകയുണ്ടായി.

സമൂഹത്തിൽനിന്ന് നിരക്ഷരത നിർമാർജനം ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിന് 1965-ൽ ടെഹ്റാനിൽ ചേർന്ന വിവിധ രാഷ്ട്രങ്ങളിലെ വിദ്യാഭ്യാസമന്ത്രിമാരുടെ സമ്മേളനമാണ് ലോക സാക്ഷരതാദിനം എന്ന ആശയം മുന്നോട്ടുവച്ചത്. 1966 ഒക്ടോബർ 26 ന് യുനെസ്കോ എല്ലാ വർഷവും സെപ്റ്റംബർ

8 സാക്ഷരതാദിനമായി ആചരിക്കാൻ ലോകരാഷ്ട്രങ്ങളോടാഹ്വാനംചെയ്തു. എല്ലാ മനുഷ്യരും സാക്ഷരത കൈവരിക്കേണ്ടതിന്റെ പ്രാധാന്യവും നിരക്ഷരതാനിർമാർജനപ്രവർത്തനങ്ങൾ ഊർജിതമാക്കേണ്ടതിന്റെ അനിവാര്യതയും ഭരണാധികാരികളുടെയും സാമൂഹികപ്രവർത്തകരുടെയും പൊതുജനങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരിക എന്നതായിരുന്നു ദിനാചരണത്തിന്റെ



ലക്ഷ്യം. 1967 സെപ്റ്റംബർ 8 ന് ആദ്യ സാക്ഷരതാദിനം ആചരിക്കപ്പെട്ടു. തുടർന്നുള്ള വർഷങ്ങളിൽ വിപുലവും ആകർഷകവുമായ പരിപാടികളോടെ ഈ ദിനം ലോകമെമ്പാടും ആചരിച്ചുവരുന്നുണ്ട്. 2015-ൽ ഐക്യരാഷ്ട്രസഭയുടെ സുസ്ഥിരവികസനപരിപാടികളിലെ സുപ്രധാന ഘടകമായി സാക്ഷരത അംഗീകരിക്കപ്പെട്ടു. ദാരിദ്ര്യം അവസാനിപ്പിക്കുകയും നാം അധിവസിക്കുന്ന ഈ ഗ്രഹത്തെ സംരക്ഷിക്കുകയും എല്ലാ സ്ഥലത്തും എല്ലാവരുടെയും ജീവിതക്ഷേമം ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണല്ലോ സുസ്ഥിരവികസനപരിപാടിയുടെ ലക്ഷ്യം.

എല്ലാ കാലത്തും എല്ലാ സമൂഹവും വിദ്യാഭ്യാസത്തിന്റെ മഹത്വം ഉൾക്കൊള്ളുകയും അതുറക്കെ ഉദ്ഘോഷിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാധനം സർവ്വധനാൽ പ്രധാനമെന്നും വിദ്യാവിഹീനൻ മൃഗതുല്യനാണെന്നും ഒക്കെയുള്ള സൂക്തങ്ങൾ നമ്മൾ കേട്ടിട്ടുണ്ട്. എന്നാൽ എല്ലാ കാലത്തും എല്ലാ സമൂഹങ്ങളിലും ബഹുഭൂരിഭാഗം ആളുകൾക്കും ഇതിനുള്ള അവസരം നിഷേധിക്കപ്പെട്ടിരുന്നു എന്നതും ഒരു യാഥാർഥ്യമാണ്. വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഏത് സമൂഹത്തിനും മുന്നേറാനാവൂ. ദാരിദ്ര്യവും പട്ടിണിയും ഇല്ലാതാക്കാൻ, സമൂഹത്തിലെ അസമത്വങ്ങളും അനീതികളും അവസാനിപ്പിക്കാൻ, മനുഷ്യരായി പിറന്നവർക്കൊക്കെ മനുഷ്യരായി ജീവിക്കാൻ, എല്ലാമനുഷ്യർക്കും വിദ്യാഭ്യാസം ലഭിക്കണം. എന്നാൽ സമൂഹത്തിലെ ഒരു ന്യൂനപക്ഷത്തിന് തങ്ങളുടെ അധികാരവും സുഖസൗകര്യങ്ങളും നിലനിർത്തണമെങ്കിൽ, ഭൂരിപക്ഷത്തെ അജ്ഞതയിലും അനാചാരങ്ങളിലും എന്നും തളച്ചിടേണ്ടതുണ്ട്. അവർ അധ്വാനിക്കാനും സമ്പത്തുൽപ്പാദിപ്പിക്കാനും വേണ്ടി മാത്രമുള്ളവരാണ്, സമൂഹത്തിന്റെ പിന്നാമ്പുറത്ത് സർവവിധ ദുരിതങ്ങളും ഏറ്റുവാങ്ങി

**ദേശീയ സാമ്പിൾ സർവേ അനുസരിച്ച് കേരളത്തിൽ ഏഴുവയസ്സിന് മുകളിലുള്ളവരിൽ 96.2 ശതമാനവും സാക്ഷരരാണ്. ഗ്രാമങ്ങളിൽ സ്ത്രീസാക്ഷരത 80 ശതമാനത്തിന് മുകളിലുള്ള ഏകസംസ്ഥാനം കേരളമാണ്. 77.7 ശതമാനമാണ് ദേശീയ സാക്ഷരതാനിരക്ക്. സാക്ഷരതയിലെ സ്ത്രീപുരുഷ അന്തരം ഏറ്റവും കുറവും കേരളത്തിൽതന്നെ. 97.4 ശതമാനം പുരുഷന്മാരും 95.2 ശതമാനം സ്ത്രീകളും ഇവിടെ സാക്ഷരരാണ്. 2.2 ശതമാനമാണ് അന്തരം.**



കഴിയേണ്ടവരാണ്. അതിനുവേണ്ടി അധീശവിഭാഗം വിശ്വാസങ്ങളെയും ആചാരങ്ങളെയും കൂട്ടുപിടിച്ചു; സിദ്ധാന്തങ്ങൾ ചമച്ചു, അറിവ് ആർജിക്കാനുള്ള ഭൂരിപക്ഷത്തിന്റെ ആഗ്രഹങ്ങളെയും അവകാശങ്ങളെയും അവസരങ്ങളെയും വളരെ നിന്ദ്യമായി നിഷേധിച്ചു.

'ശൂദ്രമക്ഷരസംയുക്തം ദൂരതഃപരിവർജയേൽ' എന്നും മറ്റുമുള്ള മുന്നറിയിപ്പുകൾ ഇതിന്റെ ഭാഗമാണ്. ശൂദ്രന്മാർ അധ്വാനിക്കുന്നവരാണ്, സമ്പത്തുൽപ്പാദിപ്പിക്കുന്നവരാണ്. അവർ അക്ഷരംപഠിച്ചാലെന്താണ് കുഴപ്പം? രണ്ടു വരികൾകൂടി ശ്രദ്ധിക്കുക. 'സ്നാതമശ്വം, ഗജംമത്തം, വൃഷഭം കാമമോഹിതം.' ഇതൊരു പദ്യത്തിന്റെ പൂർവാർധം. ഉത്തരാർധമാണ് ആദ്യം ഉദ്ധരിച്ചത്. കുളിപ്പിച്ച കുതിരയെയും മദിച്ച ആനയെയും കാമമോഹിതനായ കാളയെയുംപോലെ ആണ് അക്ഷരം പഠിച്ച ശൂദ്രൻ. ഇവരെയെല്ലാം അകറ്റിനിർത്തണം. ഇവർ അപകടകാരികളാണ്. ആർക്കാണ് അറിവ് ആർജിച്ച തൊഴിലാളി അപകടകാരി? യാഥാസ്ഥിതികർക്ക്, നിക്ഷിപ്തതാൽപ്പര്യക്കാർക്ക്, വരേണ്യവിഭാഗത്തിന്, ചൂഷകർക്ക്, മർദകർക്ക്... ഇവർക്കുമാത്രം. എന്താണ് അപകടം? ഈ ശൂദ്രർ സ്വന്തം ജീവിതാവസ്ഥയും സാമൂഹികാവസ്ഥയും മനസ്സിലാക്കും; ചോദ്യങ്ങൾ ചോദിക്കും, വിമർശിക്കും, എടുത്തപണിക്കുള്ള കൂലി ചോദിച്ചുവാങ്ങും. അനീതിക്കും അക്രമത്തിനും അസമത്വങ്ങൾക്കും എതിരെ ശബ്ദിക്കും പോരാടും. അതൊക്കെ അറിവും സമ്പത്തും കൈവശം വച്ചിരിക്കുന്നവർക്ക് പ്രയാസങ്ങൾ ഉണ്ടാക്കും. അങ്ങനെ സംഭവിക്കാതിരിക്കാൻ ഇവരെ അക്ഷരവിഹീനരായി എന്നും ഇരുട്ടിൽ തന്നെ നിർത്തണം. ഇത് ഏതെങ്കിലും ഒരു പ്രദേശത്തിന്റെയോ, സമൂഹത്തിന്റെയോ കാലഘട്ടത്തിന്റെയോ മാത്രം പ്രത്യേകതയല്ല എന്നുകൂടി ഓർക്കണം.

സമൂഹത്തിലെ ബഹുഭൂരിഭാഗം ആളുകളെ അജ്ഞരായി നിലനിർത്തിക്കൊണ്ട്, ഒരു സാമൂഹിക മാറ്റവും ഒരു വികസനവും സാധ്യമാവില്ലെന്ന് തിരിച്ചറിഞ്ഞ സാമൂഹികപരിഷ്കർത്താക്കളും നവോത്ഥാന നായകരും തങ്ങളുടെ കർമപരിപാടികളിലെ മുഖ്യഇനമായി വിദ്യാഭ്യാസത്തെ കണ്ടത് അതുകൊണ്ടാണ്.

> ഡിജിറ്റൽ പഠനരീതിയുടെ പരിമിതികളും പോരായ്മകളും മനസ്സിലാക്കിക്കൊണ്ട് തന്നെ, നമ്മുടെ സ്കൂൾ-കോളേജ് വിദ്യാഭ്യാസം ഒരു പരിധിയോളം ഓൺലൈനായി, മുടക്കം കൂടാതെ മുന്നോട്ടുകൊണ്ടുപോകാൻ നമുക്കായി. സർക്കാർ മാത്രമല്ല, ബഹുജനപ്രസ്ഥാനങ്ങളും അതിന്റെ ഭാഗമായപ്പോൾ സാങ്കേതികവിദ്യയുടെ ലഭ്യതയില്ലായ്മയും മറ്റു പ്രശ്നങ്ങളും പരിഹരിക്കാൻ കേരളത്തിൽ സാധിച്ചു.

സ്വാതന്ത്ര്യത്തിന്റെ, പുരോഗതിയുടെ, വികസനത്തിന്റെ മുന്നുപാധികളിൽ ഒന്നാണ് വിദ്യാഭ്യാസം.

ഈ തിരിച്ചറിവുകളും പ്രഖ്യാപനങ്ങളും ആഹ്വാനങ്ങളുമെല്ലാം ഉണ്ടായിട്ടും മിക്ക രാഷ്ട്രങ്ങളും സാക്ഷരതാ പ്രവർത്തനത്തിൽ കാണിക്കുന്ന അവധാനത കണ്ടറിഞ്ഞാണ് യുനെസ്കോ സാക്ഷരതാദിനാചരണത്തിന് മുൻകൈയെടുത്തത്. 1960-ൽ ലോകസാക്ഷരതാനിരക്ക് 42 ശതമാനമായിരുന്നു. 1820-ൽ ലോകജനസംഖ്യയിൽ 12 ശതമാനത്തിനേ എഴുത്തും വായനയും അറിയുമായിരുന്നുള്ളൂ. 2016-ൽ 14 ശതമാനമേ എഴുത്തും വായനയും അറിയാത്തവരായി ഉണ്ടായിരുന്നുള്ളൂ. ശതമാനം ചെറുതാണെങ്കിലും ഇവരുടെ എണ്ണം 77.5 കോടിയോളം വരും. 60 കോടിയോളം കുട്ടികൾ ഇപ്പോഴും വിദ്യാലയങ്ങൾക്ക് പുറത്താണ്. ദക്ഷിണേഷ്യയിലെ സാക്ഷരതാനിരക്ക് 58.6 ശതമാനമാണ്. കടുത്ത ദാരിദ്ര്യവും സ്ത്രീകളും കുട്ടികളും അനുഭവിക്കുന്ന ദുരിതങ്ങളും അസമത്വവും വിവേചനവും എല്ലാം ഈ അവസ്ഥയുടെ കാരണവും ഫലവുമാണ്.

പല കാര്യങ്ങളിലും ലോകത്തിനുതന്നെ മാതൃകയായിട്ടുള്ള നമ്മുടെ കേരളം സാക്ഷരതയിലും മുമ്പിലാണ്. ഇന്ത്യൻ സംസ്ഥാനങ്ങളിൽ സാക്ഷരതയിൽ കേരളം ഒന്നാംസ്ഥാനത്താണ്. ദേശീയ സാമ്പിൾ സർവേ അനുസരിച്ച് കേരളത്തിൽ ഏഴുവയസ്സിന് മുകളിലുള്ളവരിൽ 96.2 ശതമാനവും സാക്ഷരരാണ്. ഗ്രാമങ്ങളിൽ സ്ത്രീസാക്ഷരത 80 ശതമാനത്തിന് മുകളിലുള്ള ഏകസംസ്ഥാനം കേരളമാണ്. 77.7 ശതമാനമാണ് ദേശീയ സാക്ഷരതാനിരക്ക്. സാക്ഷരതയിലെ സ്ത്രീപുരുഷ അന്തരം ഏറ്റവും കുറവും കേരളത്തിൽത്തന്നെ. 97.4 ശതമാനം പുരുഷന്മാരും 95.2 ശതമാനം സ്ത്രീകളും ഇവിടെ സാക്ഷരരാണ്. 2.2 ശതമാനമാണ് അന്തരം.

കേരളത്തിന്റെ അതുല്യവും അഭിമാനകരവുമായ ഈ നേട്ടം സ്വയമേവാഗതമല്ല. എത്രയോ കാലത്തെ ശ്രമങ്ങൾ ഇതിന്റെ പിന്നിലുണ്ട്. കേരളം ഭരിച്ച എല്ലാ ഭരണാധികാരികൾക്കും ഇതിൽ പങ്കുണ്ട്. ഇക്കാര്യത്തിൽ സാമൂഹികപരിഷ്കർത്താക്കളുടെയും നവോത്ഥാനനായകരുടെയും സംഭാവന ഏറെയാണ്. ഞങ്ങളുടെ മക്കളെ പഠിപ്പിക്കാൻ നിങ്ങൾ തയ്യാറല്ലെങ്കിൽ നിങ്ങളുടെ പാടത്ത് പണിയെടുക്കാൻ ഞങ്ങളും തയ്യാറല്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് ഉജ്വലമായ കർഷകത്തൊഴിലാളി സമരത്തിന് നേതൃത്വം നൽകിയ അയ്യങ്കാളിയെയും വിദ്യകൊണ്ട് പ്രബുദ്ധരാകാൻ ആഹ്വാനം ചെയ്യുകയും ഇനി നമുക്ക് അമ്പലങ്ങളല്ല, വിദ്യാലയങ്ങളാണ് വേണ്ടത് എന്ന് ഉദ്ഘോഷിക്കുകയും ചെയ്ത നാരായണഗുരുവിനെയും ഒക്കെ ഈ സന്ദർഭത്തിൽ ഓർക്കണം. ഈ പ്രവർത്തനങ്ങൾക്ക് പിന്തുണയും നേതൃത്വവും നൽകിയ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും ഈ നേട്ടത്തിൽ പങ്കുണ്ട്. ഐക്യകേരളം കണ്ട ഏറ്റവും ബൃഹത്തായ ബഹുജന മുന്നേറ്റമായിരുന്നു സാക്ഷരതായജ്ഞം. ആദ്യം എറണാകുളം ജില്ലയും പിന്നീട് കേരളമാകെയും സാക്ഷ്യംവഹിച്ച ആവേശകരമായ സമ്പൂർണ സാക്ഷരതായജ്ഞമാണല്ലോ കേരളത്തെ ഈ രംഗത്ത് ഇന്ത്യയുടെ നെറുകയിലെത്തിച്ചത്.



ഓരോ വർഷവും സാക്ഷരതാദിനാചരണത്തിന്റെ ഭാഗമായി ചർച്ചചെയ്യുന്നതിന് സാമൂഹിക പ്രാധാന്യമുള്ള ഒരു പ്രമേയം യുനെ



സ്കോ നിർദേശിക്കാറുണ്ട്. 'അക്ഷരം പഠിപ്പിക്കലും പഠിക്കലും കോവിഡ് 19 പ്രതിസന്ധി കാലത്തും അതിനുശേഷവും' എന്നതാണ് ഈ വർഷത്തെ പ്രമേയം. ആയുഷ്കാലവിദ്യാഭ്യാസമെന്ന സങ്കൽപ്പത്തിന്റെ പശ്ചാത്തലത്തിൽ, യുവജനവയോജനവിദ്യാഭ്യാസം ഈ കാലഘട്ടത്തിൽ നേരിടുന്ന പ്രതിസന്ധികൾ ഗൗരവപൂർവം ചർച്ചചെയ്യാനും ഈ പ്രക്രിയയിൽ വിദ്യാഭ്യാസപ്രവർത്തകർക്കും മാറുന്ന ബോധനശാസ്ത്രത്തിനും ഉള്ള സവിശേഷമായ സ്ഥാനം ഊന്നിപ്പറയാനും ഉള്ള അവസരമായിട്ട് ഈ ദിനാചരണപരിപാടികളെ മാറ്റണമെന്നാണ് യുനെസ്കോ നിർദേശിച്ചത്.

കോവിഡ് 19 മനുഷ്യന്റെ സാമൂഹികജീവിതത്തിന് ഏൽപ്പിച്ചിട്ടുള്ള ആഘാതം ചെറുതല്ല. വ്യവസായസ്ഥാപനങ്ങൾ പൂട്ടി, കോടിക്കണക്കിനാളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. ജീവിതം വഴിമുട്ടി. പട്ടിണിയും അരക്ഷിതാവസ്ഥയും സമൂഹത്തിൽ വ്യാപിക്കുകയാണ്. വിദ്യാഭ്യാസമേഖലയിൽ പൊതുവെയും അനൗപചാരികവിദ്യാഭ്യാസരംഗത്ത് പ്രത്യേകിച്ചും ഈ കാലഘട്ടം സൃഷ്ടിച്ച പ്രത്യാഘാതം ഗുരുതരമാണ്. വിദ്യാലയങ്ങൾ അടച്ചിട്ടിരിക്കുകയാണ്. യുനെസ്കോയുടെ ഒരു പഠനം വ്യക്തമാക്കുന്നത് മുപ്പതു ലക്ഷത്തോളം കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങിയിരിക്കുന്നു. മിക്ക രാഷ്ട്രങ്ങളിലും വയോജനവിദ്യാഭ്യാസപരിപാടികൾ നിർത്തലാക്കിയിരിക്കുന്നു. അനൗപചാരികവിദ്യാഭ്യാസമേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വർ തൊഴിൽ നഷ്ടപ്പെട്ട് പട്ടിണിയിലായി. ഇന്റർനെറ്റും കമ്പ്യൂട്ടറും ടെലിവിഷനും റേഡിയോയും മൊബൈൽ ഫോണും പ്രയോജനപ്പെടുത്തിക്കൊണ്ട് ഈ പ്രതിസന്ധിയെ മറികടക്കാൻ പല രാഷ്ട്രങ്ങളും ശ്രമിച്ചിട്ടുണ്ട്. യുനെസ്കോ 110 ഓളം രാഷ്ട്രങ്ങളിൽ നടത്തിയ പഠനം വെളിവാക്കിയത് 42



ശതമാനം രാഷ്ട്രങ്ങൾ പ്രീപ്രൈമറി സ്കൂളുകളിലും 72 ശതമാനം രാഷ്ട്രങ്ങൾ പ്രൈമറി സ്കൂളുകളിലും 77 ശതമാനം രാഷ്ട്രങ്ങൾ സെക്കൻഡറി സ്കൂളുകളിലും ഈ രീതിയിലുള്ള വിദ്യാഭ്യാസം നടപ്പാക്കിയിട്ടുണ്ടെന്നാണ്. ഭൂരിഭാഗം രാജ്യങ്ങളിലും ഇതിനുവേണ്ടി പ്രത്യേകം കരിക്കുലം തയ്യാറാക്കി.

കോവിഡ് കാലത്തു മാത്രമല്ല, തുടർന്നും ഈ മാധ്യമങ്ങളെ നമുക്ക് ഉപയോഗിക്കേണ്ടിവരും. പുത്തൻ സാങ്കേതികവിദ്യകളുടെ സഹായം സാമൂഹികജീവിതം മെച്ചപ്പെടുത്തുന്നതിന് അനുപേക്ഷണീയമാണ്.

ഇക്കാര്യത്തിൽ കേരളം സുപ്രധാനമായ ഇടപെടലാണ് നടത്തിയത്. ഡിജിറ്റൽ പഠനരീതിയുടെ പരിമിതികളും പോരായ്മകളും മനസ്സിലാക്കിക്കൊണ്ട് തന്നെ, നമ്മുടെ സ്കൂൾ-കോളേജ് വിദ്യാഭ്യാസം ഒരു പരിധിയോളം ഓൺലൈനായി, മുടക്കംകൂടാതെ മുന്നോട്ടു കൊണ്ടുപോകാൻ നമുക്കായി. സർക്കാർ മാത്രമല്ല, ബഹുജനപ്രസ്ഥാനങ്ങളും അതിന്റെ ഭാഗമായപ്പോൾ സാങ്കേതികവിദ്യയുടെ ലഭ്യതയില്ലായ്മയും മറ്റു പ്രശ്നങ്ങളും പരിഹരിക്കാൻ കേരളത്തിൽ സാധിച്ചു.

ഈ പ്രതിസന്ധിക്കുശേഷമുള്ള പഠനപ്രക്രിയയിലും ഈ രീതിയുടെ സ്വാധീനം ശക്തമായി നിലനിൽക്കുകതന്നെ ചെയ്യും. പക്ഷേ, ഇതാണ് ശരിയായ, പിന്തുടരേണ്ട പാത എന്ന സമീപനം അംഗീകരിക്കാനാവില്ല. കാരണം ഡിജിറ്റൽ മേഖലയിലെ വിടവ് വളരെ വലുതാണ്. കേരളത്തിൽനിന്ന് നോക്കുമ്പോൾ, കമ്പ്യൂട്ടറും ഇന്റർനെറ്റും മൊബൈൽഫോണും എല്ലാം സുലഭമായി കാണാം. എന്നാൽ ലോകത്തിന്റെ പൊതു അവസ്ഥ ഇതല്ല. വിവരവിനിമയ സാങ്കേതികവിദ്യകളുടെ ലഭ്യതയുടെയും പ്രാപ്യതയുടെയും കാര്യത്തിൽ അതിഭീമമായ അന്തരം രാഷ്ട്രങ്ങൾ തമ്മിൽ നിലനിൽക്കുന്നുണ്ട്. ലോകജനസംഖ്യയുടെ 11 ശതമാനത്തിനു മാത്രമേ ഇന്റർനെറ്റ് സൗകര്യങ്ങളുള്ളൂ. ഇവരിൽ 90 ശതമാനവും വികസിതവ്യാവസായിക രാഷ്ട്രങ്ങളിലുള്ളവരാണ്. ആഗോളതലത്തിൽ വിവരസാങ്കേതികവിദ്യാ വിപ്ലവത്തെക്കുറിച്ച് പെരുമ്പറഘോഷം മുഴങ്ങുമ്പോൾ ആകെ കണക്കിവിറ്റിയുടെ 10 ശതമാനം മാത്രമേ ലോകജനസംഖ്യയിലെ 82 ശതമാനത്തിന്റെ കൈവശമുള്ളൂ എന്നുകൂടി ഓർക്കണം. സാമ്പത്തികരംഗത്തെ അസമത്വം പോലെതന്നെ ഡിജിറ്റൽരംഗത്തും അസമത്വം നിലനിൽക്കുന്നുണ്ട്.



ഇതെല്ലാം പരിഗണിച്ചുകൊണ്ട് വേണം കോവിഡിനുശേഷമുള്ള കാലത്തെ വിദ്യാഭ്യാസ പ്രവർത്തനത്തിന് രൂപം നൽകേണ്ടത്. ഏത് സാങ്കേതികവിദ്യയും മനുഷ്യന്റെ ജീവിതപ്രയാസങ്ങൾ ദൂരീകരിക്കുന്ന വിധത്തിൽ പ്രയോജനപ്പെടുത്താൻ നമുക്കാവണം.

സാക്ഷരത കേവലം അക്ഷരംപഠിക്കലല്ല എന്നു നമുക്കറിയാം. അനന്തവിശാലമായ വിജ്ഞാനപ്രപഞ്ചത്തിലേക്ക് കടക്കാനുള്ള ആദ്യചുവടുവയ്പ് മാത്രമാണ് അത്. തന്റെ അതിമനോഹരങ്ങളായ കവിതകളിലൂടെയും ഗാനങ്ങളിലൂടെയും സാക്ഷരതാപ്രവർത്തനത്തിന് ഊർജം നൽകിയ മുല്ലനേഴിമാഷുടെ കവിതയിലെ ഏതാനും വരികളോടെ അവസാനിപ്പിക്കട്ടെ.

അക്ഷരംതൊട്ടു തുടങ്ങാം നമുക്കൊരേ,
ആകാശം വീണ്ടുകിട്ടാൻ,
ഇന്നലെയോളം കണ്ടകിനാവുകൾ,
ഈജന്മം തന്നെ നേടാൻ,
ഉള്ളവർ ഇല്ലാത്തവർ എന്ന ഭേദമീ
ഊഴിയിൽ ഇല്ലാതെയാക്കാൻ... ◘



1928–ൽ ജനിച്ച പ്രൊഫ. എം.കെ.സാനു ഒരു നൂറ്റാണ്ടോളം എത്തിച്ചേർന്ന ജീവിതാനുഭവങ്ങളുടെയും സാമൂഹിക ജാഗ്രതയുടെയും പേരാണ്. നവോത്ഥാനപരമായ ആശയങ്ങൾ ഉഴുതുമറിച്ചിട്ട കേരള മണ്ണിൽ പുരോഗമനപരമായ കാഴ്ചപ്പാട് വളർന്നു തെഴുക്കുന്നതും കതിർക്കുലകളായി വിളഞ്ഞു പാകംവരുന്നതും നോക്കിക്കാണുവാൻ മാത്രമല്ല പങ്കാളിയാകാനും സാനുമാഷിന് സാധിച്ചിട്ടുണ്ട്. ശുദ്ധിയും

(ഫോട്ടോ കടപ്പാട്:ജനയുഗം)

**സംഭാഷണം** | പ്രൊഫ.എം.കെ.സാനു/ ഡോ.സുമി ജോയി ഓലിയപ്പുറം

# പ്രബുദ്ധകേരളത്തെ രൂപപ്പെടുത്തിയത് അനൗപചാരികവിദ്യാഭ്യാസം

## പ്രൊഫ.എം.കെ.സാനു

വൃത്തിയും ആരോഗ്യകരമായ ശീലങ്ങളും പുലർത്താനും സഹജീവികളോട് ആദരവും കരുണയും ശീലിക്കാനും അക്ഷരം പഠിക്കാനും വായിച്ചുവളർന്ന് സംഘടിതരായി ശക്തിയാർജിക്കാനുമുള്ള ആഹ്വാനങ്ങളും പ്രവൃത്തികളും പ്രസംഗങ്ങളുമായി അദ്ദേഹവും പൂർവ ഐക്യകേരളത്തിൽ ജാഗ്രത്തായി പങ്കുചേർന്നിട്ടുണ്ട്. പിൽക്കാലത്ത് എംഎൽഎ എന്ന നിലയിൽ, എറണാകുളം ജില്ലയിൽ സമ്പൂർണ സാക്ഷരതാപ്രവർത്തനങ്ങളുടെ പ്രവർത്തകനും സംഘാടകനുമായി മാറാനും മാഷിന് സാധിച്ചു. രണ്ട് കാലഘട്ടങ്ങളിലായി അടയാളപ്പെട്ടുകിടക്കുന്ന അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ചരിത്രം സാനുമാഷിന് അവകാശപ്പെട്ടതാണ്. സമകാലികമായ ചിന്തകളും ജാഗ്രതയുള്ള തിരിച്ചറിവുകളുമായി ഉണർന്നിരുന്നുകൊണ്ട് കേരള സമൂഹത്തെ ഇപ്പോഴും പ്രബുദ്ധവും വിമോചനാത്മകവുമാക്കി പരിവർത്തിപ്പിക്കാൻ ഉത്സുകിയായ കർമധീരനാണ് താനെന്ന് സാംസ്കാരിക കേരളത്തെ അനുനിമിഷം ഓർമിപ്പിച്ചുകൊണ്ടിരിക്കുന്ന മനുഷ്യസ്നേഹിയായ ചിന്തകൻ കൂടിയാണ് സാനുമാഷ്. കേരളത്തിന്റെ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ചരിത്രവും രാഷ്ട്രീയവും മാത്രമല്ല അത്തരം പ്രവർത്തനങ്ങൾ പുതിയ കാലത്തും തുടരേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും സാനുമാഷ് ഈ അഭിമുഖത്തിലൂടെ ഊന്നിപ്പറയുന്നു.

**ആദ്യംതന്നെ നവോത്ഥാന കാലഘട്ടത്തിൽ നിന്നു തുടങ്ങാമെന്നു കരുതുന്നു. കേരളത്തിൽ ഔചാരിക വിദ്യാഭ്യാസരംഗം ആരംഭിക്കുന്നതിനും സജീവമാകുന്നതിനും മുമ്പേ നവോത്ഥാന നായകരുടെ നേതൃത്വത്തിൽ സംഘടിതരാകാനും സഹജീവികളായി ചരാചരങ്ങളെ കാണാനും ശുദ്ധിയുള്ളവരാകാനും നല്ല ശീലങ്ങൾ പാലിക്കാനും ഇതര മനുഷ്യരെ സഹോദരതുല്യരായി വീക്ഷിക്കാനുമുള്ള പ്രബോധനങ്ങളും പ്രവർത്തനങ്ങളും ആരംഭിക്കുകയും വിപുലമായി പ്രചരണം നേടുകയും ചെയ്തിട്ടുണ്ടല്ലോ. കേരളം രൂപപ്പെട്ടതിന്റെ ആധാരശിലകൾ പോലുമാണവ. ആ കാലത്തോട് പ്രതികരിക്കാമോ?**

ശരിയാണ്. മഹായുഗന്മാരായ നവോത്ഥാന നായകരെ മുഴുവൻ ഞാൻ പരാമർശിക്കുന്നില്ല, വേണ്ടതാണെങ്കിലും. എന്റെ അനുഭവങ്ങൾ പറയാമെന്നു കരുതുന്നു. ശ്രീനാരായണ ഗുരുവിന്റെ പ്രഭാവം ചലനാ



സൈബർ യുഗം ആരംഭിക്കുന്നതുവരെ ജനകീയപ്രബോധനത്തിനുള്ള ഉപാധി പ്രസംഗം

ത്മകമായി വർത്തിക്കുമ്പോഴാണ് ഞാൻ യൗവനത്തിലേക്ക് കാലൂന്നുന്നത്. ആശയപ്രചരണം അന്നത്തെ അന്തരീക്ഷത്തിന്റെ ഭാഗമായിരുന്നു. ജാതീകൃതമായ ഉച്ചനീചത്വങ്ങൾക്കെതിരായ ആശയപ്രചരണം. അതിനെ കേന്ദ്രീകരിച്ചുകൊണ്ട് നാലുപാടുമുള്ള അനാചാരങ്ങളെയും മാനസികവൈകല്യങ്ങളെയും പരിഹരിക്കാനുള്ള പരിശ്രമവും തുടർന്നുപോന്നു. വൈകല്യങ്ങളിലൊന്ന് മദ്യപാനമായിരുന്നു. മദ്യപാനത്തിനെതിരെ അന്ന് പ്രചരണം നടന്നുകൊണ്ടിരുന്നു. പ്രചരണത്തിൽ പാട്ടും ഒരുപാധിയായിരുന്നു.

‘ചെത്താൻ പോകരുതച്ഛനിനിമേലിൽ
ചെത്താൻ പോകരുതച്ഛനിനിമേലിൽ
കുട്ടികളായുള്ള ഞങ്ങളെയെല്ലാവരും
കൊട്ടികളെന്ന് വിളിക്കുന്നെന്റെയച്ഛാ’

എന്ന പാട്ട് മറ്റു കുട്ടികളോടൊപ്പം ഞാനും പാടിയതോർക്കുന്നു. അതേപ്പറ്റി പ്രസംഗങ്ങളും നടന്നിരുന്നു. അതുപോലെ ആളുകളെ അക്ഷരങ്ങൾ പഠിപ്പിക്കുന്നതിനുള്ള ശ്രമവും ആ പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്നു. ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന കാലത്തുതന്നെ മധ്യവയസ്കരെ എഴുതാനും വായിക്കാനും പഠിപ്പിക്കുന്ന ചുമതല എനിക്ക് ഏറ്റെടുക്കേണ്ടതായി വന്നു. ഇന്നത്തെ വയോജനവിദ്യാഭ്യാസത്തിന്റെ ആരംഭം അന്നാണെന്നു പറയാം. ഇതിനെല്ലാം പ്രേരകമായി ധാരാളം പ്രസംഗങ്ങൾ നാലുപാടും നടന്നുകൊണ്ടിരുന്നു. പിന്നീട് സൈബർ യുഗം ആരംഭിക്കുന്നതുവരെ ജനകീയപ്രബോധനത്തിനുള്ള ഉപാധി പ്രസംഗമായിരുന്നു. സാമൂഹ്യപ്രശ്നങ്ങൾ മാത്രമല്ല സാഹിത്യംപോലും പ്രസംഗത്തിലൂടെയാണ് അക്കാലത്തെ ജനങ്ങളിൽ പ്രചരിച്ചത്. പുരോഗമനസാഹിത്യത്തിന്റെ ആവിർഭാവം സാഹിത്യപ്രസംഗങ്ങളുടെ എണ്ണം വല്ലാതെ വർധിപ്പിക്കുകയും ചെയ്തു.

ട്രേഡ് യൂണിയനുകളുടെ ആവിർഭാവം, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉദയം എന്നിവ സംഭവിച്ചതോടെ പ്രസംഗങ്ങളുടെ വസന്തകാലമായി. സംഘടനയുടെ ആവശ്യം, വർഗബോധം, അവകാശം നേടൽ മുതലായ എത്രയോ നീറുന്ന പ്രശ്നങ്ങൾ പ്രസംഗത്തിലൂടെ തൊഴിലാളികൾക്കിടയിലും സാധാരണക്കാർക്കിടയിലും ചർച്ചാവിഷയമായിത്തീർന്നു. പലതിലും പങ്കെടുത്ത ഒരാളെന്ന നിലയിൽ കേരളത്തിലെ അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ആരംഭം അതാണെന്നു പറയാൻ ഞാൻ സംശയിക്കുന്നില്ല.

**അനൗപചാരിക വിദ്യാഭ്യാസത്തിനുള്ള ഉപാധിയായി കവിതകൾ മാറിയതിന്റെ സ്മരണകളോ നിദർശനങ്ങളോ ചൂണ്ടിക്കാണിക്കാമോ?**

കുമാരനാശാന്റെ കവിത ഹൃദിസ്ഥമായി ചൊല്ലാൻ കഴിയാത്തവർ അന്നു കുറവായിരുന്നു. വായിച്ച് ഹൃദിസ്ഥമാക്കിയതല്ല, ചൊല്ലിക്കേട്ട് ഹൃദിസ്ഥമാക്കിയതാണ്.

‘നരനു നരനശുദ്ധവസ്തുപോലും
ധരയിൽ നടപ്പതു തീണ്ടലാണു പോലും
നരകമിവിടമാണ് ഹന്ത! കഷ്ടം
ധരയിതിലിങ്ങനെ വല്ല നാടുമുണ്ടോ’

എന്നതുപോലുള്ള വരികൾ സാധാരണ ജനങ്ങൾക്ക് ചൊല്ലാൻ ഒരു പ്രയാസവുമില്ലായിരുന്നു.

**സഹോദരൻ അയ്യപ്പന്റെ ജീവചരിത്രം രചിച്ച ആളാണല്ലോ മാഷ്. അടുത്ത പരിചയവും ഉണ്ടായിരുന്നു. ഉൽപ്പതിഷ്ണുവും ധീരനും ഉത്സാഹിയുമായ സഹോദരൻ അയ്യപ്പൻ ഗുരു ദൈവദശകം രചിച്ചപ്പോൾ സയൻസ് ദശകം രചിച്ച ആളാണല്ലോ. സമൂഹത്തെ പഠിപ്പിക്കുന്നതിൽ സഹോദരൻ അയ്യപ്പൻ വഹിച്ച പങ്കിനെ മാഷ് വിലയിരുത്തുന്നതെങ്ങനെയാണ്?**

ഏതാണ്ട് ഇക്കാലത്തു തന്നെ കൊച്ചിയിൽ സഹോദരൻ അയ്യപ്പൻ ജാതിക്കും ജാതിയോടു ബന്ധപ്പെട്ട അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരായി തന്റെ ശക്തമായ പ്രചാരണം തുടർന്നു കൊണ്ടിരുന്നു.

ആലുവാമണപ്പുറം അദ്ദേഹത്തിന്റെ ഒരു കളരിയായിരുന്നു. മേശപ്പുറത്ത് കയറി നിന്ന് ജാതിക്കെതിരായും അനാചാരങ്ങൾക്കെതിരായും അദ്ദേഹം ചെയ്യുന്ന ഉജ്ജ്വലമായ പ്രസംഗമായിരുന്നു.

**ഗമായിരുന്നു. സാമൂഹ്യപ്രശ്നങ്ങൾ മാത്രമല്ല സാഹിത്യംപോലും പ്രസംഗത്തിലൂടെയാണ് അക്കാലത്തെ ജനങ്ങളിൽ പ്രചരിച്ചത്. പുരോഗമനസാഹിത്യത്തിന്റെ ആവിർഭാവം സാഹിത്യപ്രസംഗങ്ങളുടെ എണ്ണം വല്ലാതെ വർധിപ്പിക്കുകയും ചെയ്തു.**



ഗങ്ങൾ കേട്ടതിനെക്കുറിച്ച് കേശവദേവ് തന്റെ ആത്മകഥയിൽ വിവരിക്കുന്നുണ്ട്. അവിടം മാത്രമല്ല നാടിന്റെ നാനാഭാഗങ്ങളിലും പ്രസംഗകനായ സഹോദരനയ്യപ്പന്റെ സാന്നിധ്യം ഉണ്ടായിരുന്നു. പ്രസംഗത്തോടൊപ്പം പത്രപ്രവർത്തനവും കവിതാരചനയുംകൂടി ആശയപ്രചരണത്തിന് അദ്ദേഹം ഉപയോഗിച്ചുപോന്നു. തെറിപ്പാട്ടുപാടി കൊടുങ്ങല്ലൂരേക്കു പോകുന്ന ഭ്രാന്തുപിടിച്ച ജനക്കൂട്ടത്തിനു മുമ്പാകെ 'ഭരണിക്കു പോകല്ലേ സോദരരേ' എന്ന് സ്വന്തം പാട്ടുപാടി സാഹസികമായി നിലകൊണ്ട സഹോദരനയ്യപ്പന്റെ വീറ് പത്രപ്രവർത്തനത്തിലും അതുപോലെ തുടർന്നു.

'ജാതി വേണ്ട മതം വേണ്ട
ദൈവം വേണ്ട മനുഷ്യന്
വേണം ധർമം വേണം ധർമം
വേണം ധർമം യഥോചിതം'

എന്ന ധർമഗാനം നാട്ടുകാരുടെ നാവിൽ അക്കാലത്ത് നടനം ചെയ്തിരുന്നു. ശ്രീനാരായണ ഗുരു ദൈവദശകം രചിച്ചതിനു പിന്നാലെയാണ് അദ്ദേഹം സയൻസ് ദശകം രചിച്ച് പ്രചരിപ്പിച്ചത്.

“സയൻസാൽ ദീപ്തമീലോകം
സയൻസാൽ അഭിവൃദ്ധികൾ
സയൻസെന്യേ തമസ്സെല്ലാം
സയൻസിന്നു തൊഴുന്നു ഞാൻ”

എന്നതുപോലുള്ള ശ്ലോകങ്ങളാണ് അദ്ദേഹം ജനമധ്യത്തിൽ പ്രചരിപ്പിച്ചത്. എല്ലാത്തിനും ഉപരിയായി ആശയസമ്പുഷ്ടവും യുക്തിബദ്ധവുമായ പ്രസംഗങ്ങളായിരുന്നു അദ്ദേഹത്തിന്റെ മുഖ്യമായ ആയുധം. അദ്ദേഹത്തിന്റെ മാതൃക അനുകരിക്കാൻ കൊച്ചിയുടെയും തിരുവിതാംകൂറിന്റെയും പല ഭാഗങ്ങളിലും അനേകം അനുയായികൾ ഉത്സാഹപൂർവം പരിശ്രമിക്കുകയും ചെയ്തു.

**കേരളത്തെ പുരോഗമനകേരളമായി നിലനിർത്തുന്നതിനുവേണ്ട കരുക്കൾ പകർന്നു നൽകിയ അനൗപചാരിക വിദ്യാഭ്യാസമായാണല്ലോ നവോത്ഥാന കാലത്തെ പ്രബോധനങ്ങളും ആഹ്വാനങ്ങളും നിലകൊണ്ടത്. ഇന്നത്തെ കാലത്തുനിന്നുകൊണ്ട് അവ വഹിച്ചപങ്ക് വിലയിരുത്താമോ?**


മുകളിൽ പറഞ്ഞത് എല്ലാം ചേർന്നാൽ അനൗപചാരിക വിദ്യാഭ്യാസമായി. ആ അനൗപചാരികവിദ്യാഭ്യാസമാണ് കേരളീയ ജനതയുടെ പ്രബുദ്ധതയിലേക്കുള്ള വളർച്ചയിൽ അടിസ്ഥാനശിലയായി തീർന്നത്.

**ഐക്യകേരളം രൂപപ്പെട്ടതിനുശേഷം മുകളിൽ പറഞ്ഞ അനൗപചാരിക വിദ്യാഭ്യാസത്തിന് തുടർച്ചകൾ ഉണ്ടായിരുന്നോ?**

കേരളം രൂപംപ്രാപിച്ചതിനുശേഷം അനൗപചാരികവിദ്യാഭ്യാസത്തിന് തുടർച്ച ഉണ്ടായിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഗ്രന്ഥശാലാസംഘം, ശാസ്ത്രസാഹിത്യ പരിഷത്ത് മുതലായ പ്രസ്ഥാനങ്ങൾ അതേറ്റെടുത്തിരുന്നു. അവരും പ്രബുദ്ധമായ വീക്ഷണത്തിലേക്കുള്ള പാത തെളിക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട് എന്നുള്ളത് നിഷേധിക്കാനാകാത്ത വസ്തുതയാണ്. എറണാകുളത്ത് സമ്പൂർണ സാക്ഷരത കൈവരിക്കുന്നതിനുള്ള പരിശ്രമത്തിൽ സൂത്രധാരത്വം വഹിച്ചത് ശാസ്ത്രസാഹിത്യ പരിഷത്താണ്. അതിൽ സജീവമായി പങ്കെടുത്തവരുടെ കൂട്ടത്തിൽ ഞാനുമുണ്ടായിരുന്നു.

**രണ്ടു കാലഘട്ടങ്ങളിലായി രണ്ടു രീതിയിൽ അക്ഷരമറിയാത്തവരെ എഴുത്തു പഠിപ്പിക്കാനുള്ള ശ്രമത്തിൽ പങ്കെടുത്ത ആളാണ് മാഷ് ?**

അതെ. അങ്ങനെയൊരു ഭാഗ്യം ലഭിച്ചു. അധ്യാപനത്തോടുള്ള ആസക്തി കൊണ്ടാകണം എന്നു കരുതുന്നു. ഇന്നും അതേ




താൽപ്പര്യം മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

**സൈബർ യുഗത്തിൽ അനൗപചാരിക വിദ്യാഭ്യാസത്തിന്റെ തുടർച്ചകൾ എങ്ങനെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?**

സാമൂഹ്യമാധ്യമങ്ങൾ പ്രചരിച്ച സാഹചര്യത്തിൽ അനൗപചാരിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി കുറയാൻ സാധ്യതയുണ്ടെന്ന് തോന്നാവുന്നതാണ്. വാർത്തകൾക്കും വാർത്താ വിശകലനങ്ങൾക്കും ആശയപ്രകാശനങ്ങൾക്കും അനായാസമായി ഉപക



> അറുപതും എഴുപതും കഴിഞ്ഞ വൃദ്ധജനങ്ങളെക്കൊണ്ട് സ്വന്തം പേരെഴുതിക്കുകയും തുടർന്ന് വാക്യമെഴുതിക്കുകയും ചെയ്യുന്നതിൽ ഉണ്ടായ വിജയം എന്നിൽ സൃഷ്ടിച്ച ആഹ്ലാദ ത്തിന് അതിരില്ല. സമ്പൂർണസാക്ഷരതയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ അധ്യാപകനായും സംഘാടകനായും പങ്കെ ടുക്കാൻ കഴിഞ്ഞത് അഭിമാനപൂർവം സ്മരിക്കുന്നു.



രിക്കുന്ന ഒന്നാണല്ലോ സാമൂഹ്യ മാധ്യമങ്ങൾ. എന്നാൽ പ്രായോഗിക ജീവിതത്തിൽ എനിക്ക് അനുഭവപ്പെടുന്നത് അതിന്റെ പരിമിതികളാണ്. പരിമിതികൾ മാത്രമല്ല വൈകല്യങ്ങളും ഞാൻ കാണുന്നു. നല്ല കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിനു പകരം മലിനമായ കാര്യങ്ങൾ പ്രചരിക്കുന്നതിന് സാമൂഹ്യമാധ്യമങ്ങൾ ഉപാധികളായിത്തീരുന്നു എന്നത് പ്രബുദ്ധതയുടെ വളർച്ചയ്ക്ക് വിഘാതമായി നിൽക്കുന്ന വസ്തുതയാണ്. അതുകൊണ്ട് അനൗപചാരിക വിദ്യാഭ്യാസം ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ പൊതുരംഗത്ത് തുടർന്നുകൊണ്ടിരിക്കേണ്ടത് രാജ്യശ്രേയസ്സിന് ഒഴിച്ചുകൂടാൻ വയ്യാത്തതാണെന്ന് കരുതുന്നു.

**മാഷ് എം എൽ എ ആയിരുന്നപ്പോഴാണല്ലോ എറണാകുളം ജില്ല സമ്പൂർണ സാക്ഷരത കൈവരിക്കുന്നത്. അക്കാലത്തെ പ്രവർത്തനങ്ങളെക്കുറിച്ച് പറയാമോ?**

എം എൽ എ ആയിരുന്ന കാലത്ത് എറണാകുളത്തെ സമ്പൂർണ സാക്ഷരതയിലേക്ക് നയിക്കുന്നതിനുവേണ്ടി നടന്ന പരിശ്രമങ്ങളിൽ പങ്കെടുക്കാനുള്ള ഭാഗ്യം എനിക്ക് സിദ്ധിച്ചിരുന്നു. ആവേശജനകമായിരുന്നു ആ അനുഭവം. അറുപതും എഴുപതും കഴിഞ്ഞ വൃദ്ധജനങ്ങളെക്കൊണ്ട് സ്വന്തം പേരെഴുതിക്കുകയും തുടർന്ന് വാക്യമെഴുതിക്കുകയും ചെയ്യുന്നതിൽ ഉണ്ടായ വിജയം എന്നിൽ സൃഷ്ടിച്ച ആഹ്ലാദത്തിന് അതിരില്ല. സമ്പൂർണസാക്ഷരതയ്ക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ അധ്യാപകനായും സംഘാടകനായും പങ്കെടുക്കാൻ കഴിഞ്ഞത് അഭിമാനപൂർവം സ്മരിക്കുന്നു.


**സംസ്ഥാനത്ത് ഇന്ന് സാക്ഷരതാ മിഷൻ വിപുലമായ പ്രവർത്തനങ്ങളിലൂടെ ഏറെ സജീവമാണ്. സാക്ഷരതാ മിഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? കേരളസാക്ഷരതാമിഷന് നൽകാനുള്ള സന്ദേശമെന്താണ്?**

ഡോ. പി. എസ്. ശ്രീകലയുടെ നേതൃത്വത്തിൽ നമ്മുടെ കേരള സാക്ഷരതാമിഷൻ വിശാലമായ മേഖലകളിലേക്ക് വ്യാപിക്കുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജലസാക്ഷരത, ഭരണഘടനാസാക്ഷരത, വൈദ്യുതി സാക്ഷരത ഇങ്ങനെ വിവിധ മേഖലകളിലേക്ക് വ്യാപിക്കുന്നതിലൂടെ ജനങ്ങളുടെ ചുമതലാബോധവും അവകാശബോധവും ഒരുപോലെ ഉണർന്നുകൊണ്ടിരിക്കുന്നു. ഭാരതത്തിന്റെ ഭാവി അപകടത്തിൽ അകപ്പെടാതിരിക്കാൻ ജനങ്ങൾ സജീവ ജാഗ്രത പുലർത്തുന്നതിലേക്ക് ഈ പ്രവർത്തനങ്ങൾ എത്തിച്ചേരട്ടെ എന്ന് ഞാനാശംസിക്കുന്നു.

ലേഖനം

ഡോ.ടി.ഗീനാകുമാരി

# ദേശീയ വിദ്യാഭ്യാസനയം വിമർശനാത്മക വിലയിരുത്തൽ




> കൺകറന്റ് പട്ടികയിൽ നിന്ന് വിദ്യാഭ്യാസത്തെ ഫലത്തിൽ ഒഴിവാക്കുന്നത് അധികാര കേന്ദ്രീകരണത്തിന് വഴിവെക്കുകയും ഫെഡറലിസം തകർക്കുകയും ചെയ്യും. സംസ്ഥാന സർക്കാരിന്റെ നിർദേശങ്ങളും താൽപര്യങ്ങളും അവഗണിക്കുന്നതും ബഹുസ്വരതയെ അവഗണിച്ച് ഏകാത്മകതയിലേക്ക് ചുരുക്കുന്നതും സാമൂഹ്യനീതി അവഗണിക്കുന്നതുമാണ് പുതിയനയം.

സ്കൂൾ ഉന്നത വിദ്യാഭ്യാസ മേഖലകളിൽ വൻതോതിലുള്ള പരിവർത്തനങ്ങൾക്കും പരിഷ്കാരങ്ങൾക്കും വഴിയൊരുക്കുന്നതാണ് കേന്ദ്രമന്ത്രിസഭ അംഗീകരിച്ച ദേശീയ വിദ്യാഭ്യാസനയം. സ്വതന്ത്ര ഇന്ത്യയിൽ 1968 ലാണ് സാമൂഹ്യനീതിയിൽ ഊന്നൽ നൽകിക്കൊണ്ട് ഒന്നാം ദേശീയ വിദ്യാഭ്യാസനയം രൂപീകരിക്കപ്പെട്ടത്. 1986 ലെ രണ്ടാം ദേശീയ വിദ്യാഭ്യാസനയത്തിന്റെ പ്രധാനമായ ഊന്നൽ പ്രാപ്യതയായിരുന്നു. മുപ്പത്തിനാലു വർഷങ്ങൾക്കുശേഷം പ്രഖ്യാപിക്കപ്പെടുന്ന നയരേഖയെന്ന നിലയിൽ വിവരസാങ്കേതികമേഖലയിലുണ്ടായിട്ടുള്ള മുന്നേറ്റം തൊഴിൽ സാധ്യതകളിലും തൊഴിൽ സ്വാഭാവത്തിലുമുണ്ടായിട്ടുള്ള വലിയതോതിലുള്ള മാറ്റത്തിനും അനുസൃതമായ വിദ്യാഭ്യാസനയമാണ് ഉണ്ടാവേണ്ടിയിരുന്നത്.

മുമ്പുണ്ടായിരുന്ന നയരേഖകൾ തത്വചിന്താപരമായ ദർശനങ്ങളായിരുന്നുവെങ്കിൽ ഇപ്പോൾ അംഗീകരിക്കപ്പെട്ട രേഖ സാങ്കേതികതയിൽ ഊന്നിനിൽക്കുന്നതാണ്. അതായത്, വിശാലമായ വിദ്യാഭ്യാസ ദർശനങ്ങളും ഭരണഘടനാമൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന കാഴ്ചപ്പാടുകളാണ് മുമ്പുണ്ടായിരുന്ന നയമെങ്കിൽ പുതിയ വിദ്യാഭ്യാസനയം പ്രശ്നങ്ങളെ സാങ്കേതികമായി സമീപിക്കുന്നതും




വിശാല ദർശനങ്ങളെ പരിമിതപ്പെടുത്തിയുമാണ് അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ മതനിരപേക്ഷത, സാമൂഹ്യനീതി, അവസരസമത്വം, പ്രാപ്യത, ലിംഗനീതി, ജനാധിപത്യപരത, ഫെഡറൽ സമീപനം, ബഹുസ്വരത എന്നീ പരിപ്രേക്ഷ്യങ്ങൾ ഈ രേഖയിൽ സന്നിവേശിപ്പിക്കപ്പെട്ടിട്ടില്ല.

ആമുഖത്തിൽ തുല്യതയും നീതിയും പുലരുന്ന സമൂഹത്തിനനുസൃതമായ വിദ്യാഭ്യാസമാകണം, വിമർശന ചിന്തയെ (Critical thinking) പ്രോത്സാഹിപ്പിക്കണം, സ്വയം തെരഞ്ഞെടുക്കാനുള്ള അവസരമുണ്ടാകണം, ദേശീയ സമ്പത്തിന്റെ ആറുശതമാനം വിദ്യാഭ്യാസത്തിനായി ചെലവാക്കണം എന്നെല്ലാമുള്ള നിർദേശങ്ങൾ പുരോഗമനപരവും സ്വാഗതാർഹവുമാണെങ്കിലും ഉള്ളിലേക്ക് കടക്കുമ്പോൾ ഇവയൊന്നും തന്നെ പ്രാവർത്തികമാക്കുന്നതിനുള്ള സ്വാതന്ത്ര്യമോ സൗകര്യമോ സംസ്ഥാനങ്ങൾക്കോ പ്രാദേശിക സർക്കാരുകൾക്കോ പ്രദാനം ചെയ്യുന്ന രീതിയിലല്ല നയം രൂപീകരിച്ചിട്ടുള്ളത്. ഓരോ പ്രദേശത്തിന്റെയും സാധ്യതകളെ പ്രയോജനപ്പെടുത്തിക്കൊണ്ടാണ് മുന്നേറ്റങ്ങൾ സാധ്യമായത്. അതീവകേന്ദ്രീകൃതമായ ഒരു നയം രാജ്യത്താകെ നടപ്പാക്കുകയെന്നത് പ്രായോഗികമല്ല. കൺകറന്റ് പട്ടികയിൽ നിന്ന് വിദ്യാഭ്യാസത്തെ ഫലത്തിൽ ഒഴിവാക്കുന്നത് അധികാര കേന്ദ്രീകരണത്തിന് വഴിവെക്കുകയും ഫെഡറലിസം തകർക്കുകയും ചെയ്യും. സംസ്ഥാന സർക്കാരിന്റെ നിർദേശങ്ങളും താൽപ്പര്യങ്ങളും അവഗണിക്കുന്നതും ബഹുസ്വരതയെ അവഗണിച്ച് ഏകാത്മകതയിലേക്ക് ചുരുക്കുന്നതും സാമൂഹ്യനീതി അവഗണിക്കുന്നതുമാണ് പുതിയനയം.

മൂന്നുമുതൽ പതിനെട്ടു വയസ്സുവരെ നാലുഘട്ടങ്ങളായി തിരിച്ച് വിദ്യാഭ്യാസം നിർബന്ധിതമാക്കുമെന്നതാണ് പുതിയ നയത്തിലെ സവിശേഷത. മൂന്നുവയസ്സുമുതൽ എട്ടുവയസ്സുവരെയുള്ള ഒന്നാംഘട്ടം പ്രീപ്രൈമറി മുതൽ രണ്ടാം



ക്ലാസുവരെയാണ്. എട്ടുവയസ്സുമുതൽ പതിനൊന്നുവയസ്സുവരെയുള്ള രണ്ടാംഘട്ടം മൂന്നാംക്ലാസുമുതൽ അഞ്ചാം ക്ലാസുവരെയാണ്. പതിനൊന്നുവയസ്സുമുതൽ പതിനാലു വയസ്സുവരെയുള്ള മൂന്നാംഘട്ടം ആറുമുതൽ എട്ടുവരെ ക്ലാസുകളാണ്. പതിനാലുമുതൽ പതിനെട്ടുവരെ വയസ്സുവരെ ഉൾപ്പെടുത്തുന്ന നാലാംഘട്ടം. മൂന്ന്, അഞ്ച്, എട്ട്, പത്ത്, പന്ത്രണ്ട് ക്ലാസുകളിൽ മാത്രം പരീക്ഷ നടത്തുന്നതിലൂടെ എല്ലാവർഷവും പരീക്ഷയെന്ന സമ്മർദം ഒഴിവാക്കാനാകുമെന്നാണ് പുതിയ നിർദേശം. മൂന്ന്, അഞ്ച്, എട്ട് ക്ലാസുകളിൽ സ്കൂൾ തലത്തിലായിരിക്കും പരീക്ഷ. കുട്ടികളെ അതാതു സമയങ്ങളിൽ വിലയിരുത്തി മുന്നേറുന്ന സമീപനമാണ് സ്വീകരിക്കേണ്ടത്. മറിച്ച് എട്ട്, പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ പരീക്ഷകൾ പ്രമോഷൻ തടയുന്നതും അതുവഴി കൊഴിഞ്ഞുപോക്കി (Drop out) നും കാരണമാകുന്നതാകരുത്. ഒമ്പതുമുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെ സംബന്ധിച്ച കൂടുതൽ വ്യക്തത വരുത്തേണ്ടതുണ്ട്. കാലാനുസൃതമായ തൊഴിൽ പരിചയപ്പെടുത്തുന്നതാവണം. നിലവിലുള്ള അധ്യാപകരെയാണോ ഉപയോഗിക്കുന്നതെന്നും അവർക്കതിനുള്ള പരിശീലനവും ആത്മവിശ്വാസവും ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനെ സംബന്ധിച്ചും വ്യക്തത വരേണ്ടതുണ്ട്. സ്കൂൾ തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം 2020 ഓടുകൂടി അമ്പത് ശതമാനം വിദ്യാർഥികളിലേക്ക് എത്തിക്കുമെന്നതിൽ നിന്ന് ഉപരിവർഗത്തിലുള്ളവരെ നിർബന്ധിക്കാനിടയില്ലെന്ന സൂചനയുമുണ്ട്. ഉന്നതവിദ്യാഭ്യാസം പൂർണമായ വരേണ്യവൽക്കരണത്തിനും വിധേ

**സാമൂഹ്യനീതി, പ്രാപ്യത, തുല്യത എന്നീ ഘടകങ്ങളുടെ കാര്യത്തിൽ കേരളത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളും വിദ്യാലയാന്തരീക്ഷവും ലോകത്തിനുതന്നെ മാതൃകയാണ്. സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക മേഖലകളിൽ വിപ്ലവകരമായ മാറ്റം വരുത്തിയ നവോത്ഥാന പ്രസ്ഥാനവും സ്വാതന്ത്ര്യസമരപ്രസ്ഥാനവും കർഷക - കർഷകതൊഴിലാളി പ്രസ്ഥാനങ്ങളും കേരളത്തിലെ വിദ്യാഭ്യാസമേഖലയുടെ വളർച്ചയ്ക്ക് കരുത്ത് പകർന്നിട്ടുണ്ട്.**





യമായേക്കും. ഡിജിറ്റൽ ക്രഡിറ്റ് ബാങ്ക്, മൾട്ടിപ്പിൾ എൻട്രി, എക്സിറ്റ്, ഓട്ടോണമി, വിദേശ സർവകലാശാലകൾ തുടങ്ങിയവയുടെ മറവിൽ കമ്പോളത്തിന്റെ കൈപ്പിടിയിലേക്ക് ഉന്നതവിദ്യാഭ്യാസം ഒതുങ്ങുമെന്ന വിമർശനവും ശക്തമാണ്.

സംവരണത്തെ സംബന്ധിച്ചുള്ള അർഥപൂർണമായ നിശബ്ദത ഇതിനകം തന്നെ വൻപ്രതിഷേധങ്ങൾക്കിടയാക്കിയിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസമേഖലയിൽ രൂക്ഷമാകുന്ന ജാതിവിവേചനവും വിവേചനാന്തരീക്ഷത്തെയും ബോധപൂർവം വിസ്മരിക്കുന്നതാണ് പുത്തൻ ദേശീയ വിദ്യാഭ്യാസനയം. ഉന്നതവിദ്യാഭ്യാസമേഖലയിൽ പാർശ്വവൽകൃത ജനവിഭാഗങ്ങളിൽ നിന്നുള്ള കുട്ടികളുടെ പ്രാതിനിധ്യത്തിലുണ്ടാവുന്ന കുറവ് പരിഹരിക്കുകയെന്നത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. നിലവിൽ ഒ.ബി.സി 35 ശതമാനം, പട്ടികജാതി 14.4 ശതമാനം, പട്ടികവർഗം 5.2 ശതമാനം, മുസ്ലീം 5 ശതമാനം, ഇതര നൂനപക്ഷ വിഭാഗങ്ങൾ 2.2 ശതമാനവുമാണ് പ്രാതിനിധ്യം. പിന്നാക്കവിഭാഗങ്ങൾക്കുള്ള 27 ശതമാനം സംവരണം നടപ്പിലാക്കാൻ പോലും രാജ്യത്തെ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ തയ്യാറാകുന്നില്ല. അതുപരിഹരിക്കാനുള്ള നിർദേശങ്ങളൊന്നുമില്ലെന്നതു ശ്രദ്ധേയമാണ്.

എന്നാൽ ഭൂരിപക്ഷ കാഴ്ചപ്പാടുകളും അധീശത്വവുമുള്ള വിഭാഗങ്ങളുടെ സംസ്കാരത്തെ പ്രോത്സാഹിപ്പിച്ച് ഇന്ത്യൻ കാഴ്ചപ്പാടാക്കിയെടുക്കാനുമുള്ള സമീപനം ഈ നയരേഖയിലുണ്ട്. നളന്ദ ദൗത്യം, തക്ഷശില ദൗത്യം, ഇന്റിക് പഠന വകുപ്പുകൾ, കാദംബരി, ബാബിഭട്ടൻ, ഭാരതീയ പൈതൃകം, കലകൾ, യോഗ തുടങ്ങിയവ ഉൾച്ചേർക്കാൻ മറന്നിട്ടില്ലെന്നതും ശ്രദ്ധേയമാണ്.

സാമൂഹ്യനീതി, പ്രാപ്യത, തുല്യത എന്നീ ഘടകങ്ങളുടെ കാര്യത്തിൽ കേരളത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളും വിദ്യാലയാന്തരീക്ഷവും ലോകത്തിനുതന്നെ മാതൃകയാണ്. സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക മേഖലകളിൽ വിപ്ലവകരമായ മാറ്റം വരുത്തിയ നവോത്ഥാന പ്രസ്ഥാനവും സ്വാതന്ത്ര്യസമരപ്രസ്ഥാനവും കർഷക - കർഷകതൊഴിലാളി പ്രസ്ഥാനങ്ങളും കേരളത്തിലെ വിദ്യാഭ്യാസമേഖലയുടെ വളർച്ചയ്ക്ക് കരുത്ത് പകർന്നിട്ടുണ്ട്. രാജ്യത്തിന്റെ വൈവിധ്യത്തെ ഉൾക്കൊള്ളാതെ പുനരുദ്ധാനപരമായ ചരിത്രസമീപനങ്ങളും ഏകാത്മകദേശീയതയും ഉൾച്ചേർത്തതും സാമൂഹ്യനീതിയും അവസര സമത്വവും ജനാധിപത്യമതനിരപേക്ഷ മൂല്യങ്ങളും ഉൾച്ചേർക്കാത്തതുമായ വിദ്യാഭ്യാസനയം പുരോഗമനപരമല്ലെന്നു മാത്രമല്ല വരേണ്യവൽക്കരണത്തിനും കമ്പോളവൽക്കരണത്തിനും കൂടുതൽ പ്രോത്സാഹനം നൽകുന്നതുമാണെന്നതിൽ സംശയമില്ല. ▫

സിനിമ

എൻ.പി.മുരളീകൃഷ്ണൻ

കോവിഡ് കാലത്തെ കലാരംഗത്തിന്റെ പ്രതിരോധമായി മഹേഷ് നാരായണന്റെ 'സീ യു സൂൺ' എന്ന സിനിമയെ കാണാം. ലോക്ക്ഡൗൺ മറ്റെല്ലാ തൊഴിലിടങ്ങളെയും ബാധിച്ചതുപോലെ സിനിമാ മേഖലയെയും അടച്ചിടലിന് വിധേയമാക്കി. സിനിമാ ചിത്രീകരണത്തെയും തിയേറ്ററുകളെയും നിശ്ചലമാക്കി മാസങ്ങൾ നീണ്ട ഈ അനിശ്ചിതത്വത്തിന് വിരാമമിട്ടു കൊണ്ടാണ് മഹേഷ് നാരായണനും സംഘവും ലോക്ക് ഡൗൺ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഒരു സിനിമ ചെയ്തത്. സിനിമയുടെ ചിത്രീകരണം വിജയകരമായി പൂർത്തിയാക്കാനും ഓൺലൈൻ പ്ലാറ്റ്ഫോം വഴി അത് കാണികളിലെത്തിക്കാനും കഴിഞ്ഞതോടെ സീ യു സൂൺ എന്ന സിനിമ മലയാള സിനിമാ ചരിത്രത്തിന്റെ സുപ്രധാന നാഴികക്കല്ലുകളിലൊന്നായി അടയാളപ്പെടുത്തപ്പെട്ടു.

കഥാപാത്രങ്ങൾ നേരിൽ കാണാത്ത, മൂവി ക്യാമറയ്ക്കും ഔട്ട്ഡോർ ഫ്രെയിമുകൾക്കും പ്രസക്തിയില്ലാത്ത, വെർച്വൽ ലോകത്തിലൂടെ മാത്രം സഞ്ചരിക്കുന്ന ഈ നിർമ്മാണ മാതൃക മലയാളത്തിൽ ആദ്യത്തേതാണ്. ഇനി ഏറെ അനുകരിക്കപ്പെട്ടേക്കാവുന്നതും.





കോവിഡ് കാലത്തിനുശേഷമുള്ള സിനിമയെ പ്പറ്റി ഇൻഡസ്ട്രി ആലോചിക്കുമ്പോൾ കോവിഡ് കാല മാർഗനിർദേശങ്ങൾ പാലിച്ച് നിർമ്മിക്കപ്പെട്ട സീ യു സൂൺ ഇങ്ങനെയും സിനിമ ആകാമല്ലോ എന്ന വലിയ ധൈര്യമാണ് ഇൻഡസ്ട്രിക്കു നൽകിയത്. കഥാപാത്രങ്ങൾ നേരിൽ കാണാത്ത, മൂവി ക്യാമറയ്ക്കും ഔട്ട്ഡോർ ഫ്രെയിമുകൾക്കും പ്രസക്തിയില്ലാത്ത, വെർച്വൽ ലോകത്തിലൂടെ മാത്രം സഞ്ചരിക്കുന്ന ഈ നിർമ്മാണ മാതൃക മലയാളത്തിൽ ആദ്യത്തേതാണ്. ഇനി ഏറെ അനുകരിക്കപ്പെട്ടേക്കാവുന്നതും.

ഒന്നര മണിക്കൂർ നേരം സ്ക്രീൻ ഗ്രാബ്, വീഡിയോ കോൾ ഫോർമാറ്റിൽ മാത്രം മുന്നോട്ടു പോകുന്ന സിനിമ ഒട്ടുമേ വിരസമാകുന്നില്ലെന്നതാണ് ശ്രദ്ധേയമായ കാര്യം. അറബ് നാട്ടിലുണ്ടായ പ്രസക്തമായൊരു സംഭവത്തിന്റെ പശ്ചാത്തലത്തിൽ കഥാപാത്രങ്ങളെ പ്ലേസ് ചെയ്യാനും അവരുടെ സംഘർഷങ്ങളെയും വികാരങ്ങളെയും ഫലപ്രദമായി അവതരിപ്പിക്കാനും കഴിയുന്നതിലൂടെ ഒരു ടോട്ടൽ സിനിമയുടെ കാഴ്ചാനുഭവം നൽന്നതിൽ സീ യു സൂൺ വിജയിക്കുന്നു.

ഒരു മിഡിൽ ഈസ്റ്റേൺ കമ്പനിയിൽ ജോലി ചെയ്യുന്ന ജിമ്മി (റോഷൻ മാത്യു) ഡേറ്റിംഗ് ആപ്പ് വഴി കണ്ടുമുട്ടിയ അനു (ദർശന രാജേന്ദ്രൻ)വുമായി ബന്ധത്തിലാകുന്നു. അവളെ നേരിട്ട് കണ്ടിട്ടില്ലെങ്കിലും ജിമ്മി അനുവിനെ തന്റെ അമ്മയ്ക്ക് പരിചയപ്പെടുത്തുന്നു. അനു ജിമ്മിക്ക് ഒരു ആത്മഹത്യാക്കുറിപ്പ് വീഡിയോ രൂപത്തിൽ അയയ്ക്കുമ്പോൾ കാര്യങ്ങൾ സങ്കീർണമാവുകയാണ്. പൊലീസ് ഇയാളെ കസ്റ്റഡിയിലെടുക്കുന്നു. തന്റെ നിരപരാധിത്വം തെളിയിക്കാനും പ്രശ്നം പരിഹരിക്കാനും കുടുംബ സുഹൃത്തായ കെവിന്റെ (ഫഹദ് ഫാസിൽ) സഹായം



## സീ യു സൂൺ.

# അടച്ചിട്ട കാലത്തെ സിനിമാ മാതൃക



തേടുന്നതാണ് പ്രമേയം. കഥാപാത്രങ്ങളാരും നേരിൽ കാണുന്നില്ലെങ്കിലും പ്രമേയം ആവശ്യപ്പെടുന്ന തീവ്രതയും സംഘർഷവും അവർക്കിടയിൽ രൂപപ്പെടുന്നുണ്ട്. വെർച്വൽ കഥാപാത്രങ്ങളുടെ അന്തഃസംഘർഷം കാണികളിലേക്കുകൂടി പടരുമ്പോഴാണ് സീ യു സൂൺ വെർച്വൽ ലോകത്തുനിന്ന് യഥാർഥ ജീവിത പരിസരത്തിലേക്കു സഞ്ചരിച്ചെത്തുന്നത്. കഥാപാത്രങ്ങൾക്ക് വ്യക്തമായ ഐഡന്റിറ്റിയും വികാസവും നൽകുന്നതിലും സിനിമ വിജയിക്കുന്നുണ്ട്. അതോടെ ലോക്ക് ഡൗൺ സിനിമ എന്ന പരിമിതിയിൽ നിന്നും ഒരു പൂർണ സിനിമ എന്ന നിലയിലേക്ക് സീ യു സൂൺ വളർച്ച പ്രാപിക്കുകയും ചെയ്യുന്നു. വെർച്വൽ സ്പേസിലെ കഥാപാത്രങ്ങൾ എന്നതുകൊണ്ടുതന്നെ ഏറെ വെല്ലുവിളി നിറഞ്ഞതാണ് അഭിനേതാക്കൾക്ക് ഈ സിനിമ. ഫഹദ്, റോഷൻ, ദർശന എന്നീ പ്രധാന കഥാപാത്രങ്ങളെല്ലാം ഈ വെല്ലുവിളി ഭംഗിയായി ഏറ്റെടുത്തിരിക്കുന്നു. ഓരോരുത്തരും സ്വന്തം വെർച്വൽ സ്പേസിന്റെ പരിമിതിയിൽ ആണ് ക്യാമറയ്ക്കു മുന്നിൽ നിൽക്കുന്നത്. എന്നാൽ അത്തരമൊരു പരിമിതിയെയാണ് അഭിനേതാക്കൾ ലളിതമായി മറികടന്ന് കാണികൾക്ക് പരിപൂർണ സിനിമയുടെ അനുഭവം നൽകുന്നത്. ഒരു അഭിനേതാവിന്റെ പ്രതിഭ പരീക്ഷണവിധേയമാക്കപ്പെടുന്ന സന്ദർഭമാണിത്.

അടച്ചിടപ്പെട്ട കാലത്ത് ഇന്നവേറ്റീവ് ആയൊരു ചലച്ചിത്ര നിർമ്മാണ മാതൃക മുന്നോട്ടുവയ്ക്കാനും അതു വിജയിപ്പിച്ചെടുക്കാനും കഴിഞ്ഞതിൽ സീ യു സൂണിന്റെ മാസ്റ്റർ ബ്രെയിൻ മഹേഷ് നാരായണനും നിർമ്മാതാവ് ഫഹദ് ഫാസിലിനും അഭിമാനിക്കാം. ആമസോൺ പ്രൈം വീഡിയോയിൽ റിലീസ് ചെയ്ത ചിത്രം പൂർണമായും ഐഫോൺ ഉപയോഗിച്ചാണ് ചിത്രീകരിച്ചത്. ഒരു മാസത്തിൽ താഴെ ദിവസങ്ങൾ കൊണ്ടാണ് ചിത്രീകരണം പൂർത്തിയാക്കിയത്. റൈറ്റർ ബ്രില്യൻസ്, ഡയറക്ടർ ബ്രില്യൻസ്, ടെക്നിക്കൽ ബ്രില്യൻസ് എന്നെല്ലാം വിശേഷിപ്പിക്കാവുന്ന സിനിമ. ഇന്ത്യയിലെ രണ്ടാമത്തെ കമ്പ്യൂട്ടർ സ്ക്രീൻ ചലച്ചിത്രമാണ് സീ യു സൂൺ. തമിഴ് ചലച്ചിത്രമായ ലെൻസ് ആണ് ഈ വിഭാഗത്തിൽ പുറത്തിറങ്ങിയ ആദ്യ ചിത്രം. ഇന്ത്യൻ വേരുകളുള്ള ഹോളിവുഡ് സംവിധായകനായ അനീഷ് ചഗാന്റിയുടെ 2018ൽ പുറത്തിറങ്ങിയ ഫോളോവിംഗ് ഈ വിഭാഗത്തിൽ ആദ്യ പരീക്ഷണമെന്ന നിലയിൽ ഏറെ അഭിനന്ദനം നേടിയെടുത്ത സിനിമയാണ്.



## സെപ്റ്റംബർ 8 – ലോകസാക്ഷരതാദിനം

ഫീച്ചർ

കെ.വി.രതീഷ്, സി.കെ.പ്രദീപ് കുമാർ

ഒരാൾക്ക് പ്രായം തൊണ്ണൂറ്റിയെട്ട്. മറ്റെയാൾക്ക് നൂറ്റിയാറും. പഠനം ഏഴാം തരത്തിൽ. അക്ഷരമുറ്റത്ത് നിറപുഞ്ചിരിയോടെ ഓടിനടക്കുകയാണ് ഈ മുത്തശ്ശിമാർ, കാർത്യായനിയമ്മയും ഭാഗീരഥി അമ്മയും. വനിതകൾക്കു നൽകുന്ന രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ നാരീശക്തി പുരസ്കാരം അക്ഷരമുറ്റത്തേക്ക് കൊണ്ടുവന്നത് പ്രായത്തെ പിന്നിലാക്കി അക്ഷരങ്ങളെ സ്നേഹിച്ച ഈ മുത്തശ്ശിമാരാണ്.

വനിതാദിനത്തിൽ ഡൽഹിയിലെത്തിയാണ് രാഷ്ട്രപതി രാംനാഥ് കോവിന്ദിൽ നിന്ന് കാർത്യായനി അമ്മ നാരീശക്തി പുരസ്കാരം ഏറ്റുവാങ്ങിയത്. ശാരീരിക പ്രശ്നങ്ങളാൽ ഡൽഹിലേക്കുപോയി പുരസ്കാരം സ്വീകരിക്കുവാൻ ഭാഗീരഥി അമ്മയ്ക്ക് കഴിഞ്ഞില്ല. നൂറ്റിയാറിന്റെ ചെറുപ്പത്തിൽ ഏഴാംതരം തുല്യതാപഠിതാവായ ഭാഗീരഥി അമ്മ സാക്ഷരതാമിഷന്റെ ഏറ്റവും പ്രായംകൂടിയ പഠിതാവുകൂടിയാണ്. പഠനം പാതിവഴിയിലുപേക്ഷിക്കാൻ ഈ മുത്തശ്ശിമാർ തയ്യാറല്ല. ഇനിയും പഠിക്കണം. തങ്ങൾക്കിതിനു കഴിയുമെങ്കിൽ ആർക്കും പഠിക്കാവുന്നതേയുള്ളൂവെന്ന് ഇവർ ആവർത്തിച്ചു തെളിയിച്ചുകൊണ്ടിരിക്കുന്നു.

# പ്രായത്തെ പിന്നിലാക്കി അക്ഷരങ്ങളെ ചേർത്തുപിടിച്ച്





കാർത്യായനിയമ്മ

## എങ്ങനെയായി ഇങ്ങനെ?

കാർത്യായനിഅമ്മ പറഞ്ഞു തുടങ്ങി “ഒരീസം ഞാൻ വീട്ടിൽ മുറ്റത്തെ തിണ്ണയ്ക്ക് ഇരിക്കുമ്പോൾ ഒരു പെങ്കൊച്ച് വഴിയിലൂടെ പോകുന്നത് കണ്ടു. ഞാൻ ചിരിച്ചു. അവരും ചിരിച്ചു.

എന്താ അമ്മച്ചീ, ചുമ്മാതിരിക്കുവാണോന്ന് അവര് ചോദിച്ചു. അതേന്ന് ഞാമ്പറഞ്ഞു. ഇവിടെ പഠിക്കാത്തവർ വല്ലവരുമുണ്ടോന്ന് ചോദിച്ചു. എല്ലാരും പഠിപ്പുള്ളവരാണ്, ഞാമ്മാത്രം പഠിച്ചിട്ടില്ലെന്ന് ഞാമ്പറഞ്ഞു.

അമ്മച്ചിക്ക് ഇഷ്ടമാണെങ്കിൽ പഠിപ്പിക്കാമെന്ന് അവർ പറഞ്ഞു. എനിക്ക് വളരെ തൃപ്തിയാണെന്ന് ഞാമ്പറഞ്ഞു.”

കാർത്യായനിയമ്മ നിർത്തിയിടത്തു നിന്ന് ഭാഗീരഥിയമ്മ പറഞ്ഞുതുടങ്ങി. “ഇളയ കുട്ടികളെ നോക്കാൻ വേണ്ടിയാണ് വീട്ടുകാർ ഒമ്പതാം വയസ്സിൽ എന്റെ പഠിത്തം നിർത്തിച്ചത്. പതിനഞ്ചാം വയസ്സിൽ വിവാഹം കഴിഞ്ഞതോടെ കുടുംബപ്രാരാബ്ധങ്ങളായി. പിന്നെ എഴുതാനും വായിക്കാനുമൊന്നും ശ്രമിച്ചിട്ടേയില്ല. നൂറ് വർഷം കഴിഞ്ഞില്ലേ. അക്ഷരങ്ങളെല്ലാം മറന്നു. അന്ന് പാറുവിനോടൊപ്പം ഒന്നാം ക്ലാസ്സിൽ പോയതെല്ലാം ചെറുതായി ഓർക്കുന്നു. പെൺകുട്ടികൾ പലരും പഠിക്കാത്ത കാലം ഞാൻ സ്കൂളിൽ ചേർന്നു. എന്നാൽ അന്ന് പഠിത്തം നിർത്തേണ്ടിയിരുന്നില്ലെന്ന് ഇപ്പോ തോന്നുന്നു. അന്ന് പഠിക്കാമ്പറയാൻ ആരുമില്ലായിരുന്നു. ഇന്ന് പഠിക്കാൻ സാക്ഷരതാമിഷന്റെ വലിയ സംവിധാനവും പഠിപ്പിക്കാൻ സാക്ഷരതാ മിഷൻ ഡയറക്ടർ ഉൾപ്പെടെ ഒരുപാട് പേരുമുണ്ട്. പിന്നെന്തിനാ നമ്മള് പഠിക്കാതിരിക്കുന്നത്”. നാലാംതരം തുല്യത പാസായ എന്നെ ഏഴാം തരത്തിൽ ചേർത്ത് ആദ്യം പഠിപ്പിച്ചത് ഡയറക്ടർ ശ്രീകല ടീച്ചറാണെന്ന് ഭാഗീഥിയമ്മ അഭിമാനത്തോടെ പറയുന്നു.

ഈ പറച്ചിലാണ് കാർത്യായനിയമ്മയെയും ഭാഗീരഥി അമ്മയെയും ലോകം അറിയുന്ന അക്ഷരമുത്തശ്ശിമാരാക്കിയത്. മുപ്പത് വർഷങ്ങൾക്ക് മുമ്പ് സമ്പൂർണ സാക്ഷരത കൈവരിച്ച കേരളത്തിന്റെ ചില

> പെൺകുട്ടികൾ പലരും പഠിക്കാത്ത കാലം ഞാൻ സ്കൂളിൽ ചേർന്നു. എന്നാൽ അന്ന് പഠിത്തം നിർത്തേണ്ടിയിരുന്നില്ലെന്ന് ഇപ്പോ തോന്നുന്നു. അന്ന് പഠിക്കാമ്പറയാൻ ആരുമില്ലായിരുന്നു. ഇന്ന് പഠിക്കാൻ സാക്ഷരതാ മിഷന്റെ വലിയ സംവിധാനവും പഠിപ്പിക്കാൻ സാക്ഷരതാ മിഷൻ ഡയറക്ടർ ഉൾപ്പെടെ ഒരുപാട് പേരുമുണ്ട്. പിന്നെന്തിനാ നമ്മള് പഠിക്കാതിരിക്കുന്നത്.
>
> \- ഭാഗീരഥിഅമ്മ

തുരുത്തുകളിൽ ഇതുപോലെ ചില അമ്മമാർ ഇനിയുമുണ്ടാകും. അവരെയും സാക്ഷരതയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തിയാൽ മാത്രമേ നമ്മൾ എല്ലാ അർഥത്തിലും വികസിത സമൂഹമാകുകയുള്ളൂ.

### അവശേഷിക്കരുത് നിരക്ഷരതയുടെ ഒരു തുരുത്ത് പോലും - മുഖ്യമന്ത്രി

തന്റെ സർക്കാർ അധികാരത്തിലേറിയതിനുശേഷം സാക്ഷരതയുമായി ബന്ധപ്പെട്ട ആദ്യ പ്രസംഗത്തിൽ മുഖ്യമന്ത്രി പറഞ്ഞത് ഇങ്ങനെയാണ്, " കേരളത്തിൽ നിരക്ഷരതയുടെ ഒരു തുരുത്ത് പോലും അവശേഷിക്കരുത്."

സാക്ഷരതാ മിഷൻ, ഈ നിർദേശം ശിരസ്സാവഹിച്ചു. ഏതൊക്കെ തുരുത്തിലാവും നിരക്ഷരർ കൂടുതൽ ഉണ്ടാവുക? ഇതേവരെയുള്ള സാക്ഷരതാനിരക്ക് നൽകുന്ന പാഠമെന്ത്? തുടങ്ങിയ ശാസ്ത്രീയമായ അന്വേഷണങ്ങൾക്കൊടുവിലാണ് നിരക്ഷരതാ നിർമാർജനത്തിനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുന്നത്. അതിൽ ഒന്നാണ് അക്ഷരലക്ഷം പദ്ധതി. ഇതിലൂടെയാണ് 2018 ൽ 96 വയസുകാരി കാർത്യായനിയമ്മ അക്ഷരലോകത്തേക്ക് എത്തുന്നത്.

### എന്താ ഇത്ര വൈകിയത്; എവിടെയായിരുന്നു ഇതുവരെ?

പണ്ട് മുറ്റത്തെ പച്ചമണ്ണിൽ അക്ഷരമെഴുതി പഠിച്ചിട്ടുണ്ട് കാർത്യായനിയമ്മയും സഹോദരിമാരും! അച്ഛൻ നിലത്തെഴുത്താശാനായിരുന്നു. അതുകൊണ്ടുതന്നെ അക്ഷരങ്ങൾ അന്യമല്ലായിരുന്നു. കൃ



ഭാഗീരഥിഅമ്മ



കാർത്യായനിയമ്മ രാഷ്ട്രപതിയിൽ നിന്നും നാരീശക്തി പുരസ്കാരം ഏറ്റുവാങ്ങുന്നു

ഷ്ണൻ-കല്യാണി ദമ്പതിമാരുടെ ആറ് പെൺമക്കളിൽ രണ്ടാമത്തെതായിരുന്നു കാർത്യായനിയമ്മ. ദാരിദ്ര്യം ഉച്ചിയിൽ വന്ന് നൃത്തം ചെയ്യുന്ന കെട്ടകാലമായതിനാൽ മുറ്റത്തെ മണ്ണിലെഴുത്തിനപ്പുറത്തേക്ക് പഠനം തുടർന്നില്ല. കൂട്ടുകാരിൽ ചിലർ പള്ളിക്കൂടത്തിലേക്ക് പോകുന്നത് കാണുമ്പോൾ സങ്കടം തോന്നിയിരുന്നുവെന്ന് കാർത്യായനിയമ്മ വിതുമ്പലോടെയാണ് ഓർത്തെടുക്കുന്നത്. ചുള്ളി പെറുക്കിയും മാങ്ങാ പെറുക്കിയും വീട്ടുകാരെ സഹായിക്കുകയായിരുന്നു അക്കാലത്ത് പ്രധാന ജോലി.

ചേപ്പാട് മുട്ടം പടീറ്റതിൽ കൃഷ്ണപിള്ളയാണ് കാർത്യായനിയമ്മയുടെ ഭർത്താവ്. ഭർത്താവും കുട്ടികളുമായി കുടുംബജീവിതം തുടരുമ്പോഴും അക്ഷരങ്ങൾ വെറും ഓർമ മാത്രമായി അവശേഷിച്ചു. ഈ അടുത്ത കാലത്താണ് മകൾ അമ്മിണി സാക്ഷരതാമിഷന്റെ പത്താംതരം തുല്യതാ പരീക്ഷ ജയിക്കുന്നത്. അമ്മിണിയുടെ വിജയം കാർത്യായനിയമ്മയിൽ പ്രതീക്ഷകൾ വളർത്തി. തനിക്കും പഠിക്കണമെന്ന ആഗ്രഹം കലശലായി. അങ്ങനെയിരിക്കുമ്പോഴാണ് 2018 ജനുവരി 14 ന് സാക്ഷരതാ മിഷന്റെ അക്ഷരലോകം സർവേയ്ക്കായി പ്രേരക് സതി കാർത്യായനിയമ്മയുടെ വീടിന് മുന്നിലൂടെ പോയതും കാർത്യായനിയമ്മ അവരെ ചിരികാട്ടി വിളിച്ചതും.

സംസ്ഥാനത്ത് രണ്ടായിരം വാർഡുകളിൽ സമഗ്ര സർവേ നടത്തി, അവശേഷിക്കുന്ന മുഴുവൻ നിരക്ഷരരെയും കണ്ടെത്തി, സാക്ഷരരാക്കണമെന്നാണ് അക്ഷരലക്ഷം പദ്ധതി വിഭാവനം ചെയ്തത്. 2018 ജനുവരി 14 ന് നടന്ന സർവേയിലൂടെ 46313 നിരക്ഷരരെയാണ് സാക്ഷരതാമിഷൻ കണ്ടെത്തിയത്. അതിൽ ഒരു പഠിതാവ് ചേപ്പാട് മുട്ടം ചിറ്റൂർ ലക്ഷംവീട് കോളനിയിലെ കാർത്യായനിയമ്മയായിരുന്നു.

**2018 ആഗസ്റ്റ് മാസം 5 ന് നടന്ന പൊതുപരീക്ഷയാണ് കാർത്യായനിയമ്മയുടെ ജീവിതത്തിൽ വഴിത്തിരിവായത്. അന്നാണ് ആദ്യമായി ഹരിപ്പാട് കണിച്ചനല്ലൂർ എൽ.പി സ്കൂളിന്റെ പടിചവിട്ടുന്നത്. ആദ്യമായി പരീക്ഷ എഴുതുന്നത്. പരീക്ഷാ ചിത്രം ഏതാണ്ട് എല്ലാ പത്രങ്ങളിലും ഒന്നാം പേജിൽ വന്നതോടുകൂടി കാർത്യായനിയമ്മ മിന്നും താരമായി. റിസൾട്ട് വന്നപ്പോൾ 98 മാർക്ക് വാങ്ങി ഒന്നാം റാങ്ക് നേടിയത് കാർത്യായനിയമ്മ!**

ജനുവരി 26 നാണ് സാക്ഷരതാ ക്ലാസ് ആരംഭിച്ചത്. പുത്തൻ ഉടുപ്പും പുത്തൻ സ്ലേറ്റും പെൻസിലുമൊക്കെയായി കാർത്യായനിയമ്മ അക്ഷരലോകത്തേക്ക് പടി ചവിട്ടിയത് അന്നായിരുന്നു.

കൃത്യം നൂറുവർഷം മുമ്പ് പ്രാക്കുളം ഗവ: എൽ.പി.എസിൽ മൂന്നാം ക്ലാസു വരെ പോയിരുന്നു ഭാഗീരഥിയമ്മ. “അച്ഛൻ കൃഷ്ണപിള്ള, അമ്മ കൊച്ചുപാർവ്വതിയമ്മ. ഞങ്ങൾ 5 പെണ്ണുങ്ങളും ഒരാണും ഉൾപ്പെടെ ആറുമക്കളായിരുന്നു. എന്റെ മൂന്ന് സഹോദരിമാർ ഇന്നും ജീവിച്ചിരിപ്പുണ്ട്.

പതിനഞ്ചാം വയസ്സിൽ വിവാഹം. ഭർത്താവ് രാഘവൻപിള്ളയ്ക്ക് തുണിക്കച്ചവടമായിരുന്നു. ഞങ്ങൾക്ക് ആറ് മക്കൾ. അഞ്ച് പെൺമക്കളും ഒരാണും. എന്റെ മുപ്പത്തിയഞ്ചാം വയസ്സിൽ ആറ് കുട്ടികളെ എന്നെ ഏൽപ്പിച്ച് അദ്ദേഹം ഈ ലോകത്തുനിന്ന് പോയി. പിന്നെ ജീവിക്കാനുള്ള തത്രപ്പാടായിരുന്നു.  ആദ്യം വീട്ടുജോലി ചെയ്തായിരുന്നു കുടുംബം നോക്കിയത്. പിന്നീട് കുട്ടികളെ വളർത്താനായി കയർ തൊഴിലാളിയായി.”

അങ്ങനെയിരിക്കെയാണ് തൊണ്ണൂറുകളിൽ, സമ്പൂർണ സാക്ഷരതായജ്ഞത്തിന്റെ തുടക്കത്തിൽ നിരക്ഷരരെ അക്ഷരലോകത്തേക്ക് കൈപിടിച്ചെത്തിക്കുന്ന ദൗത്യവുമായി അന്ന് മാസ്റ്റർ ട്രയിനറായിരുന്ന എസ്.എൻ. ഷേർളിയും, സാക്ഷരതാ കെ.ആർ.പിയും ഷേർളിയുടെ ഭർത്താവുമായ കെ.ബി.വസന്തകുമാറും ഭാഗീരഥിയമ്മയെ തേടിയെത്തിയത്. പാട്ടും കഥകളുമായി സജീവമായ വൈകുന്നേരങ്ങളിൽ അക്ഷരങ്ങളും പുതിയ പുതിയ അറിവുകളും ഭഗീരഥിയമ്മ സ്വന്തമാക്കി. അന്നേ മനസ്സിൽ മോഹമായി വളർന്നതാണ് ഇനിയും പഠിക്കണമെന്നത്. എന്നാൽ അവസരം വന്നത് നൂറാം വയസ്സിനുശേഷമാണ്.

## വാർത്തകളിലെ മിന്നും താരം

സർവേ നടത്തിയപ്പോൾ തന്നെ കാർത്യായനിയമ്മയുടെ പ്രായം കൗതുകമായിരുന്നു. ജില്ലാതലത്തിൽ സർവേ ക്രോഡീകരിച്ചപ്പോൾ ജില്ലയിലെ ഏറ്റവും പ്രായംകൂടിയ പഠിതാവായി കാർത്യായനിയമ്മ മാറി. സംസ്ഥാനതല ക്രോഡീകരണത്തിനുശേഷം സംസ്ഥാനത്തെ ഏറ്റവും മുതിർന്ന പഠിതാവെന്ന ബഹുമതിയും കാർത്യായനിയമ്മയ്ക്ക് ലഭിച്ചു. സാക്ഷരതാ ക്ലാസിലെത്തിയ മുതിർന്ന പഠിതാവിനെ കാണാൻ പലരുമെത്തിത്തുടങ്ങി. 2018 മാർച്ച് 7 ന് മലയാള മനോരമയിൽ കാർത്യായനിയമ്മയുടെ ഫോട്ടോയും വാർത്തയും വന്നു. പിന്നീട് പല പത്രങ്ങളും നവമാധ്യമങ്ങളും കാർത്യായനിയമ്മയെ തേടിവന്നു.

2018 ആഗസ്റ്റ് മാസം 5 ന് നടന്ന പൊതു പരീക്ഷയാണ് കാർത്യായനിയമ്മയുടെ ജീവിതത്തിൽ വഴിത്തിരിവായത്. അന്നാണ് ആദ്യമായി ഹരിപ്പാട് കണിച്ചനല്ലൂർ എൽ.പി സ്കൂളിന്റെ പടിചവിട്ടുന്നത്. ആദ്യമായി പരീക്ഷ എഴുതുന്നത്. പരീക്ഷാ ചിത്രം ഏതാണ്ട് എല്ലാ പത്രങ്ങളിലും ഒന്നാം പേജിൽ വന്നതോടുകൂടി കാർത്യായനിയമ്മ മിന്നും താരമായി. റിസൾട്ട് വന്നപ്പോൾ 98 മാർക്ക് വാങ്ങി ഒന്നാം റാങ്ക് നേടിയത് കാർത്യായനിയമ്മ! പിന്നീടങ്ങോട്ട് വാർ





ത്തകളിൽ നിറഞ്ഞു നിൽക്കുകയാണ് ഈ അമ്മ.

മുഖ്യമന്ത്രി പിണറായി വിജയൻ നേരിട്ടാണ് സാക്ഷരതയുടെ സർട്ടിഫിക്കറ്റ് കാർത്യായനിയമ്മയ്ക്ക് നൽകിയത്. ജീവിതത്തിൽ ആദ്യമായി ലഭിക്കുന്ന സർട്ടിഫിക്കറ്റ്!

"എനിക്ക് ഇനി കമ്പ്യൂട്ടർ പഠിക്കണം. പത്താം ക്ലാസും ജയിക്കണം."

അന്ന് ഇങ്ങനെയായിരുന്നു കാർത്യായനിയമ്മ മുഖ്യമന്ത്രിയോട് പറഞ്ഞത്.

വിദ്യാഭ്യാസമന്ത്രി വീട്ടിലെത്തിയാണ് അനുമോദിച്ചത്. മുഖ്യമന്ത്രിയുടെ സമ്മാനമായി ലാപ്ടോപ്പ് അമ്മയ്ക്ക് കൈമാറി. പിന്നീട് നിരവധി പ്രമുഖർ അനുമോദനത്തിന്റെ പൂച്ചെണ്ടുകളുമായി എത്തി.

### മൻ കീ ബാത്തിലൂടെ നാടറിഞ്ഞു

കൊല്ലം പ്രാക്കുളം സ്വദേശി കെ ഭാഗീരഥി അമ്മയെ ലോകമറിഞ്ഞത് പ്രധാനമന്ത്രിയുടെ പ്രതിമാസ റേഡിയോ പരിപാടിയായ മൻ കീ ബാത്തിൽ പരാമർശിക്കപ്പെട്ടതോടെയാണ്. നൂറ്റിയഞ്ചാം വയസ്സിലും പഠനം ഒരാഗ്രഹമായി കൊണ്ടുനടക്കുന്ന ഭാഗീരഥിയമ്മയുടെ ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും ഏറെ പ്രശംസിക്കപ്പെട്ടു.



### രാജ്യത്തെ ഏറ്റവും പ്രായം കൂടിയ പഠിതാവ്

രാജ്യത്തെ ഏറ്റവും പ്രായം കൂടിയ പഠിതാവാണ് കേരളത്തിന്റെ ഈ മുത്തശ്ശി. നൂറ്റിയഞ്ചാം വയസ്സിലാണ് ഭാഗീരഥി അമ്മ നാലാംതരം തുല്യത പാസ്സാവുന്നത്. സാക്ഷരതാമിഷന്റെ വൻമള വിദ്യാകേന്ദ്രത്തിലൂടെ നാലാം തരം തുല്യതയ്ക്കു രജിസ്റ്റർ ചെയ്ത് പാഠങ്ങൾ പഠിക്കുവാൻ തുടങ്ങി. പഠനോപകരണങ്ങൾ സ്പോൺസർ ചെയ്യുന്നതും പഠിതാവിന്റെ സൗകര്യം കൂടി അറിഞ്ഞു പഠിപ്പിക്കുന്നതും ഭാഗീരഥി അമ്മയുടെ ഉറ്റസുഹൃത്തായിരുന്ന ശാരദ ടീച്ചറിന്റെ മകൾ അമ്മിണിയെന്നു വിളിക്കുന്ന ഷേർളി തന്നെയാണ്. ഈ പ്രായത്തിലും ഭാഗീരഥിയമ്മയുടെ കാഴ്ചക്കും കേൾവിക്കും ഓർമയ്ക്കും മങ്ങലേറ്റിട്ടില്ല. പഴയ പാട്ടുകളും കവിതകളും ഓർത്തെടുത്തു ചൊല്ലുന്നതിൽ മിടുക്കിയാണ്.

### ക്രിക്കറ്റ് കളി കാണൽ ഇഷ്ടവിനോദം

ഭാഗീരഥി അമ്മയുടെ ഒരുമകൾ കുടുംബസമേതം ബോംബെയിലാണ് താമസിക്കുന്നത്. പല തവണ മകളെ സന്ദർശിച്ചിട്ടുണ്ട്. ഒരു തവണ വിമാനത്തിൽ ഒറ്റയ്ക്കുപോ

“ഒരു ലോകം മുഴുവൻ നമ്മളെ പഠിപ്പിക്കാൻ കൂടെ നിൽക്കുമ്പോൾ നമ്മൾ എന്തിന് മടിച്ചിരിക്കണം, എല്ലാവരും പഠിക്കൂ” എന്ന് കാർത്യായനിയമ്മയും “പ്രായം പഠിക്കുന്നതിന് ഒരു തടസ്സമേയല്ല, ആഗ്രഹം മാത്രം മതി” എന്ന് ഭാഗീഥിയമ്മയും ലോകത്തോട് പറയുന്നു.

യ അനുഭവവും ഭാഗീരഥിയമ്മ പങ്കുവച്ചു. അതും എഴുപതാം വയസ്സിൽ. അവിടെ വച്ചാണ് ക്രിക്കറ്റ്കളി കണ്ടു തുടങ്ങുന്നത്. പിന്നീട് ക്രിക്കറ്റ് ഇഷ്ടവിനോദമായി മാറി. ഇഷ്ടപ്പെട്ട കളിക്കാരൻ ആരെന്നു ചോദിച്ചാൽ ഉത്തരം പെട്ടന്നുവരും. ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെൻഡുൽക്കർ തന്നെ. ‘സച്ചിൻ പോയതിനുശേഷം കളി കാണാൻ ഒരു രസവുമില്ലെ’ന്ന് ഭാഗീരഥിയമ്മ.

ഹിന്ദി അറിയുമോ എന്ന് ചോദിച്ചപ്പോൾ കേട്ടാൽ കുറച്ചൊക്കെ മനസിലാകുമെന്ന് മറുപടി. അത് ഏഴാംതരം പഠനത്തിന് ഉപകരിക്കുന്നുണ്ടെന്ന് ഷേർളി പറയുന്നു.

## നാരീശക്തി പുരസ്കാരം

അനാരോഗ്യം കാണം നാരീശക്തി പുരസ്കാരം ഏറ്റുവാങ്ങാൻ ഭാഗീരഥി അമ്മ പോയില്ല. പുരസ്കാരം പിന്നീട് വീട്ടിയെത്തിക്കുകയായിരുന്നു. കാർത്യായനിയമ്മ ഇന്ത്യൻ പ്രസിഡന്റിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങുമ്പോൾ തല ഉയർത്തിപ്പിടിച്ചത് കേരള ജനതകൂടിയായിരുന്നു. പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ കാർത്യായനിയമ്മ പറഞ്ഞ ‘ചുട്ട മറുപടികൾ’ കേരളത്തിന് അഭിമാനമായിരുന്നു.

കോമൺവെൽത്ത് ലേണിംഗ് ഗുഡ്വിൽ അംബാസിഡറായി തെരഞ്ഞെടുത്തത് കാർത്യായനിയമ്മയെയാണ്. ഇത് കേരളത്തിലെ സാക്ഷരതാ പ്രസ്ഥാനത്തിന് തിലകക്കുറിയാണ്.

## ഇനി എന്ത്!

സാക്ഷരയായതിനുശേഷം കാർത്യായനിയമ്മ നാലാംതരം തുല്യതാ കോഴ്സിൽ ചേർന്നു പഠിച്ചു. കമ്പ്യൂട്ടറിൽ പേര് എഴുതാൻ പഠിച്ചു. നിലവിൽ രണ്ടുപേരും സാക്ഷരതാമിഷന്റെ ഏഴാംതരം തുല്യതാ പഠിതാക്കളാണ്. പത്താം ക്ലാസ് ജയിക്കണമെന്നതാണ് രണ്ടുപേരുടെയും ലക്ഷ്യം.

“ഒരു ലോകം മുഴുവൻ നമ്മളെ പഠിപ്പിക്കാൻ കൂടെ നിൽക്കുമ്പോൾ നമ്മൾ എന്തിന് മടിച്ചിരിക്കണം, എല്ലാവരും പഠിക്കൂ” എന്ന് കാർത്യായനിയമ്മയും “പ്രായം പഠിക്കുന്നതിന് ഒരു തടസ്സമേയല്ല, ആഗ്രഹം മാത്രം മതി” എന്ന് ഭാഗീഥിയമ്മയും ലോകത്തോട് പറയുന്നു.

കോവിഡ് കാലത്തെ പ്രതിസന്ധി തിരിച്ചറിഞ്ഞ് തങ്ങളുടെ ക്ഷേമപെൻഷൻ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്ത ദീർഘദർശികളായ കാർത്യായനിയമ്മയുടെയും ഭാഗീരഥിയമ്മയുടെയും ജീവിതസന്ദേശം കേരള ചരിത്രത്തിന്റെ ഭാഗമാകും; തീർച്ച!



# ഉച്ച ഒഴിവ്



കുത്തലും പാറ്റലും കൊഴിക്കലും
ഇടിക്കലും അരയ്ക്കലും
വെക്കലും വിളമ്പലും
തൂക്കലും വാരലും
അലക്കലും ഉണക്കലും
കഴിയുമ്പോഴേക്കും
വെളുക്കും മുമ്പേ
തുടങ്ങിയ
തത്രപ്പാടുകളൊഴിഞ്ഞ്

കവിത

**ഡോ.അശ്വതി എ.വി**

വിശ്രമ നേരം.
കാൽക്കീഴിൽ ഉരുമ്മി നിന്നിരുന്ന പൂച്ചക്കുഞ്ഞ്
അടുക്കളത്തിണ്ണയിലും
പച്ചപ്പുല്ല് അയവിറക്കുന്ന
പൈക്കിടാവ്
തൊഴുത്തിൻ മൂലയിലും
കത്തിജ്വലിക്കലിന്
പതം വന്ന സൂര്യൻ
തെങ്ങോല മറവിലും
വിശ്രമിക്കൂ എന്ന്
ക്ഷണിക്കുന്നു.
വരും നേരങ്ങളിലേക്കുള്ള
ചമയലിനു മുന്നോടിയായി
'നടുനൂർക്കാനുള്ള'
സമയം.
കാലേ തെറുത്തു വച്ചിരുന്ന പായ
നിവരാനായി
കാത്തിരിക്കുന്നതവഗണിച്ച്;
തറയിൽ കാലുനീട്ടിയിരുന്ന്
ഓല ചീകി
ചൂലൊരുക്കുന്നു.
ഓലമെടഞ്ഞ്
പുര മേയാനോ
'മറപ്പുര' കെട്ടാനോ
ഉറി ഉണ്ടാക്കാനോ
പശുക്കൂടുണ്ടാക്കാനോ
ഒതുക്കുന്നു,
കവുങ്ങും തഴങ്ങിനെ
തിരികയായോ
ചൂലായോ
മാറ്റുന്നു,
കീറിത്തുടങ്ങിയ
തുണികൾ
തുന്നിക്കൂട്ടുന്നു,
മക്കളുടെ തലയിൽ
പേനോ ഈരോ
തിരയുന്നു,
മുറിവൂട്ടിയോ പനിക്കൂർക്കയോ
കൊടിത്തണ്ടോ
തേടുന്നു,
കാന്താരിയോ
നിത്യക്കറിയോ
ഇഞ്ചിക്കോണേപ്പയറോ
ചുണ്ടങ്ങയോ
ചേമ്പും താളോ
ശേഖരിക്കുന്നു,
വിറക്; ചുള്ളി മുതൽ മുട്ടി വരെ
കയ്യിലോ തലയിലോ
ഏറ്റിവരുന്നു,
കുടിവെള്ളത്തിനായി
കാതങ്ങൾ
താണ്ടുന്നു...
അപ്പോഴും ചുണ്ടിൽ
പുഞ്ചിരിക്കൊപ്പം
നാട്ടു പാട്ടിനെ
കൂടെക്കൂട്ടുന്നു.
വെയിലു ചായുമ്പോൾ
മ്യാവൂ പറഞ്ഞു വരുന്ന
പൂച്ചക്കുഞ്ഞിനു
പിറകേ,
തൊഴുത്തിൽ നിന്നും
വരുന്ന വിളികൾക്ക്
മറുവിളി കൊടുത്ത്,
നാലുമണിപ്പുഴുക്കും കാപ്പിയുമായി തുടരുന്ന
അടുക്കളത്തിരക്കുകളിലേക്ക്,
അതേ പുഞ്ചിരിക്കും
പാട്ടിനുമൊപ്പം,
ചുറുചുറുക്കോടെ പതം പറയാതെ,
നടന്നു കയറുന്നു.
ഇരുന്നുണ്ണാത്ത
കിടന്നുറങ്ങാത്ത
ഒരു ബ്ലാക്ക് & വൈറ്റ് ചീന്ത്.

പുസ്തക പരിചയം

മോഹൻ തോമസ്









# പെയ്തൊഴിഞ്ഞ കണ്ണീർമഴ

നാലു പതിറ്റാണ്ടായി മറവിയിലാണ്ടുകിടന്ന നാടകരാവുകളുടെ നിറംമങ്ങിയ രംഗപടങ്ങൾ ഓർമയുടെ കളിയരങ്ങിൽ പുനഃപ്രതിഷ്ഠിക്കാൻ സഹായിച്ചിരിക്കുകയാണ് ഭാനുപ്രകാശിന്റെ പുതിയ കൃതി.

മലയാണ്മയുടെ വൈശിഷ്ട്യമാർന്ന സാഹിതീ സമ്പത്തിന് മുതൽക്കൂട്ടാവുന്ന സംഭാവനകൾ തന്നാലാവുംവിധം സമർപ്പിച്ചുകൊണ്ടിരിക്കുന്ന എഴുത്തുകാരനാണദ്ദേഹം. ജീവിതാനുഭവങ്ങളുടെ നേർചിത്രങ്ങൾ എന്ന് സാമാന്യമായി പരിഭാഷപ്പെടുത്താവുന്ന 'ലൈഫ് സ്കെച്ചസ്' (life sketches) എന്ന വിശേഷണത്തോടെയാണ് മാതൃഭൂമി ബുക്സ് ഈ മനോജ്ഞരചനയെ വായനക്കാരുടെ കൈകളിൽ എത്തിച്ചിരിക്കുന്നത്.

'മുൻപേ പെയ്ത മഴയിലാണ് ഇപ്പോൾ നനയുന്നത്' എന്ന കാവ്യാത്മക നാമം ഒരു ചെറുകഥയുടെയോ നോവലെറ്റിന്റെയോ ഓർമയാണ് നമ്മിലുണർത്തുക. എന്നാൽ വായന പാതിവഴിയിലെത്തും മുൻപേ ഈയൊരാഖ്യായികയ്ക്ക് ഇതിലും നല്ലൊരു നാമധേയം കണ്ടെത്തുക അസാധ്യമാണെന്ന് നാം തിരിച്ചറിയും.

ജീവിതപ്രാരാബ്ധങ്ങളുടെ നീർച്ചുഴിയിൽ മുങ്ങിത്താഴുമായിരുന്ന നാല് സ്ത്രീകൾ അതിജീവനത്തിനായി അഭിനയകലയുടെ അരികുചേർന്ന് നീന്തിക്കയറിയതിന്റെ അനുഭവസാക്ഷ്യമാണ് ഈ കൃതിയിൽ കേൾക്കാനാവുക. നാട്ടിൻപുറത്തെ നാടകസമിതികളിൽ ആദ്യചുവടുകൾവച്ച് അഭിനയം ജീവനോപാധിയാക്കി അരങ്ങിൽത്തന്നെ ജീവിതം ഹോമിച്ച അനേകം യുവതികളുടെ പ്രതിനിധികളായിട്ടാണ് സാവിത്രി, സരസ, എൽസി, ഉഷ എന്നീ ചതുർമുഖങ്ങളെ ചായം തേ

> ജീവിതപ്രാരാബ്ധങ്ങളുടെ നീർച്ചുഴിയിൽ മുങ്ങിത്താഴുമായിരുന്ന നാല് സ്ത്രീകൾ അതിജീവനത്തിനായി അഭിനയകലയുടെ അരികുചേർന്ന് നീന്തിക്കയറിയതിന്റെ അനുഭവസാക്ഷ്യമാണ് ഈ പുസ്തകത്തിലുള്ളത്.




ക്കാതെ നമുക്ക് മുന്നിലേക്ക് പിടിച്ചുനിർത്തുന്നത്.

അരങ്ങിലെത്തുന്നവൾ വെറും നടിയായും അതേ അഭിനയത്തൊഴിലുമായി തിരശ്ശീലയിൽ തെളിയുന്നവൾ താരമായും കൊണ്ടാടപ്പെട്ടിരുന്ന കാലത്ത് നാലുപേരോട് പറയാൻകൊള്ളാത്ത പാർശ്വവൽകൃതരുടെ ഗണത്തിലായിരുന്നു നാടകനടിയുടെ സ്ഥാനമെന്ന് പുസ്തകം പറയാതെ പറയുന്നു. കുടുംബഭാരം ചുമലിലേറ്റി തളർന്നുവീഴുമ്പോൾ ചോരയും നീരും ഊറ്റിക്കുടിച്ചവർ തന്നെ ഉറവവറ്റിയ ആ പാഴ്ജന്മങ്ങളെ പടിക്കുപുറത്താക്കിയ അനുഭവങ്ങളുണ്ട് അവരിൽ പലർക്കും പങ്കുവയ്ക്കാൻ. വിവാഹസ്വപ്നം പോലും അവരെ സംബന്ധിച്ച് അതിമോഹമായിരുന്നു. ജീവിതമാധുര്യം നുകരാൻ പ്രതീക്ഷയോടെ കാത്തിരുന്ന് ഒടുവിൽ ജരാനരകളുടെ അകാല അധിനിവേശത്തിൽ ചൂടും ചൂരും നഷ്ടപ്പെട്ട് വാർദ്ധക്യത്തെ പരിണയിച്ചവർ.

മംഗല്യവേദിയിൽ മണവാട്ടിയായി താലിചാർത്തലും മണിയറയിലെ മധുവിധുരാവുകളും അരങ്ങിൽ അഭിനയിച്ചു പൊലിപ്പിക്കുമ്പോൾ ചിലരെങ്കിലും നാടകവും ജീവിത സങ്കൽപ്പങ്ങളും തമ്മിൽ വേർതിരിച്ചറിയാനാവാതെ തേങ്ങലടക്കിയിട്ടുണ്ടാവും. ഇതൊക്കെ സംഭവ്യമോ എന്ന് സന്ദേഹിക്കുന്നവരുടെ മുന്നിലേക്ക് അരങ്ങിൽ നിന്നും ഇറങ്ങിവന്ന ജീവനുള്ള കഥാപാത്രമാണ് ബാലുശ്ശേരി സരസ. അതേവിധത്തിലല്ലെങ്കിൽപ്പോലും മറ്റ് തലങ്ങളിൽ സാവിത്രിയും എൽസിയും ഉഷയും താണ്ടിയ അവഗണനയുടെയും അധിക്ഷേപത്തിന്റെയും കനൽവഴികൾ അനുവാചക മനസുകളെ പൊള്ളിക്കുംവിധം വരച്ചിടുന്നു ഭാനുപ്രകാശ്.



## ഗ്രന്ഥാനുഭവം ജീവിതത്തിൽ

ബാലജനസഖ്യം, നാടൻ കലാസമിതികൾ തുടങ്ങി പള്ളിപ്പെരുന്നാളിനോടനുബന്ധിച്ചുള്ള കലാസന്ധ്യകളിൽ വരെ നാടകാഭിനയവുമായി നടന്നിരുന്ന കാലത്ത് അരങ്ങിൽ അഭിനേത്രികളില്ലാത്തതിന്റെ പ്രയാസം നേരിട്ടനുഭവിച്ചിട്ടുണ്ട്. അന്നൊക്കെ ഭൂരിഭാഗം അമേചർ നാടകങ്ങളിലും സ്ത്രീകഥാപാത്രങ്ങൾക്ക് ജീവനേകിയത് പെൺവേഷംകെട്ടിയ പുരുഷന്മാരായിരുന്നു. മലപ്പുറം ജില്ലയിൽ പ്രത്യേകിച്ച് ഏറനാടൻ മലയോരമേഖലയിൽ എഴുപതുകളിലൊക്കെ നിലനിന്നിരുന്ന ജാതിമത യാഥാസ്ഥിതിക ചിന്താഗതിയുടെ പരിണിതഫലമായിരിക്കാം നാടകാഭിനയരംഗത്തെ സ്ത്രീസാന്നിധ്യമില്ലായ്മ എന്നായിരുന്നു എന്റെ തെറ്റായ ധാരണ. എന്നാൽ നാടകാഭിനയത്തിൽ എന്നല്ല ആദ്യകാല സിനിമാചരിത്രത്തിൽത്തന്നെ അഭിനയമോഹവുമായി അകത്തളംവിട്ടിറങ്ങിവന്ന കലാകാരികളെ അസ്പൃശ്യത കൽപ്പിച്ച് ആട്ടിയോടിച്ചിരുന്നു എന്നതാണല്ലോ യാഥാർഥ്യം. ഗ്രാമത്തിലെ പെരുന്നാളിന് ഞാൻ എഴുതി അവതരിപ്പിച്ച 'അവൾ വരുന്നു' എന്ന നാടകത്തിലാണ് അഭിനയം തൊഴിലാക്കിയ ഒരു നാടകനടിയെ ഞാനാദ്യമായി കാണുന്നത്. വിടർന്ന മിഴികളും നീളംകുറഞ്ഞ ചുരുണ്ട മുടിയുമുള്ള സുന്ദരിയായ ശോഭനയുടെ പാറിവീഴുന്ന ഒരു നോട്ടത്തിനായി സംഘാടകരെന്ന ഭാവത്തിൽ യുവാക്കൾ റിഹേഴ്സൽക്യാമ്പിന് ചുറ്റും വട്ടമിട്ടുനടന്നിരുന്നു. നിലാവ്പെയ്ത ഒരു രാത്രിയിൽ തുച്ഛമായ പ്രതിഫലവും വാങ്ങി ഞങ്ങളെയെല്ലാം വിരഹദുഃഖത്തിലാഴ്ത്തി യാത്രപറഞ്ഞുപോയ ശോഭനയെ പിന്നീടൊരിക്കലും ഞാൻ കണ്ടിട്ടില്ല.

ജീവിത പ്രയാണത്തിനിടയിൽ നാടുവിട്ടു സാമൂതിരിയുടെ തട്ടകത്തിലേക്ക് ചേക്കേറിയതോടെ ശോഭനയും വിസ്മൃതിയിലാണ്ടു. ഇന്നിപ്പോൾ 'മുൻപേ പെയ്ത മഴ...' തെളിനീരുറവയായി സ്മൃതിപഥത്തിലേക്ക് ഒഴുകിയിറങ്ങവെ പായൽമൂടിയ പഴയ നാടകഓർമകൾ അറിയാതെ മിന്നിത്തെളിയുന്നു!

## ഭാനുപ്രകാശ് – നാടകം, സിനിമ, എഴുത്ത്

മലയാളത്തിന്റെ മഹാനടൻ മോഹൻലാലിന്റെ അഭിനയ സപര്യയുടെ നാൾവഴികളും വ്യക്തിജീവിതവും സമന്വയിപ്പിച്ച് അഭിമുഖ ശൈലിയിൽ എഴുതിയ ഭാവദശരഥം ആണ് ഭാനുപ്രകാശിന്റേതായി ഞാൻ വായിച്ച ആദ്യ കൃതി. ഭാവദശരഥത്തിന് അവതാരിക എഴുതിയ മമ്മൂട്ടിയുടെ വാക്കുകളിൽ ഭാനുപ്രകാശ് എന്ന എഴുത്തുകാരന്റെ സർഗശേഷി തെളിഞ്ഞുകാണാം. അദ്ദേഹം കുറിച്ചതിങ്ങനെ – 'ഈ അഭിമുഖത്തിന്റെ വായനാസുഖം അതിന്റെ യുക്തിഭദ്രമായ അവതരണം കൊണ്ടുകൂടിയാണ്... ആദിമധ്യാന്തപ്പൊരുത്തമുള്ള പുസ്തകം പോലെ ഒരു അഭിമുഖം വായിച്ചു തീർക്കുകയെന്നത് അപൂർവമായ അനുഭവമാണ്.'

ഭാവദശരഥത്തിൽ നിന്ന് 'മുൻപേ പെയ്ത മഴയിൽ...' എത്തുമ്പോൾ ഈ വായനാസുഖം പൂർവാധികം വർധിച്ചിരിക്കുന്നു. 'നാലു നടികളുടെ ജീവിതം പറയുന്നതിനൊപ്പം പൊയ്പ്പോയ ഒരു കാലഘട്ടത്തിന്റെ കുറെ ഓർമകൾ പുനരാനയിക്കുന്നു എന്ന വലിയ നന്മകൂടി ഈ പുസ്തകം അനുഷ്ഠിക്കുന്നു' എന്ന സുഭാഷ്ചന്ദ്രന്റെ അവതാരികയിലെ വാക്കുകൾ തന്നെ ഈ കൃതി അരങ്ങിനെക്കുറിച്ചുള്ള ഉപരിപ്ലവമായ ഇക്കിളിപ്പെടുത്തലല്ലെന്നും മൺമറഞ്ഞ കേരള സാമൂഹ്യചരിത്രത്തിന്റെ ഈടുവെയ്പ്പ് കൂടിയാണെന്നും അടയാളപ്പെടുത്തുന്നുണ്ട്. കൂട്ടത്തിൽ ആമുഖമെഴുതിയ ഡോക്ടർ ശ്രീകുമാറിന്റെ നിരീക്ഷണം കൂടി പരാമർശമർഹിക്കുന്നു. 'ഭാനുപ്രകാശിനെപ്പോലുള്ള അരങ്ങന്വേഷകരില്ലായിരുന്നെങ്കിൽ ഈ കലാകാരികൾ നടത്തിയ ആത്മാർപ്പണത്തിന്റെ കണ്ണീരുപ്പു ചുവയ്ക്കുന്ന ജീവിതകഥ പുറംലോകം അറിയുമായിരുന്നില്ല'. ആ വാക്കുകളെ അന്വർഥമാക്കുംവിധം ആത്മാർഥമായ പരിശ്രമത്തിലൂടെ നാല് നാടകനടിമാരുടെ തീക്ഷ്ണാനുഭവങ്ങൾ സത്യസന്ധമായും ഹൃദയാർദ്രമായും അവതരിപ്പിക്കുവാൻ ഗ്രന്ഥകർത്താവിന് കഴിഞ്ഞിട്ടുണ്ട്.

ആരവമൊഴിഞ്ഞ അരങ്ങിൽ നിന്നിറങ്ങി ചമയമഴിക്കുന്നതോടെ നടികളുടെ ജീവിത നാടക യവനിക ഉയരുകയായി. അവിടെ വർണവെളിച്ചമില്ല, ആടയാഭരണങ്ങളില്ല, അഹ്ലാദനിർഭരമായ ആഘോഷങ്ങളില്ല. 'സുഡാനി ഫ്രം നൈജീരിയ'യിലൂടെ പ്രശസ്തിയുടെ വെള്ളിവെളിച്ചത്തിലേക്കുയർന്ന സാവിത്രി ശ്രീധരന്റെ ആദ്യ നാടകപ്രതിഫലം പത്തുരൂപയായിരുന്നു. മലബാറിലെ പെരുമയാർന്ന ഒട്ടുമിക്ക നാടകക്കമ്പനികളി

ങ്ങുമ്പോഴും ആരുമറിയാതെ നടികളനുഭവിക്കുന്ന അരക്ഷിതാവസ്ഥയാണ് ഭാനുപ്രകാശ് പച്ചയായി പകർത്തിവെച്ചിരിക്കുന്നത്.

പുതുതലമുറ വായനയിലൂടെ മാത്രമറിയുന്ന കെ ടി മുഹമ്മദ്, തിക്കോടിയൻ, എം ടി വാസുദേവൻ നായർ, ടി ദാമോദരൻ, എം എസ് ബാബുരാജ്, വിക്രമൻനായർ, ഇബ്രാഹിം വേങ്ങര, പി എം താജ് തുടങ്ങിയ പ്രതിഭകൾ കോഴിക്കോടൻ നാടകസന്ധ്യകളെ സമ്പന്നമാക്കിയതിന്റെ പ്രൗഢസ്മരണകളും ഗ്രന്ഥകാരൻ പുനരാനയിച്ചിരിക്കുന്നു. പ്രേംജി, ബാലൻ കെ നായർ, കുതിരവട്ടം പപ്പു, കുഞ്ഞാണ്ടി, നിലമ്പൂർ ബാലൻ, സുരാസു, സി വി ദേവ്, ആഹ്വാൻ സെബാസ്റ്റ്യൻ, ശാന്താദേവി, കുട്ട്യേടത്തി വിലാസിനി തുടങ്ങി അരങ്ങിലും അണിയറയിലും അത്ഭുതങ്ങൾ തീർത്ത നിരവധി നാടക പ്രതിഭകളും നാലു നായികമാരുടെ ഓർമകളിലൂടെ നമുക്ക് മുന്നിലെത്തുന്നു.

സിനിമയും ടി വിയും ഇത്രയേറെ അധീശത്വം സ്ഥാപിക്കുന്നതിന് മുൻപ് കരുത്തുറ്റ സാഹിത്യ സൃഷ്ടികളുടെ നാടകരൂപം ആയിരക്കണക്കിന് വേദികളിലൂടെ പ്രേക്ഷക മനസുകൾ കീഴടക്കിയിരുന്നു. അതുവഴി സാമൂഹ്യ പരിഷ്കരണത്തിന് ആക്കം കൂട്ടിയ നിരവധി നാടക സംഘങ്ങളെയും സമിതികളെയും മറവിയിൽ നിന്ന് നമ്മുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നുമുണ്ട്. കേരളമാകെ അലയടിച്ച നവോത്ഥാന സമരമുന്നേറ്റങ്ങൾക്ക് കെ.പി.എ.സി എങ്ങിനെ വെള്ളവും വളവുമേകിയോ അതേ കർത്തവ്യം ഏറിയും കുറഞ്ഞും മലബാറിലെ നാടകപ്രവർത്തകരും നിർവഹിച്ചിരുന്നു എന്നത് ഇത്തരുണത്തിൽ സ്മരണാർഹമാണ്.

സാവിത്രി ശ്രീധരൻ പങ്കുവയ്ക്കുന്ന മറ്റൊരു കൗതുകം ആഹ്വാൻ സെബാസ്റ്റ്യന്റെ മ്യൂസിക്കൽ തിയേറ്റേഴ്സ് അരങ്ങിലെത്തിച്ച 'വഴിയമ്പലം' എന്ന നാടകത്തെ സംബന്ധിച്ചാണ്. അതിൽ അവരഭിനയിച്ചു എന്നതിനേക്കാൾ നാടക - സാഹിത്യ - സിനിമാ രംഗങ്ങളിൽ തലയെടുപ്പോടെ നിന്ന എം ടി, തിക്കോടിയൻ, കെ ടി മുഹമ്മദ്, ടി ദാമോദരൻ എന്നീ നാലു സിംഹങ്ങൾ ഒന്നിച്ചുചേർന്നാണ് വഴിയമ്പലം എഴുതിയതെന്ന അറിവാണ് നമ്മെ അത്ഭുതപ്പെടു

**ആരവമൊഴിഞ്ഞ അരങ്ങിൽ നിന്നിറങ്ങി ചമയമഴിക്കുന്നതോടെ നടികളുടെ ജീവിതനാടക യവനിക ഉയരുകയായി. അവിടെ വർണവെളിച്ചമില്ല, ആടയാഭരണങ്ങളില്ല, അഹ്ലാദനിർഭരമായ ആഘോഷങ്ങളില്ല.**



ലെയും തിരക്കുള്ള നടിയായിട്ടും ദാമ്പത്യ ജീവിതത്തിലെ നിർണായക നിമിഷത്തിൽ അവരനുഭവിച്ച വ്യഥയുടെ ആഴം ഇങ്ങനെ വായിക്കാം. 'ഒടുവിലറിഞ്ഞു ശ്രീധരേട്ടനും ക്യാൻസറാണെന്ന്. അച്ഛന് കാലിനായിരുന്നെങ്കിൽ ശ്രീധരേട്ടന് തൊണ്ടയ്ക്കായിരുന്നു. ശ്രീധരേട്ടനെ നോക്കാനായി നാടകാഭിനയം നിർത്തണോ എന്നുവരെ ആലോചിച്ചു. പക്ഷേ, പിന്നീടങ്ങോട്ട് എങ്ങനെ ജീവിക്കും, മരുന്നിനും ഭക്ഷണത്തിനുമുള്ള പൈസ എവിടുന്നു കിട്ടും?' അരങ്ങിനെ ത്രസിപ്പിച്ച ഉജ്ജ്വലമായ അഭിനയ മുഹൂർത്തങ്ങളിലൂടെ പ്രേക്ഷകരുടെ അഭിനന്ദനങ്ങളേറ്റുവാ

ത്തുക. നാടകാസ്വാദകരായ മലയാളികൾക്കും ഗവേഷണ വിദ്യാർഥികൾക്കും ഇത്തരം അറിവുകളുടെ ഒരക്ഷയഖനി കൂടിയാണ് ഈ പുസ്തകം തുറന്നുതരുന്നത്.

### *മനസിലെരിഞ്ഞ ചിത*

ബാലുശ്ശേരി സരസയെന്ന എഴുപതു കഴിഞ്ഞ നാടകനടിയുടെ ഐശ്വര്യമുള്ള പുഞ്ചിരി ഉള്ളിലെ വിഷാദനൊമ്പരങ്ങളെ മറയ്ക്കുന്നുണ്ടാവാം. പക്ഷേ, അവരുടെ മനസിലിന്നുമെരിയുന്ന അച്ഛന്റെ ചിതയുടെ ചൂടിൽ വായനക്കാരന്റെ ഉള്ളുകൂടി പൊള്ളിക്കുന്നു ഭാനുപ്രകാശിന്റെ തൂലിക.

അച്ഛന് സുഖമില്ലെന്നറിഞ്ഞ് അരങ്ങിൽ നിന്ന് നേരെ ഓടിയെത്തിയ സരസയ്ക്ക് കാണാനായത് പിതാവിന്റെ നിശ്ചലമായ ശരീരമാണ്. അവസാനമായി ഒന്നുമിണ്ടാൻ പോലും കഴിയാത്ത ദുഃഖത്തിൽ ഉള്ളുരുകി കരയുമ്പോഴും അവരുടെ മനസ്സിൽ വിക്രമൻ നായരുടെ ശബ്ദം മുഴങ്ങിക്കൊണ്ടിരുന്നു 'വൈകിട്ട് നാടകമുള്ളതാണ് മറക്കണ്ട'. ശേഷം അവരുടെ വിറയാർന്ന സ്വരം ഭാനുപ്രകാശ് ഇങ്ങനെ കേൾപ്പിച്ചു തരുന്നു.

'കുറേദൂരം പിന്നിട്ടപ്പോൾ ഓട്ടോയിലിരുന്നു ഞാൻ കണ്ടു ആംബുലൻസിൽ എന്റെ അച്ഛൻ പോകുന്നത്... കോഴിക്കോട്ടെത്തിയപ്പോൾ മാവൂർ റോഡ് ശ്മശാനത്തിലേക്ക് അച്ഛനും തിരൂരിലെ നാടക അരങ്ങിലേക്ക് ഞാനും വഴിപിരിഞ്ഞു'.

വായിച്ചുതീരുമ്പോൾ ഉള്ളിൽ ആരോ മുള്ളിട്ടു വലിച്ചതുപോലൊരു പിടച്ചിൽ നമുക്ക് അനുഭവപ്പെടുന്നു. ആ രാത്രിയിൽ കഥാപാത്രമായി വേദിയിൽ നിൽക്കുമ്പോൾ അവരുടെ മനസ്സിൽ അച്ഛന്റെ ചിതയെരിഞ്ഞു തീർന്നിരുന്നില്ല എന്ന് ഭാനുപ്രകാശ് ആ സംഭവത്തെ സംഗ്രഹിക്കുന്നു. കഥയിലോ നോവലിലോ മാത്രം കാണാൻ കഴിയുന്ന ആകസ്മികതയും വൈകാരിക നിമിഷങ്ങളും കൊണ്ട് ഉദ്വേഗഭരിതമായ വായനാസുഖം ഈ കൃതിയും തരുന്നുണ്ട്. ഉത്തമ സാഹിത്യം മനുഷ്യമനസ്സിനെ വിമലീകരിക്കുകയും ഹൃദയത്തിൽ നന്മവിതയ്ക്കുകയും ചെയ്യുമെങ്കിൽ ഭാനുപ്രകാശ് അയത്നലളിതമായി ആ വിത്തുകൾ നമ്മുടെയുള്ളിൽ നിക്ഷേപിക്കുന്നുണ്ട്.

### തെളിയാത്ത വെള്ളിത്തിര

അരനൂറ്റാണ്ട് അരങ്ങിൽ നിറഞ്ഞു നിന്നിട്ടും അംഗീകരിക്കപ്പെടണമെങ്കിൽ ഒന്നോരണ്ടോ സിനിമയിൽ മുഖംകാണിക്കേണ്ടിവരുന്നതിന്റെ ഭാഗ്യനിർഭാഗ്യത്തെക്കുറിച്ച് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. അമ്പത്തിയഞ്ച് വർഷം നാടകത്തിനായും നാടകം കൊണ്ടും മാത്രം ജീവിച്ച എൽസി സുകുമാരന് പത്തുസിനിമയിലെങ്കിലും അപ്രധാനമല്ലാത്ത വേഷം ലഭിച്ചു. പക്ഷേ അതൊന്നും 'സുഡാനി ഫ്രം നൈജീരിയ' ആയി മാറിയില്ല. ഒരായുസ്സ് മുഴുവൻ നാടകത്തിനായി ഹോമിച്ച എൽസി സുകുമാരനെ പരിചയപ്പെടുത്തിയിട്ട് ഭാനുപ്രകാശ് ഇങ്ങനെ കുറിക്കുന്നു. 'അരങ്ങിൽ അരനൂറ്റാണ്ടിലേറെക്കാലമായി നിറഞ്ഞുനിൽക്കുന്ന എൽസി അംഗീകരിക്കപ്പെടാനും മറ്റൊരു സുഡാനി വേണ്ടിവരുമോ?'

### ജീവിതമോ നാടകമോ

പ്രേക്ഷകനെ ഉദ്വേഗഭരിതനാക്കി അവസാനംവരെ പിടിച്ചിരുത്തുന്ന ഒരു ആക്ഷൻ



തിരശ്ശീല താഴുമ്പോൾ വെളിച്ചമസ്തമിച്ച മനസ്സുമായി മടങ്ങുന്ന നാടകനടികളുടെ ജീവിതത്തിലേക്ക് തിരിച്ചുപിടിച്ച പ്രകാശംപരത്തുന്ന കണ്ണാടിയാണ് ഈ കൃതിയെന്ന് പറയാം. ഒറ്റയിരുപ്പിൽ വായിച്ചുതീർക്കാൻ പ്രേരിപ്പിക്കുന്ന രചനാകൗശലം ഈ സൃഷ്ടിയുടെ മാറ്റുകൂട്ടുന്നതിനൊപ്പം പുനർവായനയ്ക്ക് പ്രേരിപ്പിക്കുന്ന രുചിക്കൂട്ടായി മാറുകയും ചെയ്യുന്നു.

സിനിമയുടെ ആരംഭം പോലെ സ്തോഭജനകമാണ് ഉഷാ ചന്ദ്രബാബുവിനെ കുറിച്ചുള്ള അധ്യായത്തിന്റെ തുടക്കം. അതിങ്ങനെ... 'നാടകവണ്ടി കാത്തുനിൽക്കുന്ന മിഡിയും ടോപ്പുമിട്ട സുന്ദരിയായ പെൺകുട്ടിയെയും മധ്യവയസ്കനെയും സമീപിച്ച പൊലീസുകാരൻ രൂക്ഷമായ ഭാവത്തോടെ ചോദിച്ചു...'കുറേ നേരമായല്ലോ

## നാടകം നവോത്ഥാനം ഉപജീവനം

നാടകം മനുഷ്യനിൽ ചെലുത്തുന്ന സ്വാധീനത്തിന്റെ അലകൾ വൻതിരകളായി സമൂഹത്തെയാകെ മാറ്റിമറിച്ചതിന്റെ ചരിത്രരേഖയാണ് വി. ടി യുടെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്', തോപ്പിൽ ഭാസിയുടെ 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്നീ

ണ്ടിലേറെ നീണ്ട നാടകാഭിനയ സപര്യയിലൂടെ അറിയാതെയെങ്കിലും സാമൂഹികമാറ്റത്തിന് ചാലകശക്തിയായവരാണ് തങ്ങളുമെന്ന് ഈ നാലുനായികമാർക്കും അഭിമാനിക്കാം.

അരങ്ങിനെ അഭിനയകലയുടെ ഊർജപ്രവാഹത്താൽ ത്രസിപ്പിച്ച ആ കലാകാരികൾക്കുള്ള അർഥപൂർണമായ ആദര



ഈ പെണ്ണിനേയും കൊണ്ട് ഇവിടെ നിൽക്കുന്നു. എത്രകാലമായി ഈ പരിപാടി തുടങ്ങിയിട്ട്'... ചുറ്റും കൂടിയ നാട്ടുകാരുടെ മുന്നിൽ അപമാനിതയായി നിൽക്കുന്ന പെൺകുട്ടിക്ക് നാടകാഭിനയം മാത്രമല്ല ജീവിതം തന്നെ അവസാനിപ്പിച്ചാലോ എന്നാണ് ആ നിമിഷം തോന്നുക. പക്ഷേ, ഉഷ തോൽക്കാൻ തയ്യാറായിരുന്നില്ല. സംസ്ഥാന സർക്കാരിന്റെ മികച്ച നടിക്കുള്ള പുരസ്കാരം നാലുതവണ കരസ്ഥമാക്കിയ ഒരേയൊരു നടിയിലേക്കുള്ള വളർച്ച അവിടെ തുടങ്ങുകയായിരുന്നു.

സമാന സാഹചര്യങ്ങളിലൂടെ വിരസമായേക്കാവുന്ന നാലു പേരുടെ ജീവിതയാത്രയെ വൈവിധ്യമാർന്ന അവതരണശൈലി കൊണ്ട് ആകർഷകമാക്കാൻ രചയിതാവിന് സാധിച്ചിരിക്കുന്നു.

നാടക ദ്വയങ്ങൾ. തന്റെ തന്നെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കുന്ന വി.ടി ഇങ്ങനെ വിലയിരുത്തുന്നു...

'പൂമുഖത്ത് നടന്ന ഈ ഒച്ചപ്പാട് അന്തപ്പുരത്തിലേക്കും കടത്തിവിടാനുള്ള പരിശ്രമത്തിന്റെ ഫലമായി 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്' എന്ന പ്രഹസനം (നാടകം) അരങ്ങേറി. ആചാരക്കോട്ട തകർക്കാനുള്ള ആദ്യത്തെ ആറ്റംബോംബായി ആളുകൾ അതിനെ ചിത്രീകരിച്ചു. പ്രഹസനം അരങ്ങേറിയ പ്രദേശങ്ങളിലെ ജനങ്ങളെല്ലാം മറക്കുടവലിച്ചെറിഞ്ഞും ചേലപ്പുതപ്പ് ചീന്തിയെറിഞ്ഞും അരങ്ങത്തേക്ക് വന്നു'.

നാടകാശയങ്ങൾ നമ്മുടെ നാട്ടിലുയർത്തിവിട്ട സ്വാതന്ത്ര്യബോധത്തിന്റെയും സ്ത്രീവിമോചന സമരങ്ങളുടെയും സാക്ഷ്യപത്രമാണിത്. അരനൂറ്റാ

വാണ് അവരിന്ന് നനയുന്ന വാക്കുകളുടെയീ പൂമഴ..! തിരശ്ശീല താഴുമ്പോൾ വെളിച്ചമസ്തമിച്ച മനസ്സുമായി മടങ്ങുന്ന നാടകനടികളുടെ ജീവിതത്തിലേക്ക് തിരിച്ചുപിടിച്ച പ്രകാശം പരത്തുന്ന കണ്ണാടിയാണ് ഈ കൃതിയെന്ന് പറയാം. ഒറ്റയിരുപ്പിൽ വായിച്ചുതീർക്കാൻ പ്രേരിപ്പിക്കുന്ന രചനാകൗശലം ഈ സൃഷ്ടിയുടെ മാറ്റുകൂട്ടുന്നതിനൊപ്പം പുനർവായനയ്ക്ക് പ്രേരിപ്പിക്കുന്ന രുചിക്കൂട്ടായി മാറുകയും ചെയ്യുന്നു. പരിഹാസത്തിന്റെയും പരാധീനതകളുടെയും കുത്തൊഴുക്കിൽ പതറാതെ അതിജീവനത്തിന്റെ മാതൃക തീർത്ത നാല് അഭിനേത്രികളുടെ ജീവിതകഥനത്തിനപ്പുറം ആ കാലഘട്ടത്തിന്റെ തന്നെ നേർചിത്രമായി മാറാനും കഴിയുന്നു എന്നതാണ് ഈ കൃതിയുടെ പ്രസക്തിയും ഔന്നത്യവും.

ലേഖനം

മുതുകുളം മോഹൻദാസ്

# സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള (1878 – 1916)



സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തിയത് ഒരു സെപ്റ്റംബർ 26 നായിരുന്നു. ഇപ്പോൾ ഒരു നൂറ്റാണ്ടുകഴിഞ്ഞ് പത്ത് വർഷം കൂടി പൂർത്തിയായിരിക്കുന്നു. തിരുവിതാംകൂറിലെ രാജഭരണത്തിനെതിരായി മാത്രമല്ല രാജഭരണത്തിനടിത്തറയായിരുന്ന ബ്രാഹ്മണസംസ്കാരത്തിനും എതിരായി രാമകൃഷ്ണപിള്ള തന്റെ തൂലിക ചലിപ്പിച്ചു.

ശാസ്ത്രീയ സോഷ്യലിസത്തിന്റെ താത്ത്വികാചാര്യനായ കാൾ മാർക്സിനെ മലയാള വായനക്കാർക്ക് ആദ്യമായി പരിചയപ്പെടുത്തിക്കൊടുത്തത് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയാണ്. 'കാൾ മാർക്സ്' എന്ന പേരിൽ 1912 ലാണ് ആ ജീവചരിത്ര പുസ്തകം പ്രസിദ്ധീകരിക്കുന്നത്. അന്ന് മാർക്സിസം വെറുമൊരു ആദർശം മാത്രം. എങ്കിലും സോഷ്യലിസത്തിന്റെ കേരളത്തിലെ ഉറവിടം

> **കേരളത്തിൽ സംഘടിത തൊഴിലാളിവർഗ പ്രസ്ഥാനം രൂപം കൊള്ളുന്നതിനുമുമ്പ് പൊതുരംഗത്ത് വന്ന ചിന്തകനും പത്രാധിപരും ആയിരുന്നു രാമകൃഷ്ണപിള്ള.. ദരിദ്ര ജനവിഭാഗങ്ങളോട് രാമകൃഷ്ണപിള്ളക്കുണ്ടായിരുന്ന താൽപ്പര്യം അദ്ദേഹത്തിന്റെ പത്രത്താളുകളിൽ പ്രതിഫലിച്ചു കാണാമായിരുന്നു.**

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ
ജന്മഗൃഹം *കൂടില്ലാവീട്*



രാമകൃഷ്ണപിള്ള ആയിരുന്നു. എന്നാൽ അദ്ദേഹം ശാസ്ത്രീയ സോഷ്യലിസത്തിലേക്ക് എത്തിയിരുന്നില്ല. അദ്ദേഹത്തിന്റെ സോഷ്യലിസ്റ്റ് വീക്ഷണം സാങ്കൽപ്പികമായിരുന്നു. രാമകൃഷ്ണപിള്ള അന്തരിച്ചതിനുശേഷമാണ് റഷ്യയിൽ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം (1917) നടന്നതും സോവിയറ്റ് യൂണിയൻ ഉയർന്നുവന്നതും. അതുകൊണ്ടുതന്നെ അതിന്റെ അനുഭവങ്ങൾ ഉൾക്കൊള്ളാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. ആ നിലയിൽ ശാസ്ത്രീയ സോഷ്യലിസത്തിലേക്ക് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളക്ക് എത്താൻ കഴിയാതിരുന്നതിൽ – സാങ്കൽപ്പിക സോഷ്യലിസത്തിൽ ഒതുങ്ങി നിൽക്കാൻ മാത്രമേ കഴിഞ്ഞുള്ളു എന്നതിൽ – അത്ഭുതമില്ല.

കേരളത്തിൽ സംഘടിത തൊഴിലാളിവർഗ പ്രസ്ഥാനം രൂപം കൊള്ളുന്നതിനുമുമ്പ് പൊതുരംഗത്ത് വന്ന ചിന്തകനും പത്രാധിപരും ആയിരുന്നു രാമകൃഷ്ണപിള്ള. സാമൂഹിക പരിഷ്കരണ പ്രസ്ഥാനത്തിന്റെ രാഷ്ട്രീയത്തിലേക്കുള്ള പ്രവേശനമാണ് സ്വദേശാഭിമാനിയുടെ പത്രപ്രവർത്തനം ചൂണ്ടിക്കാണിക്കുന്നത്. രാജഭരണത്തിനും അഴിമതിക്കും ജനവിരുദ്ധതയ്ക്കും സ്വജനപക്ഷപാതത്തിനും രാജഭരണത്തിനു പിന്നിലുള്ള ബ്രാഹ്മണ സംസ്കാരത്തിനും എതിരായി 'സ്വദേശാഭിമാനി' പത്രം അരയും തലയും മുറുക്കി പോരാടി. ദരിദ്ര ജനവിഭാഗങ്ങളോട് രാമകൃഷ്ണ പിള്ളക്കുണ്ടായിരുന്ന താൽപ്പര്യം അദ്ദേഹത്തിന്റെ പത്രത്താളുകളിൽ പ്രതിഫലിച്ചു കാണാമായിരുന്നു.

രാമകൃഷ്ണപിള്ളയുടെ പത്രപ്രവർത്തനം പത്രലോകത്തിനെന്നും മാതൃകയാണ്. സത്യത്തിനും നീതിക്കും ചേരാത്ത ഒരു കാര്യവും അദ്ദേഹമെഴുതിയിരുന്നില്ലെന്നു മാത്രമല്ല അനീതിക്കെതിരായി ശക്തമായി പോരാടുകയും ചെയ്തു. ഒട്ടും കൃത്രിമത്വം സൃഷ്ടിക്കാതെ വസ്തുതകളും യാഥാർഥ്യങ്ങളും യഥാസമയം ജനങ്ങളിൽ എത്തിക്കുന്നതിൽ അനിതരസാധാരണമായ നിർഭയത്വം 'സ്വദേശാഭിമാനി'യുടെയും രാമകൃഷ്ണപിള്ളയുടെയും സവിശേഷതകളായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹവും പത്രവും രാജഭരണത്തിന്റെയും കിങ്കരന്മാരുടെയും ബദ്ധശത്രുക്കളായി മാറി. 1910 സെപ്റ്റംബർ 26 ന് 'സ്വദേശാഭിമാനി' പത്രവും




**1910 സെപ്റ്റംബർ 26 ന് 'സ്വദേശാഭിമാനി' പത്രവും പ്രസ്സും കണ്ടുകെട്ടി രാമകൃഷ്ണപിള്ളയെ നാടുകടത്തി. 'പൊതുജനക്ഷേമ'ത്തിനുവേണ്ടിയെന്ന വ്യാജേനയാണ് രാമകൃഷ്ണപിള്ളയെ നാട്ടിൽ നിന്ന് കടത്തുന്നതെന്നാണ് രാജകീയവിളംബരം പറയുന്നത്.**

പ്രസ്സും കണ്ടുകെട്ടി രാമകൃഷ്ണപിള്ളയെ നാടുകടത്തി. അന്ന് തിരുവിതാംകൂർ രാജാവ് ശ്രീമൂലം തിരുനാൾ രാമവർമ്മയും (1885 –1924) ദിവാൻ പി രാജഗോപാലാചാരിയും ആയിരുന്നു. 'പൊതുജനക്ഷേമ'ത്തിനുവേണ്ടിയെന്ന വ്യാജേനയാണ് രാമകൃഷ്ണപിള്ളയെ നാട്ടിൽ നിന്ന് കടത്തുന്നതെന്നാണ് രാജകീയവിളംബരം പറയുന്നത്. 'കെ.രാമകൃഷ്ണപിള്ള നമ്മുടെ സംസ്ഥാനത്തിൽ തിരികെ വരികയോ പ്രവേശിക്കുകയോ ചെയ്യുന്നതിനെ വിരോധിക്കുകയും ചെയ്യണമെന്ന് നാം ഇതിനാൽ ആജ്ഞാപിക്കുന്നു.' വിളംബരത്തിന്റെ അവസാനഭാഗമാണിത്.

അങ്ങനെ സത്യത്തിനും നീതിക്കും വേണ്ടി പോരാടിയ മാധ്യമമാണ് 'സ്വദേശാഭിമാനി'. അതിന്റെ നിർഭയനായ പത്രാധിപരായിരുന്നു നാടുകടത്തപ്പെട്ട രാമകൃഷ്ണപിള്ള. പിന്നീട് ആറരവർഷംകൂടി മാത്രമേ അദ്ദേഹം ജീവിച്ചിരുന്നുള്ളൂ. 1916 മാർച്ച് 28 ന് അദ്ദേഹം കഥാവശേഷനായി. ആധുനിക കേരളത്തിന്റെ ഏതാണ്ട് തെക്കേ അറ്റത്ത് – നെയ്യാറ്റിൻകരയിൽ – ജനിച്ച രാമകൃഷ്ണപിള്ള ഏതാണ്ട് വടക്കേ അറ്റത്ത് – കണ്ണൂരിൽ – വച്ച് മരിക്കുന്നു.

രാമകൃഷ്ണപിള്ളയുടെ പേരിലും പത്രത്തിന്റെ പേരിലും നടപടി എടുക്കുമ്പോൾ 1890 ൽ ആരംഭിച്ച മലയാള മനോരമയ്ക്ക് പ്രതിഷേധ സൂചകമായി ഒരക്ഷരം പോലും ഉരിയാടാൻ ഇല്ലായിരുന്നു. അന്ന് മലയാള മനോരമ ബ്രിട്ടീഷ് ഇന്ത്യൻ ഭരണത്തിന്റെയും തിരുവിതാംകൂർ രാജഭരണത്തിന്റെയും വിശ്വസ്ത ഭൃത്യനായി കഴിയുകയായിരുന്നു.

നാലു പതിറ്റാണ്ടിനുശേഷം രാമകൃഷ്ണപിള്ളയുടെ ചിതാഭസ്മം പയ്യാമ്പലത്തുനിന്ന് തിരുവനന്തപുരത്തേക്ക് കൊണ്ടുപോകുമ്പോൾ എല്ലാവരുടെയും മുന്നിൽ മാമ്മൻ മാപ്പിളയെ




കാണാമായിരുന്നു. മനോരമയുടെ കപടമായ പ്രകടനമാണ് നാം ഇവിടെ കാണുന്നത്. അനീതിക്കെതിരെ പോരാടിയ സഹജീവിക്കെതിരെ, ഭരണവർഗം എടുത്ത ക്രൂരനടപടി കണ്ടില്ലെന്ന് നടിച്ച മലയാള മനോരമ സഹജീവിയുടെ ചിതാഭസ്മം വഹിച്ചുകൊണ്ടുള്ള യാത്രയുടെ മുൻനിരയിൽത്തന്നെ നിലയുറപ്പിച്ച് കൃത്രിമതാപം പ്രകടിപ്പിക്കാൻ ധൈര്യം കാട്ടി, യാതൊരു ലജ്ജയുമില്ലാതെ.

രാജഭരണം കണ്ടുകെട്ടിയ പത്രവും പ്രസ്സും തിരിച്ചുകിട്ടാൻ, രാമകൃഷ്ണപിള്ളയുടെ മരണശേഷം മാറിമാറിവന്ന ജനകീയ സർക്കാരുകൾക്കുമുമ്പിൽ പത്രത്തിന്റെ യഥാർഥ ഉടമസ്ഥനായ വക്കം അബ്ദുൽ ഖാദർ മൗലവിയുടെ ബന്ധുക്കൾ പലതവണ നിവേദനങ്ങൾ സമർപ്പിച്ചു. ഒരു പതിറ്റാണ്ട് മാറിമാറി കേരളം ഭരിച്ച കോൺഗ്രസ്, പിഎസ്പി മന്ത്രിസഭകൾക്ക് സ്വദേശാഭിമാനി പ്രസ്സ് അതിന്റെ ഉടമസ്ഥന് വിട്ടുകൊടുക്കാൻ കഴിഞ്ഞില്ല. മറ്റു പലതിനും എന്ന പോലെ ഇഎംഎസ്സിന്റെ നേതൃത്വത്തിലുള്ള 1957ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ തന്നെ അതിനും വേണ്ടി വന്നു.

1958 ജനുവരി 28 ന് സ്വദേശാഭിമാനി പ്രസ്സ് മൗലവിയുടെ ബന്ധുക്കൾക്ക് തിരിച്ചുകിട്ടി. അങ്ങനെ അഞ്ചു പതിറ്റാണ്ടിനുശേഷം കമ്മ്യൂണിസ്റ്റ് സർക്കാർ വേണ്ടി വന്നു ആ ജനാധിപത്യ ജിഹ്വയുടെ വിമോചനത്തിന്.

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തി ഭീരുത്വം പ്രകടിപ്പിച്ച രാജഭരണത്തിന്റെ അനന്തരാവകാശിക്ക് മുറിമൂക്കുമായി തിരുവിതാംകൂർ വിടേണ്ടിവന്നു. രാജഭരണം എന്നെന്നേക്കുമായി അവസാനിക്കുകയും ചെയ്തു. അതവസാനിപ്പിക്കുന്നതിൽ സ്വദേശാഭിമാനി കെ രാമകൃഷ്ണപിള്ളയുടെ പിൻഗാമികളായ കമ്മ്യൂണിസ്റ്റുകാർക്ക് അനുപമമായ ത്യാഗം സഹിക്കേണ്ടി വന്നു. സ്വദേശാഭിമാനി കണ്ടുകെട്ടി മൂന്നുപതിറ്റാണ്ട് കഴിഞ്ഞപ്പോൾ, 1942 ൽ മറ്റൊരു 'ദേശാഭിമാനി' സംഘടിത തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റെ മുഖപത്രമായി ഉയർന്നുവന്നു. അതിനെതിരെയും പുതിയ ഭരണവർഗം പലതവണ വാളോങ്ങിയതാണ്. എന്നാൽ 'സ്വദേശാഭിമാനി'യിൽ നിന്ന് വ്യത്യസ്തമായി 'ദേശാഭിമാനി'യെ കാത്തുരക്ഷിക്കാൻ വിപ്ലവതൊഴിലാളിവർഗ പ്രസ്ഥാനം അതിന്റെ പിന്നിലുണ്ട്. 'സ്വദേശാഭിമാനി'ക്ക് പിന്നിൽ ഒരു ബഹുജന പ്രസ്ഥാനവും ഇല്ലായിരുന്നു. അത് ഒറ്റയാൻ ആയിരുന്നു.

നുണകൾ കൊണ്ടും വ്യാജവാർത്തകൾ കൊണ്ടും വ്യാജചിത്രങ്ങൾ കൊണ്ടും സത്യം മറച്ചുവച്ച് പ്രവർത്തിക്കുന്ന പത്രങ്ങളും നവമാധ്യമങ്ങളും മാധ്യമധർമ്മം മറന്ന് സമൂഹത്തെയാകെ, സാംസ്കാരിക മണ്ഡലത്തെയാകെ വിഷലിപ്തമാക്കുകയാണ്.

അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യാവകാശങ്ങളുടെയും കടയ്ക്കൽ ഭരണവർഗം കത്തിവയ്ക്കുന്ന ഒരു ദുരവസ്ഥയാണ് ഇന്ന് രാജ്യത്ത് നിലനിൽക്കുന്നത്. പണമൂലധന കേന്ദ്രീകരണവും അതിനെ നിർലജ്ജം വളർത്തുന്ന ബിജെപി ഭരണവും. ഈ ജനവിരുദ്ധ നയങ്ങൾ മറച്ചുവയ്ക്കാൻ മതവർഗീയതയെ ഉപകരണമാക്കുകയും ചെയ്യുന്നു. ഈ സാഹചര്യങ്ങളെ പരാജയപ്പെടുത്താൻ 'സ്വദേശാഭിമാനി'യുടെ പൈതൃകവും വീരസ്മരണയും പ്രചോദനമാകട്ടെ.

കഥ

സനിത അനൂപ്

# കുഞ്ഞന്നാമ്മയുടെ വിരുന്നാളുകൾ



കോടമഞ്ഞ് പെയ്യുന്ന ഒരു ശിശിരകാലത്തിൽ കുന്നേപ്പള്ളിയുടെ താഴെയുള്ള ഇറക്കത്തിൽ വച്ചാണ് ഞാൻ കുറേക്കാലത്തിനുശേഷം കുഞ്ഞന്നാമ്മയെ വീണ്ടും കാണുന്നത്.

കാലം ഓടിത്തളർത്തിയ ഒരു പോരാളി ആയി മാറിയിരുന്നു അവരപ്പോഴേക്കും. പ്രായം ഏറി എന്നതിന്റെ വെള്ളിവരകൾ തലയിലും മുഖത്തും നിറയെ അടയാളങ്ങൾ ഇട്ടിരുന്നു. മുഷിഞ്ഞ ചട്ടയും മുണ്ടും ഉടുത്ത് അവർ എനിക്ക് മുന്നിലൂടെ ആടിയാടി കടന്നുപോയി, എന്നെയെന്നല്ല ആരെയും കണ്ടഭാവം ആ മുഖത്തുണ്ടായിരുന്നില്ല.

അടുത്തുള്ള ഒന്നുരണ്ടുപേരോട്

ചോദിച്ചപ്പോഴാണ് കുഞ്ഞന്നാമ്മയ്ക്ക് ഇപ്പോൾ പരോൾ ഉണ്ടെന്നറിഞ്ഞത്. സ്വത്തു വീതംവച്ച പോലെ മക്കൾ അമ്മയുടെ ദിവസങ്ങളെയും വീതംവച്ചെടുത്തു. മാസത്തിൽ പകുതി ദിവസം ഒരിടത്തും ബാക്കി ദിവസം മറ്റൊരിടത്തും. ഇതിൽ എല്ലാ രണ്ടാംശനി ദിവസവും മൂത്തമോന്റെ വീട്ടിൽ നിന്നും കുഞ്ഞന്നാമ്മ രാവിലെ ഇറങ്ങണം എന്നാണ് മക്കൾ നിയമം. പക്ഷേ, പിറ്റേന്ന് മുതൽക്കുള്ള ഭക്ഷണമേ രണ്ടാമത്തവന്റെ വീട്ടിൽ നിന്നും കൊടുക്കുകയുള്ളു. ചുരുക്കത്തിൽ എല്ലാ രണ്ടാംശനി ദിവസവും കുഞ്ഞന്നാമ്മ പട്ടിണിയാണ്. രണ്ടുമക്കളുടെ വീട്ടിലും ഹാജർ ഇല്ലാത്ത ദിവസം.

ഉള്ള സ്വത്തൊക്കെ വീതംവച്ചുകൊടുത്ത കുഞ്ഞന്നാമ്മയുടെ കൈയിൽ അകെയുള്ള സമ്പാദ്യം ഒരു തുണിസഞ്ചിയാണ്. കൈയിലുള്ള ആ ചെറിയ കവറിൽ മുഷിഞ്ഞ തുണി മാത്രമേ ഉണ്ടാകൂ. അതുതന്നെ മുഴുവൻ പരിശോധിച്ചിട്ടു മാത്രമേ വീട്ടിൽ നിന്നും പുറത്തുകടക്കാൻ മരുമക്കൾ അനുവദിക്കുകയുള്ളൂ.

ഷുഗറും കൊളസ്ട്രോളും പ്രഷറും ഉള്ള കുഞ്ഞന്നാമ്മ ഏന്തിവലിഞ്ഞു നടന്നുപോകുന്നത് കണ്ടപ്പോൾ, ഉള്ളൊന്നു കൊളുത്തിവലിച്ചു. കാരണം എന്റെ ചെറുപ്പത്തിൽ എത്ര ആഡംബരത്തിൽ ജീവിച്ച ആളായിരുന്നു അവർ.

ആദ്യകാല കമ്മ്യൂണിസ്റ്റുകളിൽ ഒരാളായിരുന്നു ഔസേപ്പ് ചേട്ടൻ. പറമ്പും കൃഷിപ്പണിയുമായി കുടുംബം കഴിക്കുന്ന ഒരു മധ്യതിരുവിതാംകൂർ നസ്രാണി. ഔസേപ്പ് ചേട്ടന്റെ മണവാട്ടി ആയതോടെ കുഞ്ഞന്നാമ്മയും കമ്മ്യൂണിസ്റ്റ് ആയി.

പറമ്പുകിളയ്ക്കുമ്പോൾ കൂടെ കൂടുന്ന പോലെ കപ്പയ്ക്ക് തടമിടുമ്പോൾ കൂടെ ചേർന്ന് തടത്തിലെ മണ്ണ് മാന്തിയെടുത്ത് ജോലികൾ പങ്കിട്ടെടുക്കുന്നത് പോലെ ആയിരുന്നു കുഞ്ഞന്നാമ്മയ്ക്കു രാഷ്ട്രീയവും. എന്തിലും ഏതിലും തുല്യത കാണുന്ന ഔസേപ്പ് അച്ചായന്റെ പങ്കുകാരിയാവുക. ഔസേപ്പച്ചായന്റെ ഭാഷയിൽ പറഞ്ഞാൽ അതായിരുന്നു യഥാർഥ കമ്മ്യൂണിസം.

എല്ലാ ദിവസവും നേരം വെളുക്കുമ്പോൾ ഈരേഴ തോർത്തുടുത്ത് തൂമ്പയും വാക്ക



ത്തിയുമായി പറമ്പിലേക്കിറങ്ങുന്ന ഔസേപ്പച്ചൻ ഞായറാഴ്ച മാത്രം പണികൾക്ക് അവധി കൊടുത്ത് രാവിലെ പള്ളിയിലേക്കിറങ്ങും. പിള്ളേരേം കൈയിൽ പിടിച്ച് ഞൊറിയിട്ട വെള്ള മുണ്ടുടുത്ത് കുഞ്ഞന്നാമ്മയും കൂടെ പോകും. തിരിച്ചുവരും വഴി അലിക്കയുടെ കടേന്ന് ഇത്തിരി പോത്തിറച്ചിയും വാങ്ങി വീട്ടിലേക്കുവരും. വെപ്പും തീറ്റയുമെല്ലാം കഴിഞ്ഞ് രണ്ടാളും കൂടി മക്കളെയും നോക്കി കളിച്ചുചിരിച്ച് സമയംചെലവിടും.

ഇന്നത്തെപ്പോലെ മുട്ടിനുമുട്ടിന് ചാനലും അന്തിച്ചർച്ചകളും പത്രവും ഇല്ലാതിരുന്ന അക്കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്നകാര്യം ഏറെ വൈകിയാണ് ഔസേപ്പ് ചേട്ടൻ അറിഞ്ഞത്. നെഞ്ചിനുള്ളിൽ ഒരു ഇടിത്തീ വെട്ടിയ പോലെ ആയിരുന്നു ആ വാർത്ത അറിഞ്ഞ അന്ന് മുതൽ ഔസേപ്പ്. ചന്തയിൽ നിന്നും വീട്ടിൽ എത്തിയ അന്നുമുതൽ പിന്നീടൊരിക്കലും തുല്യത എന്നൊന്നിനെക്കുറിച്ച് ഔസേപ്പ് കുഞ്ഞന്നാമ്മയോടു പോലും മിണ്ടിയിട്ടില്ല. അയാളുടെ ഉള്ളിലെ കമ്മ്യൂണിസവും അതോടെ മരിച്ചു.

എങ്കിലും പറമ്പിലെ പണിക്കുമുടക്കം വന്നില്ല. പള്ളിയിൽ പോക്കും കൃഷിയും ഒരു ചടങ്ങുപോലെ നടന്നു. എന്നാലോ പതിയെപ്പതിയെ ഔസേപ്പ് കോൺഗ്രസ് ആയി മാറി. അതോടെ ഭാര്യയുമായി ജോലികൾ പങ്കിടുക, ഞായറാഴ്ചകൾ കുട്ടികൾക്കൊപ്പം, തുല്യതാസിദ്ധാന്തം എന്നിവയെല്ലാം കുഞ്ഞന്നാമ്മയുടെ വീട്ടിൽനിന്നും കുന്നിറങ്ങിപ്പോയി.

കോൺഗ്രസ് കേരളാകോൺഗ്രസിൽപ്പെട്ട് ഐയും ജിയും ബിയും ആയി പിളരുന്നതു കാണാൻ കാത്തുനിൽക്കാതെ ഒരു വേനൽച്ചൂടിൽ ഔസേപ്പ് മരിച്ചു. പറക്കമുറ്റാത്ത മക്കളെയും ചേർത്തുപിടിച്ചു കുഞ്ഞന്നാമ്മ പൊരുതിയത് കാലത്തിനോടും മക്കളുടെ പട്ടിണിയോടും ആയിരുന്നു.

വയർ ഇറുക്കിപ്പിടിച്ചു പറമ്പിൽ പണിയെടുത്തപ്പോൾ കമ്മ്യൂണിസവും കോൺഗ്രസ്സും ഒന്നും ആലോചിച്ചില്ല. അക്കാലത്തു കുഞ്ഞന്നാമ്മയുടെ രാഷ്ട്രീയം വിശപ്പ് മാത്രമായിരുന്നു.

മക്കളെല്ലാം നല്ല നിലയിൽ എത്തിയതോടെ കുഞ്ഞന്നാമ്മ വീണ്ടും ഒറ്റയാൾ സ്ഥാനാർഥി ആയി. അഞ്ചുമക്കളിൽ രണ്ട് ആണും മൂന്ന് പെണ്ണും. ഒക്കേത്തിനെയും നന്നായി പഠിപ്പിച്ചു നല്ല നിലയിൽ പെണ്ണ് കെട്ടിച്ചു. പെണ്ണുങ്ങളെ നല്ല കുടുംബത്തിലേക്ക് കെട്ടിച്ചും വിട്ടു. ഇക്കണ്ട കൃഷിയും ഭൂമിയും എല്ലാം അളന്നു വീതംവച്ച് ഇനിയുള്ള കാലം കൊച്ചുമക്കളെയും നോക്കി ടിവിയും കണ്ട് മുറുക്കിത്തുപ്പി വീട്ടിൽ ഇരിക്കണം എന്ന് കുഞ്ഞന്നാമ്മ ദിവാസ്വപ്നം കണ്ടു.

കാലം ഇരുണ്ടുവെളുത്തു കഴിഞ്ഞപ്പോൾ കുഞ്ഞന്നാമ്മ ശരിക്കും സോഷ്യലിസ്റ്റ് ആയി. നാടൻഭാഷയിൽ പറഞ്ഞാൽ കൈയിൽ ഒന്നും നീക്കിയിരുപ്പ് ഇല്ലാതെ ഒരു ഉലകം ചുറ്റും വാലിബൻ. കാരണം അവരുടെ മക്കൾ സോഷ്യലിസ്റ്റും കമ്മ്യൂണിസ്റ്റും ഒന്നും ആയിരുന്നില്ല. പക്കാ ക്യാപിറ്റലിസ്റ്റ് സ്വഭാവത്തിൽ അവർ എല്ലാ സ്വത്തും വീതിച്ചെടുത്തു, കൂട്ടത്തിൽ അമ്മച്ചിയെയും.

*******

അനിയത്തിയുടെ കല്യാണം പറയാൻ നാട് ചുറ്റുന്നതിനിടയിൽ പലപ്പോഴും കുഞ്ഞന്നാമ്മയെ ഞാൻ പലയിടങ്ങളിൽവച്ച് കണ്ടു.

കുന്നിറക്കത്തിലെ ജോസഫിന്റെ വീട്ടിലേക്കു കയറിയപ്പോൾ അപ്രതീക്ഷിതമായി ദാ കുഞ്ഞന്നാമ്മ അവിടേക്കു കയറിവരുന്നു. വിശപ്പുകൊണ്ട് ആകെ തളർന്ന അവർ അവിടെനിന്നും കുറേ കഞ്ഞിവെള്ളം വാങ്ങിക്കുടിച്ച് ആടിയാടി നടന്നുപോയി.

പിന്നീടൊരിക്കൽ കുഞ്ഞന്നാമ്മയുടെ ഇളയമകൻ ജോണിയുടെ വീട്ടിൽ എന്തോ കാര്യത്തിനായി ചെന്നതായിരുന്നു ഞാൻ. കൂടെ പഞ്ചായത്ത് മെമ്പറും ഉണ്ടായിരുന്നു. കോണിയുടെ ചുവട്ടിൽ നിന്നും കറുത്ത പുക പൊങ്ങിവരുന്നതുകണ്ട് എത്തിച്ചുനോക്കിയ ഞാൻ കണ്ടത് വിളറിയ ഒരു മഞ്ഞച്ചിരിയുമായി നിൽക്കുന്ന കുഞ്ഞന്നാമ്മയെ ആയിരുന്നു. മുഷിഞ്ഞ ചട്ടയിലും മുണ്ടിലും ഒന്ന് മിന്നിമറഞ്ഞ് കുഞ്ഞന്നാമ്മ കൈകൊണ്ട് മിണ്ടല്ലേ എന്ന അപേക്ഷയിൽ പതുങ്ങിനിന്നു, ഒരു കുറ്റവാളിയെപ്പോലെ. അവരുടെ പരുങ്ങലും വെപ്രാളവും കണ്ട ഞാൻ ഒന്നുകൂടി അവിടേക്ക് എത്തിച്ചുനോക്കി. ഒരു പഴയ അലുമിനിയം പാത്രത്തിൽ ചക്കക്കുരു പുഴുങ്ങുന്ന കുഞ്ഞന്നാമ്മയെ കണ്ടു. ഇത്തവണ വിളറി മഞ്ഞച്ചു പോയത് ഞാനായിരുന്നു. വിശന്നിട്ടാണ് മോനെ അവര് കണ്ടാൽ വഴക്കു പറയും എന്ന മറുപടിയിൽ ഞാൻ ഉരുകി ഇല്ലാതായിപ്പോയി.

എന്റെ വായിലെ ഉമിനീർ അപ്പാടെ ഇറങ്ങിപ്പോയിരുന്നു അപ്പോഴേക്കും.

പഴുത്തചക്ക പ്ലാവിൻ ചോട്ടിൽ പതിയിരുന്ന് ഒറ്റയ്ക്ക് തിന്നുന്ന കുഞ്ഞന്നാമ്മചിത്രവും ഞാൻ പലപ്പോഴും നേരിൽകണ്ടു. വിശപ്പിന് ഒരിക്കലും അവസാനമില്ലാത്ത ആ

വയർ എരിഞ്ഞുകൊണ്ടിരുന്നു, പിന്നെയും പിന്നെയും. അഞ്ചുമക്കളെ പ്രസവിച്ചു വളർത്തിയ കുഞ്ഞന്നാമ്മ ഉണ്ണാനില്ലാതെ കഴിക്കാനില്ലാതെ ആ നാട്ടിലൂടെ അലഞ്ഞു തിരിഞ്ഞു.

എന്തൊക്കെയോ തിരക്കിൽപ്പെട്ട ഞാൻ കുഞ്ഞന്നാമ്മയെയും അവരുടെ കൂനുള്ള രൂപത്തെയും മറന്നിരുന്നു. അപ്പോഴാണ് ഒരിക്കൽ നാട്ടിൽ നിന്നും വിളിച്ച ഫോൺ കോളിൽ കുഞ്ഞന്നാമ്മ മരിച്ചു എന്നറിഞ്ഞത്.

എപ്പോ എവിടെ എന്ന ചോദ്യത്തിൽ ഞാൻ ഉറഞ്ഞു തരിച്ചുപോയി.



മൂത്ത മകന്റെ വീട്ടിൽ... അമിതമായ വീട്ടുജോലികളിൽ, വേണ്ടത്ര ഭക്ഷണം ഇല്ലാതെ, വിശ്രമം ഇല്ലാതെ കുഞ്ഞന്നാമ്മ...

അലക്കുകല്ലിൽ ഒരു കെട്ടുതുണിയുമായി രാവിലെ തുടങ്ങിയ അലക്കലിൽ വാർദ്ധക്യവും വിശപ്പും തളർത്തിയ അവർ എപ്പോഴോ തളർന്നുവീണുപോയി. അലക്കുകല്ലിലേക്ക് വേണ്ടാതെ എത്തിച്ച് നോക്കിയ മരുമകൾ കണ്ടത് എപ്പോഴോ തണുത്തു മരവിച്ചു പോയ കുഞ്ഞന്നാമ്മയെ ആയിരുന്നു. എന്റെ പൊന്നമ്മച്ചി മിണ്ടാതെ പോയല്ലോ എന്ന് അലമുറയിട്ടു മരുമകൾ. കുഞ്ഞന്നാമ്മ ഈ ലോകം വിട്ടു എന്ന വാർത്ത നാട്ടുകാരും അറിഞ്ഞു.

എന്തായാലും ആ നാട്ടിൽ ഏറ്റവും ആർഭാടമായി നടന്ന നാൽപ്പതാം ദിനചടങ്ങും കുഞ്ഞന്നാമ്മയുടേതായിരുന്നു. ഭക്ഷണം കഴിക്കാതെ വിശന്നുമരിച്ച കുഞ്ഞന്നാമ്മയുടെ മരണസൽക്കാരം നാടുമുഴുവൻ ഒരുമിച്ച് ഉണ്ടുറങ്ങി ആഘോഷിച്ചു.

അതോടെ കുഞ്ഞന്നാമ്മയുടെ വിരുന്നുകൾക്ക് അവസാനമായി.

കവിത

എൻ.എസ്.സുമേഷ്കൃഷ്ണൻ

# അക്ഷര കൈരളി

അക്ഷരങ്ങൾ വെളിച്ചമാകുന്നു
അർഥയുക്തമാം ശബ്ദമാകുന്നു
ചിത്തസംഗീതധാരയാകുന്നു
സ്നിഗ്ധമാം സ്നേഹരാഗമാകുന്നു
കുറ്റിരുട്ടത്തു വെട്ടമാകുന്നു
കെട്ടുപോകാത്ത സത്യമാകുന്നു
കൈരളിക്കുണ്മയേറ്റുന്ന നിത്യ-
ശ്രീകലാന്വിത പുഷ്പമാകുന്നു
അക്ഷരം എന്റെ വാഴ്‌വിന്റെ നെഞ്ചിൽ
അഞ്ചിതൾക്കിനാവായ് വിരിയുന്നു
അക്ഷരം അമ്മ പാടിയ പാട്ടിൻ
ഈണമായെന്നെ തൊട്ടിലാട്ടുന്നു
അക്ഷരത്തിന്റെ ആകാശസീമയിൽ
വട്ടമിട്ടുപറക്കുന്നുവോ ഞാൻ
പൂനിലാവു പോലുള്ളിന്റെയുള്ളിൽ
തൂകിടുന്നിതാ സ്നേഹാക്ഷരങ്ങൾ ▫

**Aksharakairali Monthly**
"Registered" RNI. No. KERMAL/2003/10577

Issue 11-12 Volume 15. Published October 2020
Price ₹15




Edited, printed, published & Owned by Dr. P.S.Sreekala, Director, Kerala State Literacy Mission Authority, Thiruvananthapuram.
Printed at Color Track, Thiruvananthapuram.
Editor : Dr. P.S.Sreekala